സപ്തമഃ പടലഃ

അനന്തരം പ്രതിഷ്ഠിച്ചിരിക്കുന്ന ദേവന്മാരുടെ നിത്യപൂജാപ്രകാരത്തെ 7-ാമത്തെ പടലംകൊണ്ട് പറയുന്നു.

അഥാഖിലേശാർച്ചനമുച്യതേ/ധുനാ
പുമർത്ഥസർവസ്വവിധായി യജ്വനാം
തദീയസംസ്ഥാപനകർമ്മ യത്കൃതേ
സമീരിതം സ്വാഗമസാരസംഗ്രഹാത്. 1

അഥ അധുനാ = അനന്തരം ഇപ്പോൾ, യജ്വനാം പുമർത്ഥസർവസ്വവിധായി = പൂജകന്മാർക്കു ധർമ്മാർത്ഥകാമമോക്ഷങ്ങളെ കൊടുക്കുന്ന സ്വഭാവമായിരിക്കുന്ന അഖിലേശാർച്ചനം = ഏഴു ദേവന്മാരുടേയും പൂജാപ്രകാരം, ഉച്യതേ = പറയപ്പെടുന്നു, നമ്മളാൽ എന്നവരും. യത്കൃതേ തദീയസംസ്ഥാപനകർമ്മ = പൂജാനിമിത്തമായിത്തന്നെ ഏഴു ദേവന്മാരുടെ പ്രതിഷ്ഠാപ്രകാരം സ്വാഗമസാരസംഗ്രഹാത് സമീരിതം = അതതു ആഗമങ്ങളിൽനിന്ന് എടുത്തു ഒന്നായിട്ടു പറയപ്പെട്ടു.

സ്നാത്വാചമ്യ വിധാനതഃ സുരഗൃഹം സമ്പ്രാപ്യ സമ്പൂജ്യ ച
ദ്വാസ്ഥാവന്തരുപേത്യ ദേവമഭിവന്ദ്യാപാസ്യ നിർമ്മാല്യകം
ബിംബാദ്യം മനുവിദ്വിശോധ്യ സലിലൈരാരാധ്യ പുഷ്പൈർലിപി-
ന്യാസാന്തം വിദധീത ദർശിതദിശാസീനഃ സ്വയം ദക്ഷിണേ. 2

മനുവിത് സ്നാത്വാ വിധാനതഃ ആചമ്യ = മന്ത്രസ്നാനമന്ത്രാചമനങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ കുളിച്ചു വിധിക്കു തക്കവണ്ണം മന്ത്രാചമനത്തെച്ചെയ്തു, സുരഗൃഹം സമ്പ്രാപ്യ = ദേവാലയത്തെ പ്രാപിച്ചു, ദ്വാസ്ഥൌ സമ്പൂജ്യ = ദ്വാസ്ഥന്മാരെ പൂജിച്ചു അർഘ്യം വീഴ്ത്തി, അന്തഃ ഉപേത്യ ദേവം അഭിവന്ദ്യ = ഗർഭഗൃഹത്തുങ്കൽ ചെന്നു ദേവനെ അഭിവന്ദിച്ച്, നിർമ്മാല്യകം അപാസ്യ = തലേനാൾ പൂജിച്ച നിർമ്മാല്യപുഷ്പമാല്യാദികളെ എടുത്തു നിർമ്മാല്യധാരിയിങ്കൽ സമർപ്പിച്ച്, സലിലൈഃ ബിംബാദ്യം വിശോധ്യ = വെള്ളംകൊണ്ടു ബിംബപീഠങ്ങളെ അഭിഷേകം

www.shripuram.org
Shripuram Publications
www.shripuram.org

ചെയ്ത്, പുഷ്പൈഃ ആരാധ്യ = പുഷ്പങ്ങളെക്കൊണ്ടു ദേവനെ ആരാധിച്ച്, സ്വയം ദക്ഷിണേ ആസീനഃ = താൻ ദേവന്റെ തെക്കു ഭാഗത്തു പലക മേലിരുന്ന്, ദർശിതദിശാലിപിന്യാസാന്തം വിദധീത = മുമ്പ് അഞ്ചാം പടലത്തിൽ പറഞ്ഞ മാർഗ്ഗേണ ഗുരുവന്ദനം തുടങ്ങി ലിപിന്യാസം കഴി വോളമുള്ള ദേഹശുദ്ധിയെച്ചെയ്‌വൂ.

പ്രത്യക്ചിതിം പരിജപൻ ഹഹഹേതി മൂല-
ചക്രാദുദസ്യ പരമാത്മനി സംവിലാപ്യ
മന്ത്രാത്മനാ പരിണമയ്യ സുധീർഹൃദബ്ജ-
മദ്ധ്യേ സുയോജയതു സാദിമനപ്രജാപീ. 3

സുധീഃ = ബുദ്ധികൌശലയുക്തനായിരിക്കുന്ന ഗുരു, ഹഹഹ ഇതി പരിജപൻ = ഹഹഹ എന്നു ജപിച്ച്, പ്രത്യക്ചിതിം മൂലചക്രാദ് ഉദസ്യ = ജീവചൈതന്യത്തെ മൂലാധാരത്രികോണചക്രത്തുങ്കൽനിന്നു സുഷുമ്നാ നാഡിയിൽ കൂടെ ഉയർത്തി, പരമാത്മനി സംവിലാപ്യ = ദ്വാദശാന്ത പത്മഗതമായ പരമാത്മാവിങ്കൽ യോജിപ്പിച്ചു, മന്ത്രാത്മനാ പരിണമയ്യ = ഒരു മൂലപ്രാണായാമത്തെ ചെയ്തു തത്തന്മന്ത്രരൂപേണ കല്പിച്ച്, സാദി മനപ്രജാപീ ഹൃദബ്ജ മദ്ധ്യേ സുയോജയതു = മൂലപ്രണവങ്ങളെ ജപിച്ച് ആ മന്ത്രചൈതന്യത്തെ ഹൃദയത്തുങ്കൽ യോജി(പ്പി)പ്പൂ.

തസ്യൈശലൈംഗികവിരാണ്മയവിഗ്രഹാത്മ-
ഭാവക്രമാത് പരിണതിം വിദധദ്വിധായ
മൂലേന വായുയമനത്രിതയം തദാധാ-
രാർത്ഥം പ്രവിന്യസതു ചാത്മനി യോഗപീഠം. 4

തസ്യ ഐശലൈംഗികവിരാണ്മയവിഗ്രഹാത്മഭാവക്രമാത് പരി ണതിം വിദധത് = ആ ജീവാത്മാവിനെ പരരൂപത്വേനയും സ്വമൂലരൂപ ത്വേനയും ഉള്ള പരിണാമത്തെ വിചാരിച്ചു, മൂലേന വായുയമനത്രിതയം വിധായ = മൂലംകൊണ്ടു മൂന്നു പ്രാണായാമത്തെച്ചെയ്ത്, തദാധാരാർത്ഥം ആത്മനി യോഗപീഠം പ്രവിന്യസതു = ആ ചൈതന്യസ്ഥിതിക്കായി ക്കൊണ്ടു തങ്കൽ പീഠമന്ത്രങ്ങളേ ന്യസിപ്പൂ.

ന്യസ്യേദ് ഗുരൂന്മൂർദ്ധനി മൂലചക്രേ
ഗണേശ്വരം ചാഹൃദയം തദാദി
ആധാരശക്ത്യാദി ഗണം ക്രമേണ
തഥാ പൃഥിവ്യന്തിമമൂർദ്ധ്വമൂർദ്ധ്വം. 5

മൂർദ്ധനി ഗുരൂൻ = ശിരസ്സുങ്കൽ ഗുരുക്കന്മാരെയും, മൂലചക്രേ ഗ

Shripuram Publications
www.shripuram.org

ണേശ്വരം = മൂലാധാരത്തുങ്കൽ ഗണപതിയേയും, തദാദി ആ ഹൃദയം ഊർദ്ധ്വമൂർദ്ധ്വം ആധാരശക്ത്യാദി ഗണം പൃഥിവ്യന്തിമം ന്യസ്യേത് = മൂലാധാരത്തുങ്കൽ തുടങ്ങി ഹൃദയത്തുങ്കലോളം മുകളിൽ മുകളിൽ ആയിട്ടു ആധാരശക്തി തുടങ്ങി പൃഥിവി കഴിവോളമുള്ള അഞ്ചു മന്ത്രങ്ങളേയും ന്യസിപ്പൂ.

ഊർവംസയുഗ്മോരുഷു നാഭിമൂല-
പാർശ്വാസ്യപാർശ്വേഷു ച ദക്ഷിണാദി
അഷ്ടൌ പ്രവിന്യസ്യതു ധർമ്മപൂർവാൻ
സത്ത്വാദികം വ്യാപിതയേഹ മദ്ധ്യേ. 6

ദക്ഷിണാദി = വലത്തുഭാഗം മുമ്പായി, ഊർവാംസയുഗ്മോരുഷു = വലത്തേത്തുടയിലും വലത്തേത്തോളിലും ഇടത്തേത്തോളിലും ഇടത്തേത്തുടയിലും, നാഭിമൂലപാർശ്വാസ്യപാർശ്വേഷു = നാഭിയിങ്കലും വലത്തുപുറത്തും മുഖത്തുങ്കലും ഇടത്തു പുറത്തും, ധർമ്മപൂർവാൻ അഷ്ടൌ = ധർമ്മാദി നാലിനേയും അധർമ്മാദി നാലിനേയും ഇങ്ങനെ എട്ടു മന്ത്രങ്ങളേയും, ഇഹ മദ്ധ്യേ സത്ത്വാദികം വ്യാപിതയാ പ്രവിന്യസ്യതു = ഹൃദയത്തുങ്കൽ സത്ത്വാദി മൂന്നും ദക്ഷിണോത്തരദീർഘമായിട്ടും മായാവിദ്യകളെ അവിടെ ഊർദ്ധ്വാധോഗതങ്ങളായിട്ടും ന്യസിപ്പൂ.

ഹൃത്പുണ്ഡരീകേ/ർച്ചനവക്ഷ്യമാണ-
ന്യായേന പത്മാദിസമഷ്ടിനിഷ്ഠം
വിന്യസ്യ തസ്മിൻ പരികല്പയേച്ച
മാത്രം ചിദാനന്ദഘനം മഹസ്തത്. 7

ഹൃത്പുണ്ഡരീകേ = അഷ്ടദലാകാരമായിരിക്കുന്ന ഹൃദയപത്മത്തുങ്കൽ, അർച്ചനവക്ഷ്യമാണന്യായേന പത്മാദിസമഷ്ടിനിഷ്ഠം = പത്മായ നമഃ എന്നു തുടങ്ങി സമഷ്ടി കഴിവോളമുള്ള മന്ത്രങ്ങളെ പീഠപൂജയിങ്കൽ മുകളിൽ പറയുന്നതുപോലെ, വിന്യസ്യ = ന്യസിച്ച്, തസ്മിൻ ചിദാനന്ദഘനം മാത്രം മഹഃ പരികല്പയേത് ആ പീഠത്തുങ്കൽ ചൈതന്യമയമായി പൂർണ്ണാനന്ദസ്വരൂപമായിരിക്കുന്ന മൂലമന്ത്രതേജസ്സിനേ കല്പിപ്പൂ എന്നു പറഞ്ഞതിന്റെ താത്പര്യം ഹൃദയത്തുങ്കൽ മൂർത്തികല്പിച്ചു പ്രണവോപചാരമൂലങ്ങളെക്കൊണ്ടു ചൈതന്യത്തെ ആവാഹിച്ച് ആവാഹനാദിമുദ്രകൾ കാട്ടി വ്യാപകാംഗങ്ങളേയും ന്യസിപ്പൂ.

തത്തേജഃ പ്രിയദർശനം വിഭുമഭിധ്യായാർച്ചയിത്വാ ധിയാ
സഞ്ജപ്യാപ്യയവർത്മനാ മന്മമും തേജോമയം ഭാവയേത്

Shripuram Publications
www.shripuram.org

ധാമ്നോഽസ്മാത് പരചിത്സുധാദ്രവമയാത്തേജഃകണം സ്വാഞ്ജലൌ
മന്ത്രീ പിംഗലയാ നിപാത്യ കരയോസ്തദ്ഭാവനാം പ്രാചരേത്. 8

മന്ത്രീ = ആചാര്യൻ, തത് തേജഃ പ്രിയദർശനം വിഭും അഭിധ്യായ = ആ തേജസ്സിനെ മനോഹരരൂപനായിരിക്കുന്ന ദേവനായിട്ടു ധ്യാനിച്ച്, ധിയാ അർച്ചയിത്വാ = മാനസപൂജാമന്ത്രംകൊണ്ടു തന്മുദ്രകളേയും കാട്ടി, അമും മനും അപ്യയവർത്മനാ സഞ്ജപ്യ = ദേവന്റെ മൂലമന്ത്രത്തെ വിപരീതമായിട്ടു ജപിച്ച്, തേജോമയം ഭാവയേത് = തേജോമയമായി ധ്യാനിപ്പൂ, അവിടെ വിഷ്ണുവിങ്കലും ശിവങ്കലും അക്ഷരംതന്നെ വിപരീതം, യണായരാനാമോന ഓം യവാശ്ശിമനഃ ഓം ഇങ്ങനെ, ശേഷം ദുർഗാദികൾക്കും പദം വിപരിതമാക്കി ജപിപ്പൂ. നമോ ദുർഗായൈ ദും ഹ്രീം ഓം ഇങ്ങനെ എല്ലാടവും ജപിച്ചാൽ, പരചിത്സുധാദ്രവമയാത് അസ്മാത് ധാമ്നഃ = പരചൈതന്യാമൃതരൂപമായിരിക്കുന്ന ഇത്തേജസ്സങ്കൽനിന്നു മൂലപ്രാണായാമം ചെയ്ത്, തേജഃ കണം പിംഗലയാ സ്വാഞ്ജലൌ നിപാത്യ = തേജസ്സിന്റെ അംശകത്തെ ശ്വാസരൂപേണ പിംഗലയിലൂടെ തന്റെ കൈയിൽ പതിപ്പിച്ച്, കരയോഃ തദ്ഭാവാനം പ്രാചരേത് = കൈകളിൽ മൂലമന്ത്രത്തെ ന്യസിപ്പൂ.

വ്യാപയ്യ താരപുടിതേന മനൂത്തമേന
ദോഷ്ണോഃ ക്രമേണ തലപൃഷ്ഠകപാർശ്വകേഷു
താരാഭിരുദ്ധമനുവർണഗണം സഹാർദ്ദം
ന്യസ്യേത് സ്വകല്പകഥിതക്രമതോഽംഗുലീഷു. 9

ദോഷ്ണോഃ തലപൃഷ്ഠകപാർശ്വകേഷു ക്രമേണ = കൈകൾ രണ്ടിലും അകത്തും പുറത്തും ചുറ്റും ക്രമേണ, താരപുടിതേന മനൂത്തമേന വ്യാപയ്യ = പ്രണവപുടിതമായിരിക്കുന്ന അവരവരുടെ മൂലമന്ത്രംകൊണ്ടു വ്യാപകത്തെച്ചെയ്ത്, അംഗുലീഷു താരാഭിരുദ്ധമനുവർണഗണം സഹാർദ്ദം സ്വകല്പകഥിതക്രമതഃ ന്യസ്യേത് = വിരലുകളിൽ പ്രണവപുടിതമായി നമോന്തമായിരിക്കുന്ന മൂലാക്ഷരങ്ങളെ തനിക്കു തനിക്കു പറയുന്നതുപോലെ ന്യസിപ്പൂ. അവിടെ വിഷ്ണുവിങ്കൽ ഓം ഓം ഓന്നമഃ, ഓം നം ഓം നമഃ, ഓം മോം ഓന്നമഃ, ഓം നം ഓന്നമഃ, ഓം രാം ഓന്നമഃ, ഓം യം ഓന്നമഃ, ഓം ണാം ഓന്നമഃ, ഓം യം ഓന്നമഃ ഇങ്ങനെ വരും. ഇപ്രകാരം എല്ലാ ദേവന്മാരിലും മൂലാക്ഷരങ്ങളെ ന്യസിക്കേണ്ടു.

സൃഷ്ടിർദക്ഷിണതർജനീപ്രഭൃതിവാമൈതദ്വിരാമാ സ്ഥിതി-
സ്തർജന്യാദികനിഷ്ഠികാദ്വിതയനിഷ്ഠാഷ്ടാക്ഷരേ സംഹൃതിഃ
സൃഷ്ടിന്യാസവിപര്യയാ ത്രയമിദം സൃഷ്ടിസ്ഥിതിഭ്യാം യുതം

www.shripuram.org
Shripuram Publications
www.shripuram.org

ന്യസ്യേത്സൃഷ്ടിവദഷ്ട പഞ്ചയുഗപജ്ജ്യേഷ്ഠാദ്യമംഗാനിച. 10

അഷ്ടാക്ഷരേ = എട്ട് അക്ഷരം മൂലമായ വിഷ്ണുദുർഗാഹരീശശാസ്താക്കന്മാരിൽ, ദക്ഷിണതർജനീപ്രഭൃതിവാമൈതദ്വിരാമാ സൃഷ്ടിഃ = വലത്തേ കൈയുടെ തർജനിയിങ്കൽ തുടങ്ങി കനിഷ്ഠികാന്തവും, എടത്തേ കൈയുടെ കനിഷ്ഠികാദിതർജന്യന്തവും സൃഷ്ടിയായിട്ടും, തർജന്യാദികനിഷ്ഠികാദ്വിതയനിഷ്ഠാ സ്ഥിതിഃ = വലത്തേ കൈയുടെ തർജന്യാദികനിഷ്ഠികാന്തവും അപ്രകാരം ഇടത്തേ കൈയിന്മേലും സ്ഥിതിയായിട്ടും, സൃഷ്ടിന്യാസവിപര്യയാ സംഹൃതിഃ = സൃഷ്ടിയുടെ വിപരീതം ഇടത്തേ കൈയുടെ തർജ്ജനിയിങ്കൽ തുടങ്ങി വലത്തേ കൈയുടെ തർജനി അവസാനമായിട്ട സംഹാരമായിട്ടും, ഇദം ത്രയം സൃഷ്ടിസ്ഥിതിഭ്യാം യുതം ന്യസ്യേത് = ഈ മൂന്ന പ്രകാരത്തേയും പിന്നെ ഒരിക്കൽ സൃഷ്ടിസ്ഥിതികളോടും കൂടി അഞ്ചു പ്രാവശ്യം മൂലാക്ഷരങ്ങളെ ന്യസിപ്പൂ. സൃഷ്ടിവത് അഷ്ട അംഗാനി = സൃഷ്ടിന്യാസക്രമേണ തർജന്യാദിതദന്തമായി അഷ്ടാംഗങ്ങളേയും, ജ്യേഷ്ഠാദ്യം യുഗപത് പഞ്ച അംഗാനി ച = രണ്ടു കൈയിലും അംഗുഷ്ഠാദി അഞ്ചിലും ഒരുമിച്ച പഞ്ചാംഗങ്ങളേയും ന്യസിപ്പൂ.

പഞ്ചാർണ്ണേ യുഗപച്ഛിവേ പുരുഷഘോരൌ സദ്യവാമേശകാം-
സ്തർജ്ജാമദ്ധ്യമയോർന്യസേത് സഹകനിഷ്ഠാനാമികാംഗുഷ്ഠയോഃ
മന്ത്രാർണാനിഷുജേ/ഗ്രജാദിതലനിഷ്ഠം സാര്യവിഘ്നേ ഗുഹേ
ഷണ്മന്ത്രാനപി വേതി സുംഭജിതി ദുർഗാപഞ്ചകം ചാതലം. 11

ശിവേ പഞ്ചാർണേ = ശിവങ്കൽ പഞ്ചാക്ഷരത്തുങ്കൽ, തർജ്ജാമദ്ധ്യമയോഃ സഹകനിഷ്ഠാനാമികാംഗുഷ്ഠയോഃ പുരുഷഘോരൌ സദ്യവാമേശകാൻ യുഗപത് ന്യസേത് = തർജനികളിൽ മം തത് പുരുഷതർജനീഭ്യാം നമഃ. മദ്ധ്യമകളിൽ ശിം അഘോരമദ്ധ്യമാഭ്യാം നമഃ. കനിഷ്ഠികകളിൽ യം സദ്യോജാതകനിഷ്ഠികാഭ്യാം നമഃ. അനാമികകളിൽ വാം വാമദേവാനാമികാഭ്യാം നമഃ അംഗുഷ്ഠങ്ങളിൽ നം ഈശാനാംഗുഷ്ഠാഭ്യാം നമഃ ഇങ്ങനെ അഞ്ചു വിരലുകളിലും രണ്ടിലും ഒരുമിച്ച ന്യസിപ്പൂ. ഇഷുജേ മന്ത്രാർണ്ണാൻ = സുബ്രഹ്മണ്യങ്കൽ പ്രണവപുടിതങ്ങളായി നമോന്തങ്ങളായിരിക്കുന്ന അക്ഷരങ്ങളെ, അഗ്രജാദിതലനിഷ്ഠം = പെരുവിരലുകളിൽ തുടങ്ങി ചെറുവിരലുകൾ കഴിവോളം അഞ്ചിലും കൈകളുടെ അകത്തുമായിട്ട ആറു സ്ഥാനത്തു ന്യസിപ്പൂ. സാര്യവിഘ്നേ ഗുഹേ ഷണ്മന്ത്രാൻ അപി = പിന്നെ ശാസ്താവിങ്കലും ഗണപതിയിങ്കലും സുബ്രഹ്മണ്യങ്കലും തങ്ങളുടെ ഷണ്മന്ത്രങ്ങളേയും അംഗുഷ്ഠാദിതലാന്തമായി ന്യസിപ്പൂ. സുംഭജിതി ഇതി അതലം ദുർഗ്ഗാപഞ്ചകം ച = ദുർഗ്ഗയിങ്കലും ഇപ്രകാരം അംഗുഷ്ഠാദി അഞ്ചിലും സേം ദുർഗ്ഗാദി പഞ്ചദുർഗ്ഗാമന്ത്രങ്ങളെ

www.shripuram.org
Shripuram Publications
www.shripuram.org

ന്യസിപ്പൂ, തലത്തുങ്കൽ ഇല്ല.

**അംഗുഷ്ഠാദിതലാന്തം ന്യസതു ഷഡംഗാനി ദോർയുഗേ യുഗപത്
ദോർഭാവനേത്യഭാഷി പ്രായഃ സർവത്ര മൂലമന്ത്രവിധൌ. 12**

ദോർയുഗേ അംഗുഷ്ഠാദിതലാന്തം യുഗപത് ഷഡംഗാനി ന്യസതു = രണ്ടു കൈകളിലും ഒരുമിച്ച് അംഗുഷ്ഠാദിവിരലുകളിലും അകത്തുമാറി ആറു സ്ഥാനങ്ങളിൽ ഷഡംഗമന്ത്രങ്ങളെ ഒരുമിച്ച് ന്യസിപ്പൂ. സർവത്ര മൂലമന്ത്രവിധൌ പ്രായഃ ഭോർഭാവനാ ഇതി അഭാഷി = എല്ലാ ദേവന്മാരിലും മൂലമന്ത്രങ്ങളുടെ കരന്യാസപ്രകാരം മിക്കവാറും ഈവണ്ണം പറയപ്പെട്ടു. മിക്കവാറും എന്നതുകൊണ്ട് ഇനിയും ആഗമങ്ങളിൽ പ്രകാരാന്തരമുണ്ടെന്ന താത്പര്യം.

**ആഭ്യാം കരാഭ്യാം നിജമൂലതസ്ത്രിർവ്യാപയ്യ ദേഹേ സകളീകരോതു
ഷഡധ്വഭിർവ്വാ ലിപിതത്ത്വമന്ത്രൈഃ സ്വമന്ത്രവിന്യാസമിഹ ബ്രവീമി. 13**

ആഭ്യാം കരാഭ്യാം ദേഹേ നിജമൂലതഃ ത്രിഃ വ്യാപയ്യ = ഈ മന്ത്രമയമാക്കിയിരിക്കുന്ന കൈകൾ രണ്ടുകൊണ്ടും കൂടി ദേഹത്തുങ്കൽ കേശാദിപാദചരമം തങ്ങളുടെ മൂലമന്ത്രംകൊണ്ടു മൂന്നു വ്യാപകങ്ങളെച്ചെയ്തു, ഷഡധ്വഭിഃ വാ ലിപിതത്ത്വമന്ത്രൈഃ വാ സകളീകരോതു = കലാ, തത്ത്വം, ഭുവനം, വർണം, പദം, മന്ത്രം ഇങ്ങനെ മുമ്പിൽ പറഞ്ഞ ഷഡധ്വന്യാസങ്ങളെക്കൊണ്ട് എങ്കിലും മൂലപുടിതലിപിന്യാസം സകലതത്ത്വന്യാസം ഈ രണ്ടുകൊണ്ട് എങ്കിലും ഹൃദയഗതചൈതന്യത്തെ സകളമാക്കിച്ചെയ്വൂ. ഇഹ സ്വമന്ത്രവിന്യാസം ബ്രവീമി = ഞാൻ തങ്ങളുടെ മൂല മന്ത്രന്യാസത്തെ പറയുന്നു.

**ശ്രീശശ്രീശശിവാര്യകേഷു മനുവിത് കാക്ഷ്യാസ്യഹൃന്നാഭിഷു
ന്യസ്യേത് സധ്വജജാനുപത്സു മനുവർണ്ണാംസ്താരരുദ്ധാൻ ക്രമാത്
നത്യന്താനിതി സൃഷ്ടിരത്ര ഹൃദയാന്താ നാഭിപൂർവാ സ്ഥിതിഃ
സംഹാരശ്ചരണാദികസ്ത്രയമിദം ന്യസ്യേത്സസൃഷ്ടിസ്ഥിതി. 14**

മനുവിത് = മന്ത്രന്യാസക്രമത്തെ അറിഞ്ഞിരിക്കുന്ന ഗുരു, ശ്രീശശ്രീശശിവാര്യകേഷു = വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും ശാസ്താവിങ്കലും കാക്ഷ്യാസ്യഹൃന്നാഭിഷു സധ്വജജാനുപത്സു = ശിരസ്സിലും നേത്രങ്ങളിലും വായിങ്കലും ഹൃദയത്തുങ്കലും നാഭിയിങ്കലും ലിംഗത്തുങ്കലും മുട്ടുകളിലും പാദാഗ്രദ്വയത്തുങ്കലും ഈ എട്ടു സ്ഥാനങ്ങളിലും, താരരുദ്ധാൻ നത്യന്താൻ മനുവർണ്ണാൻ ന്യസേത് = പ്രണവപുടിതങ്ങളായി നമോന്തങ്ങളായിരിക്കുന്ന മൂലമന്ത്രത്തിന്റെ അക്ഷരങ്ങളെ ന്യസിപ്പൂ. ഇ

www.shripuram.org
Shripuram Publications
www.shripuram.org

തി സൃഷ്ടിഃ = ഇങ്ങനെ സൃഷ്ടിന്യാസം, അത്ര ഹൃദയാന്താ നാഭിപൂർവാ സ്ഥിതിഃ = ഇവിടെ നാഭിയിങ്കൽ തുടങ്ങി കീഴ്പ്പോട്ടു നാലും, ശിരസ്സിങ്കൽ തുടങ്ങി ഹൃദയാവസാനം നാലും ഇങ്ങനെ സ്ഥിതിന്യാസം. ചരണാദികഃ സംഹാരഃ = പാദാഗ്രത്തുങ്കൽ തുടങ്ങി മേല്പ്പോട്ടു ശിരസ്സ് അവസാനമായിട്ടു സംഹാരന്യാസം. ഇദം ത്രയം സസൃഷ്ടിസ്ഥിതി ന്യസ്യേത് = ഈ മൂന്നും ന്യസിച്ചാൽ പിന്നെയും സൃഷ്ടിയായിട്ടും സ്ഥിതിയായിട്ടും ഒരിക്കൽ കൂടെ ന്യസിപ്പൂ.

യോജ്യാ മൂർദ്ധനി മദ്ധ്യമാ നയനയുഗ്മേ തർജനീമദ്ധ്യമേ
സാംഗുഷ്ഠോപകനിഷ്ഠികാ വചസി ഹൃദ്യംഗുഷ്ഠയുക്തർജനീ
നാഭൌ സാവരജാഗ്രജാ പ്രഥമജാന്യാ വാ ശിവേ ജാനനോ-
ർവ്യഗ്ര്യാ വാ വ്യനജാസ്തു വാ പദയുഗേഽംഗുല്യഃ സമസ്താഃ സദാ. 15

മൂർദ്ധനി മദ്ധ്യമാ യോജ്യാ = ശിരസ്സുങ്കൽ നടുവിലത്തെ വിരൽകൊണ്ടും, നയനയുഗ്മേ തർജനീമദ്ധ്യമേ = രണ്ടു കണ്ണുള്ളേടത്തു കണ്ണുകളിൽ മദ്ധ്യമയും തർജനിയും കൊണ്ടും, മൂന്നു കണ്ണെങ്കിലനാമികയും കൂടി മൂന്നു വിരൽകൊണ്ടും, വചസി = വാക്കുങ്കൽ, സാംഗുഷ്ഠോപകനിഷ്ഠികാ = പെരുവിരലും മോതിരവിരലും കൂടിയും, ഹൃദി അംഗുഷ്ഠയുക്തർജ്ജനീ = ഹൃദയത്തുങ്കൽ പെരുവിരലും തർജ്ജനിയും കൂടീട്ടും, നാഭൌ സാവരജാഗ്രജാ = നാഭിയിങ്കൽ ചെറുവിരലും പെരുവിരലും കൂടീട്ടും, ശിവേ പ്രഥമജാ വാ അന്യാ വാ = ലിംഗത്തുങ്കൽ പെരുവിരല് ആയിട്ടെങ്കിലും ചെറുവിരല് തന്നെയായിട്ടുമാം. ജാനനോഃ വ്യഗ്ര്യാഃ വാ വ്യനജാഃ വാ പെരുവിരൽ കൂടാതെയെങ്കിലും ചെറുവിരൽ കൂടാതെയെങ്കിലും ലിംഗത്തുങ്കൽ തൊട്ട് വിരൽകൂടാതെ നാലു വിരൽ കൂടീട്ടും, പദയുഗേ സദാ സമസ്താഃ അംഗുല്യഃ = പാദാഗ്രത്തുങ്കൽ രണ്ടു പക്ഷത്തിൽ വിരലുകളെല്ലാം കൂടീട്ടും മൂലാക്ഷരങ്ങളെ ന്യസിപ്പൂ.

മൂർദ്ധേക്ഷണാസ്യേ ഹൃദി നാഭിഗുഹ്യപാദേഷു സുംഭദ്വിഷി മന്ത്രവർണ്ണാൻ
നിർബീജകേ സപ്ത സബീജകേഽഷ്ടൌ മന്ത്രേ ന്യസേജ്ജാനയുതേഷു തേഷു. 16

സുംഭദ്വിഷി = ദുർഗ്ഗയിങ്കൽ, നിർബീജകേ സപ്തവർണ്ണേ = ദും എന്ന കൂടാതെയുള്ള സപ്താക്ഷരമൂലത്തുങ്കൽ, മൂർദ്ധേക്ഷണാസ്യേ = ശിരസ്സിങ്കലും കണ്ണുകളിലും വാക്കുങ്കലും, ഹൃദി = ഹൃദത്തുങ്കലും, നാഭിഗുഹ്യപാദേഷു = നാഭിയിങ്കലും ഗുഹ്യപ്രദേശത്തും പാദാഗ്രത്തുങ്കലും, മന്ത്രവർണ്ണാൻ ന്യസേത് = മന്ത്രാക്ഷരങ്ങളെ ന്യസിപ്പൂ. അഷ്ടൌ മന്ത്രേ ജാനയു

www.shripuram.org
Shripuram Publications
www.shripuram.org

തേഷു തേഷു = അഷ്ടാക്ഷരത്തുങ്കൽ മുട്ടുകളിൽ കൂടി ഈ സ്ഥാനങ്ങളിൽ തന്നെ ന്യസിപ്പൂ.

ആസ്യേ ഹൃദംഘ്രിദ്ധ്വജമൂർദ്ധസു പ്രാഗ്യാമ്യാപ്യസൌമ്യോർ ദ്ധ്വമുഖേഷ്വപീശേ
ന്യസ്യേത് ഷഡർണേ നരഘോരസദ്യവാമേശകാൻ സ്വാ ക്ഷരതത്പദാഢ്യാൻ. 17

ഈശേ ഷഡർണ്ണേ = ശിവങ്കൽ ഷഡക്ഷരത്തുങ്കൽ, ആസ്യേ ഹൃദംഘ്രിധ്വജമൂർദ്ധസു = വായിങ്കലും ഹൃദയത്തുങ്കലും പാദാഗ്രത്തുങ്കലും ലിംഗസ്ഥാനത്തും ശിരസ്സിലും ഈ അഞ്ചുസ്ഥാനങ്ങളിലും, പ്രാഗ്യാമ്യാപ്യസൌമ്യോർദ്ധ്വമുഖേഷു അപി = കിഴക്കും തെക്കും പടിഞ്ഞാറും വടക്കും മുകളിലും ഈ അഞ്ചു ദിക്കുകളിലും മുഖങ്ങളിലും, നരഘോരസദ്യവാമേശകാൻ സ്വാക്ഷരതത്പദാഢ്യാൻ = തത്പുരുഷനേയും അഘോരനേയും സദ്യോജാതനേയും വാമദേവനേയും ഈശാനനേയും സബീജങ്ങളോടും തത്സ്ഥാനനാമങ്ങളോടുംകൂടി ന്യസ്യേത് ന്യസിപ്പൂ. അപ്പോൾ മം തത്പുരുഷവക്ത്രായ നമഃ, ശിം അഘോരഹൃദയായ നമഃ, യം സദ്യോജാതപാദാഭ്യാം നമഃ, വാം വാമദേവഗുഹ്യായ നമഃ, നം ഈശാന മൂർദ്ധ്നേ നമഃ = ഇങ്ങനെ അഞ്ചും, മം തത്പുരുഷപൂർവവക്ത്രായ നമഃ, ശിം അഘോരദക്ഷിണവക്ത്രായ നമഃ, യം സദ്യോജാതപശ്ചിമവക്ത്രായ നമഃ, വാം വാമദേവോത്തരവക്ത്രായ നമഃ, നം ഈശാനോർദ്ധ്വവക്ത്രായ നമഃ ഇങ്ങനെ മന്ത്രങ്ങൾ.

ഈശാനാദിഷു യോജ്യാ ജ്യേഷ്ഠാദ്യാഃ കേവലാഃ സ്വരംഗുലയഃ
ജ്യേഷ്ഠോപഗൃഹീതാ വാ സോപഗ്രാഹ്യാ തു തർജ്ജന്യാ. 18

ഈശാനാദിഷു = ഈശാനാദി മന്ത്രങ്ങളിൽ, ജ്യേഷ്ഠാദ്യാഃ കേവലാഃ അംഗുലയഃ യോജ്യാഃ = പെരുവിരലു തുടങ്ങിയ ഓരോ വിരലുകളിൽ തന്നെ കൂടീട്ടും, ജ്യേഷ്ഠോപഗൃഹീതാ വാ = പെരുവിരലിൽ തർജന്യാദി ഓരോന്നു കൂടീട്ടും ന്യസിക്കാം. സാ തു തർജന്യാ ഉപഗ്രാഹ്യാ = അപ്പോൾ പെരുവിരലിൽ തർജ്ജനി കൂട്ടിക്കൊള്ളണം.

ഈശാംഗുഷ്ഠാദിക്ലൃപ്ത്യാ കരയുജി വപുഷീശാനമൂർധാദിക്ലൃപ്ത്യാ ന്യസ്യേദ്വാ പഞ്ചമൂർത്തീഃ സ്മരജിതി മഹിഷാരൌ തഥാ പഞ്ചദുർഗ്ഗാഃ
കാസ്യേ ഹൃദ്ഗുഹ്യജാന്വംഘ്രിഷുച മന്ദലിപീഃ ഷൺമുഖേ ഷണ്മന്തൻ സ-

Shripuram Publications
www.shripuram.org

ദ്വൈപാസ്യേƒസ്മിന്നഥാര്യേ ന്യസതു വിഗതജാനഷ്വമൂന്നാഭി മത്സു. 19

സ്മരജിതി = ശിവങ്കൽ, കരയുജി ഈശാംഗുഷ്ഠാദിക്ലൃപ്ത്യാ = കരന്യാസത്തുങ്കൽ കൈരണ്ടിലും നം ഈശാനാംഗുഷ്ഠാഭ്യാം നമഃ എന്നു തുടങ്ങി ക്രമേണ അഞ്ചിനേയും ന്യസിക്കാം. വപുഷി ഈശാനമൂർദ്ധാദിക്ലൃപ്ത്യാ വാ = ശരീരത്തുങ്കലും നം ഈശാനമൂർദ്ധ്നേ നമഃ എന്നു തുടങ്ങി, പഞ്ചമൂർത്തീഃ ന്യസ്യേത് = പഞ്ചമൂർത്തികളെ ന്യസിക്കിലും ആം. മഹിഷാരൌ തഥാ പഞ്ചദുർഗ്ഗാഃ = ദുർഗ്ഗയിങ്കലപ്രകാരം. കാസ്യഹൃദ്ഗുഹ്യപാദങ്ങളിൽ സേം ദുർഗ്ഗായൈ നമഃ ഇത്യാദി പഞ്ചദുർഗ്ഗാമന്ത്രങ്ങളെ ന്യസിപ്പൂ. ഷൺമുഖേ കാസ്യേ ഹൃദ്ഗുഹ്യജാന്വംഘ്രിഷു = സുബ്രഹ്മണ്യങ്കൽ ശിരസ്സങ്കലും വാക്കിങ്കലും ഹൃദയത്തുങ്കലും ഗുഹ്യപ്രദേശത്തും മുട്ടുകളിലും പാദാഗ്രത്തുങ്കലും, മനലിപീഃ = പ്രണവപുടിതമായി നമോന്തമായി മൂലാക്ഷരങ്ങളെ ന്യസിപ്പൂ. സദ്വൈപാസ്യേ അസ്മിൻ ഷണ്മന്ത്രൻ ച = ഗണപതിയിങ്കലും സുബ്രഹ്മണ്യങ്കലും തന്റെ ഷണ്മന്ത്രങ്ങളെ ഈ മൂലാക്ഷരത്തിന്റെ സ്ഥാനങ്ങളിലും, ആര്യേ വിഗതജാനഷു നാഭിമത്സു ഷണ്മന്ത്രൻ അമൂൻ ന്യസതു = ശാസ്താവിങ്കൽ മുട്ടുകൽ കൂടാതെയും നാഭിയിങ്കൽ കൂടീട്ടും ഉള്ള ശിരോവദനഹൃദയനാഭി ഗുഹ്യപാദാഗ്രങ്ങളിൽ തന്റെ ഷൺമന്ത്രങ്ങളെ ന്യസിപ്പൂ.

പിന്നെ വിഷ്ണുവിങ്കൽ മൂലാക്ഷരങ്ങളെ പത്താവൃത്തിയായിട്ടു ന്യസിപ്പാൻ പറയുന്നു.

ആധാരഹൃദ്വദനദോഃപദമൂലനാഭൌ കണ്ഠേ സനാഭിഹൃദയ സ്തനപാർശ്വപൃഷ്ഠേ
കാസ്യേക്ഷണശ്രുവണഗന്ധവഹേ ച ദോഃപത്സന്ധ്യംഗുലീഷു ഹൃദി ധാതുഷു സാനിലേഷു. 20

മൂർധേക്ഷണാസ്യഹൃദയോദരസോരുജംഘാപാദദ്വയേഷു ലിപിശോ ന്യസതു ക്രമേണ
ഗണ്ഡാംസകോരുചരണേഷു രഥാംഗശംഖശ്രീമദ്ഗദാംബുജപദേഷു സമാഹിതാത്മാ. 21

സമാഹിതാത്മാ ഗുരുഃ = സാവധാനമനസ്സായിരിക്കുന്ന ആചാര്യൻ, ആധാരഹൃദ്വദനദോപദമൂലനാഭൌ = മൂലാധാരത്തുങ്കലും ഹൃദയത്തുങ്കലും മുഖത്തുങ്കലും കൈകൾ രണ്ടിന്റെ ചുവട്ടിലും നാഭിയിങ്കലും ഇങ്ങനെ എട്ടു സ്ഥാനത്തു പ്രഥമാവൃത്തിയേയും, കണ്ഠേ സനാഭിഹൃദയസ്തനപാർശ്വപൃ

www.shripuram.org
Shripuram Publications
www.shripuram.org

ഷ്വേ = കഴുത്തിലും നാഭിയിങ്കലും ഹൃദയത്തുങ്കലും മുലകൾ രണ്ടിലും പാർശ്വഭാഗം രണ്ടിലും പിറകിലും ഇങ്ങനെ ദ്വിതീയാവൃത്തിയും, കാസ്യേക്ഷണശ്രുവണ ഗന്ധവഹേ ച = ശിരസ്സങ്കലും വാക്കങ്കലും കണ്ണു രണ്ടിലും ചെവി രണ്ടിലും മൂക്കു രണ്ടിലും ഇങ്ങനെ മൂന്നാമത്തെ ആവൃത്തിയേയും ദോഃപത്സന്ധ്യംഗുലീഷു = വലത്തേ കൈയിന്റെ സന്ധികൾ മൂന്നിലും വിരലുകൾ അഞ്ചിലും ഇങ്ങനെ നാലാമത്തെ ആവൃത്തി. ഇതിൻവണ്ണം ഇടത്തേ കൈയിന്മേൽ എട്ടു ദിക്കിൽ അഞ്ചാമത്തെ ആവൃത്തിയേയും, ഇങ്ങനെ വലത്തുകാലിന്മേൽ ആറാമത്തെ ആവൃത്തിയേയും, ഇടത്തുകാലിന്മേൽ ഇങ്ങനെ ഏഴാമാവൃത്തിയേയും, ഹൃദി ധാതുഷു സാനിലേഷു = ഹൃദയത്തുങ്കൾ (ലും?) സപ്ത ധാതുക്കളിലും പ്രാണങ്കലും കൂട്ടി (എട്ടാമാവൃത്തിം?) എട്ടാമാവൃത്തിക്കു മന്ത്രങ്ങൾ വിശേഷം. ഓം ത്വഗാത്മനേ നമഃ, നം അസൃഗാത്മനേ നമഃ, മോം മാംസാത്മനേ നമഃ, നാം മേദ ആത്മനേ നമഃ, രാം മജ്ജാത്മനേ നമഃ, യം അസ്ഥ്യാത്മനേ നമഃ, ണാം ശുക്ലാത്മനേ നമഃ, യം പ്രാണാത്മനേ നമഃ ഇങ്ങനെ എട്ടാമാവൃത്തിയേയും, മൂർദ്ധേക്ഷണാസ്യഹൃദയോ ദരസോരുജംഘാപദദ്വയേഷു = ശിരസ്സങ്കലും കണ്ണുകളിലും വാക്കങ്കലും ഹൃദയത്തിലും വയറ്റിലും തുടകളിലും ജംഘകളിലും പാദാഗ്രങ്ങളിലും ഇങ്ങനെ ഒമ്പതാമാവൃത്തിയേയും, ഗണ്ഡാംസകോരുചരണേഷു രഥാംഗശംഖശ്രീമദ്ഗദാംബുജപദേഷു ന്യസതു കവിൾത്തടങ്ങളിലും തോളുകളിലും തുടകളിലും പാദാഗ്രത്തുങ്കലുമായി നാല് അക്ഷരങ്ങൾ ന്യസിച്ചാൽ, ചക്രശംഖഗദാപത്മങ്ങളിൽ രാം ചക്രായ നമഃ, യം ശംഖായ നമഃ ണാം ഗദായൈ നമഃ, യം പത്മായ നമഃ ഇങ്ങനെ തത്തന്മുദ്രകളെ കാട്ടി ന്യസിപ്പൂ. ലിപിശഃ എന്നു പറഞ്ഞതു മൂലാക്ഷരങ്ങൾ.

ന്യസ്യാഷ്ടാർണദശാംഗമിത്യളികകുക്ഷ്യോർഹൃദ്ഗളേ/ർക്കാക്ഷരൈ-
ർന്യസ്യേദ്ദക്ഷിണപാർശ്വകാംസഗളവാമൈതത്ത്രയീപൃഷ്ഠകേ
മൂർത്തീഃ കേശവപൂർവികാഃ കകുദി ചാർക്കാർണം ച കേ വിന്യസേ-
ത്തദ്ഭാവപ്രതിപത്തയേ പരിജപേന്മന്ത്രം കിരീടാത്മകം. 22

ഇതി അഷ്ടാർണ്ണദശാംഗം ന്യസ്യ = ഇപ്രകാരം അഷ്ടാക്ഷരത്തെ പത്തു പ്രകാരം ന്യസിച്ചാൽ, അളികകുക്ഷ്യോഃ = നെറ്റിയിങ്കലും വയറ്റിലും, ഹൃദ്ഗളേ = ഹൃദയത്തുങ്കലും കഴുത്തിലും, ദക്ഷിണപാർശ്വകാംസഗളവാമൈതത്ത്രയീപൃഷ്ഠകേ = വലതു പാർശ്വത്തുങ്കലും തോളിലും കഴുത്തിലും പിറകിലും, കകുദി ച = കഴുത്തിന്റെ പിറകിലും അർക്കാക്ഷരൈഃ സഹ കേശവപൂർവികാഃ മൂർത്തീഃ = ദ്വാദശാക്ഷരത്തിന്റെ ഓരോ അക്ഷരങ്ങളോടുകൂടീട്ടു കേശവായ നമഃ എന്നു തുടങ്ങി ദാമോദരായ നമഃ എ

Shripuram Publications
www.shripuram.org

ന്ന ഒടുക്കമായിട്ടു ചക്രാബ്ജപൂജയിങ്കൽ പറഞ്ഞ പന്ത്രണ്ടു മൂർത്തിമന്ത്രങ്ങളേയും, കേ അർക്കാർണം ച = ശിരസ്സിങ്കൽ ദ്വാദശാക്ഷരമന്ത്രത്തേയും വിന്യസേത് = ന്യസിപ്പൂ. തദ്ഭാവപ്രതിപത്തയേ കിരീടാത്മകം മന്ത്രം പരിജപേത്. വിഷ്ണുവിന്റെ ധ്യാനസ്ഥിതിക്കായിക്കൊണ്ടു പന്ത്രണ്ടാം പടലത്തിൽ പറയുന്ന കിരീടമന്ത്രത്തെ മൂന്ന പ്രാവശ്യം ജപിപ്പൂ.

ശിവങ്കൽ ഗോളകാന്യാസത്തെ പറയുന്നു.

ആത്മാസ്യാംസോരുയുഗ്മേ ഷഡധ സഗളനാഭിദ്വിപാർശ്വാഖ്യപൃഷ്ഠാ-ത്മോദ്ദേശേ കാസ്യദൃങ്നോയുജി കരപദസന്ധ്യഗ്രകേഷു സ്മരാരൌ ന്യസ്യേത് കാസ്യാത്മകക്ഷ്യൂരുപദസരസിജേ ഹൃത പ്രദേശാസ്യടങ്കൈ-ണാഭീതീഷ്ടേ മുഖാംസാത്മപദസരസിജോരൂദരേ മന്ത്രവർണാൻ. 23

സ്മരാരൌ = ശിവങ്കൽ, ഷണ്മന്ത്രവർണാൻ = ആറു മൂലാക്ഷരങ്ങളെ, ആത്മാസ്യാംസോരുയുഗ്മേ = ഹൃദയത്തുങ്കലും വാക്കങ്കലും തോളു രണ്ടിലും തുടകൾ രണ്ടിലും ഇങ്ങനെ പ്രഥമാവൃത്തി, സഗളനാഭിദ്വിപാർശ്വാഖ്യപൃഷ്ഠാത്മോദ്ദേശേ = കഴുത്തിലും നാഭിയിങ്കലും പാർശ്വങ്ങൾ രണ്ടിലും പിറകിലും ഹൃദയത്തുങ്കലും ഇങ്ങനെ ദ്വിതീയാവൃത്തി. കാസ്യദൃങ്നോയുജി = ശിരസ്സിലും വാക്കങ്കലും കണ്ണുകൾ രണ്ടിലും മൂക്കുകൾ രണ്ടിലും ഇങ്ങനെ തൃതീയാവൃത്തി. കരപദസന്ധ്യഗ്രകേഷു = കൈകൾ രണ്ടിന്റേയും കാലുകൾ രണ്ടിലും മടക്കുകൾ മൂന്നും വിരലിന്റെ ചുവട്ടിലും നടുവിലും അഗ്രത്തുങ്കലുമായി ആറാറു സ്ഥാനങ്ങളിൽ ഇങ്ങനെ നാലാവൃത്തികൾ. അപ്പോൾ ഏഴാവൃത്തി കഴിയും. കാസ്യാത്മ കക്ഷ്യൂരുപദസരസിജേ = ശിരസ്സിലും വാക്കങ്കലും ഹൃദയത്തിലും ഉദരത്തിലും തുടകളിലും പാദാഗ്രത്തുങ്കലും ഇങ്ങനെ അഷ്ടമ്യാവൃത്തിഃ. ഹൃത്പ്രദേശാസ്യടങ്കൈണാഭീതീഷ്ടേ = ഹൃദയത്തുങ്കലും വാക്കങ്കലും പരശുമൃഗാഭയവരദങ്ങളിൽ മം പരശവേ നമഃ, ശിം മൃഗായ നമഃ, വാം അഭയായ നമഃ, യം വരദായ നമഃ ഇങ്ങനെ മന്ത്രങ്ങളോടു കൂടീട്ടും. ഇതു നവമ്യാവൃത്തി. മുഖാംസാത്മപദസരസിജോരൂദരേ = മുഖത്തിലും തോളുങ്കലും ഹൃദയത്തിലും പാദാഗ്രത്തിലും തുടയിലും വയറ്റിലും ഇങ്ങനെ ദശമ്യാവൃത്തിഃ. ന്യസ്യേത് = ഈവണ്ണം മന്ത്രാക്ഷരങ്ങളെ ദശാവൃത്തിയായി ന്യസിക്കണം.

മൂലേനോർദ്ധ്വാധഃ ക്രമാദ് ഗോളകാവദ്
വ്യാപ്യ ന്യസ്യേത് പൂരുഷാഘോരവാമാൻ
സദ്യേശൌ ഫാലാംസയുക്കക്ഷിഹൃത്സ്വ-
പ്യേതത്സ്ഫൂർത്ത്യൈസ്ഥാണുമന്ത്രം ജപേത് ത്രിഃ. 24

Shripuram Publications
www.shripuram.org

മൂലേന ഊർദ്ധ്വാധഃ ഗോളകാവത് ക്രമാദ് വ്യാപ്യ = പിന്നെ മൂലം

കൊണ്ടു മേല്പോട്ടും കീഴ്പോട്ടും ഗോളകംപോലെ രണ്ടു വ്യാപകത്തെച്ചെയ്ത്, ഫാലാംസയുക്കുക്ഷിഹൃൽസു = നെറ്റിയിങ്കലും തോളുകൾ രണ്ടിലും വയറ്റിലും ഹൃദയത്തിലും ക്രമേണ, പൂരുഷാഘോരവാമാൻ സദ്യേശൌ ന്യസ്യേത് = തത്പുരുഷനേയും അഘോരനേയും വാമദേവനേയും സദ്യോജാതനേയും ഈശാനനേയും ന്യസിപ്പൂ. ഏതത്സ്ഫൂർത്ത്യൈ ത്രിഃ സ്ഥാണു മന്ത്രം ജപേത് = ഇതിന്റെ പൂരണത്തിന്നായിക്കൊണ്ടു നമോ/സ്തു സ്ഥാണുഭൂതായ എന്ന ഉപചാരമന്ത്രം മൂന്നു പ്രാവശ്യം ജപിപ്പൂ.

ഹൃത്ഫാലാന്തശിഖാസു ബാഹുയുഗമദ്ധ്യേ ലോചനേ ദോസ്തലേ
സർവേഷു സ്വഷഡംഗകാനി വിനിമയ്യാക്ഷ്യസ്ത്രയോസ്തു ക്രമം
ലക്ഷ്മീനാഥഷഡാസ്യസുംഭരിപുമൂലേഷ്വേഷു നിർന്നേത്രകം
പഞ്ചാംഗാനി പിചണ്ഡപൃഷ്ഠസഹിതേഷ്വഷ്ടാംഗകാനി ന്യസേത്. 25

സർവേഷു = എല്ലാ ദേവന്മാരിലും, ഹൃത്ഫാലാന്തശിഖാസു ബാഹുയുഗമദ്ധ്യേ ലോചനേ ദോസ്തലേ = ഹൃദയത്തുങ്കലും നെറ്റിയുടെ മുകളിലും ശിഖയിങ്കലും ബാഹുക്കൾ രണ്ടിന്റെ നടുവിലും കണ്ണുകളിലും കൈകൾ രണ്ടിന്റെ അകത്തും, സ്വഷഡംഗകാനി ന്യസേത് = തന്റെ ഷഡംഗങ്ങളെ ന്യസിപ്പൂ. ലക്ഷ്മീനാഥഷഡാസ്യ സുംഭരിപുമൂലേഷു അക്ഷ്യസ്ത്രയോഃ ക്രമം വിനിമയ്യ = വിഷ്ണുവിങ്കലും സുബ്രഹ്മണ്യങ്കലും ദുർഗ്ഗയിങ്കലും നേത്രമൊടുക്കമായിട്ടും അസ്ത്രം മുമ്പായിട്ടും ക്രമം മാറീട്ടു അംഗങ്ങളെ ന്യസിക്കണം. ഏഷു നിർന്നേത്രകം പഞ്ചാംഗാനി = ഈ ഷഡംഗങ്ങളിൽ നേത്രം കൂടാതെ പഞ്ചാംഗങ്ങളേയും, പിചണ്ഡപൃഷ്ഠസഹിതേഷു അഷ്ടാംഗകാനി = ഉദരവും പൃഷ്ഠവും കൂടീട്ട് അഷ്ടാംഗങ്ങളേയും ന്യസിപ്പൂ.

ഭൂഷായുധാദിന്യസനം യഥാർഹം
കൃത്വാ ധിയേഷ്ട്വാ ഹൃദയേ പ്രകല്പ്യ
ജപ്ത്വാ യഥാശക്തി മനൂത്തമം സ്വം
ബഹിഃസപര്യാദികമാരഭേത. 26

യഥാർഹം ഭൂഷായുധാദിന്യസനം കൃത്വാ = അതതു ദേവന്മാർക്കും യോഗ്യങ്ങളായ ഭൂഷണങ്ങളുടേയും ആയുധങ്ങളുടേയും ന്യാസത്തെച്ചെയ്ത്, ധിയാ ഇഷ്ട്വാ = മാനസപൂജയെച്ചെയ്ത്, ഹൃദയേ പ്രകല്പ്യ = ഹൃദയത്തുങ്കൽ ദേവനെ ധ്യാനിച്ച്, യഥാശക്തി സ്വം മനൂത്തമം ജപ്ത്വാ = യഥാശക്തി നൂറ്റിയെട്ടു തുടങ്ങിയുള്ള സംഖ്യ മൂലത്തെ ജപിച്ച് ലയാംഗം ചെയ്ത് രക്ഷിച്ച്, ബഹിഃ സപര്യാദികം ആരഭേത = ശംഖപൂരണാദിബാഹ്യപൂജയെ തുടങ്ങു.

ഭൂഷണമന്ത്രങ്ങളും ആയുധമന്ത്രങ്ങളും അവരവരുടെ ധ്യാനശ്ലോക

www.shripuram.org
Shripuram Publications
www.shripuram.org

ത്തിൽ പറയുന്നത്. അനന്തരം ശംഖപൂരണത്തെ പറയുന്നു.

**കൃത്വാ ഗോമയവാരിണാ സുചതുരശ്രം സ്ഥണ്ഡിലം താരതോ
നിക്ഷിപ്യാക്ഷതഗന്ധപുഷ്പകമമുഷ്മിന്നസ്ത്രസംശോധിതം
ശംഖാംഘ്രിം പ്രണിധായ ശംഖമപി തത്തന്മന്ത്രതോ മന്ത്രവി-
ച്ഛംഖേ ന്യസ്യ ഹൃദാത്മകേന മനുനാ ഗന്ധപ്രസൂനാക്ഷതം.** 27

മന്ത്രവിത് = മന്ത്രജ്ഞനായ ആചാര്യൻ, ഗോമയവാരിണാ സുചതുരശ്രം സ്ഥണ്ഡിലം കൃത്വാ = മുമ്പിൽ ഗോമയജലംകൊണ്ടു ചതുരശ്രമായിട്ടു മെഴുകി, താരതഃ അക്ഷതഗന്ധപുഷ്പകം നിക്ഷിപ്യ = പ്രണവംകൊണ്ടു ഗന്ധപുഷ്പാക്ഷതത്തെ രണ്ടിടത്തായി ന്യസിച്ചാൽ അതിലിടത്തുഭാഗത്തു ശുദ്ധജലപൂരിതമായ കിണ്ടിയെ വച്ച് അതിൽ ഗന്ധപുഷ്പാക്ഷതമിട്ടു ആപ്യായിച്ച്,

**ഇമാ ആപശ്ശിവാഃ സന്തു ശുഭാഃ ശുദ്ധാശ്ച നിർമ്മലാഃ
പാവനാഃ ശീതളാശ്ചൈവ പൂതാഃ സൂര്യസ്യ രശ്മിഭിഃ.**

ഈ മന്ത്രവും മൂലവും തൊട്ടു ജപിച്ചാൽ, അമുഷ്മിൻ അസ്ത്രസംശോധിതം ശംഖാംഘ്രിം ശംഖം അപി തത്തന്മന്ത്രതഃ പ്രണിധായ = വലത്തു പുഷ്പാക്ഷതങ്ങളെ ഇട്ടേടത്തു ശംഖുകാലും ശംഖുംകൂടി അസ്ത്രമന്ത്രംകൊണ്ടു കഴുകി, അവറ്റിന്നു പറയുന്ന വഹ്നിമണ്ഡലംകൊണ്ടും കാലും സൂര്യമണ്ഡലംകൊണ്ടു ശംഖിനേയും വച്ച്, ശംഖേ ഹൃദാത്മകേന മനുനാ ഗന്ധപ്രസൂനാക്ഷതം ന്യസ്യ = ശംഖിന്റെ അകത്തു ഹൃദയമന്ത്രംകൊണ്ടു ഗന്ധപുഷ്പാക്ഷതത്തെ ന്യസിപ്പൂ.

**സക്ഷാദ്യേന ശിരോണുനാ ശുചിജലൈരാപൂര്യ ഗന്ധാർത്തവം
ന്യസ്യാഗ്ന്യർക്കസുധാംശുബിംബമനുഭിഃ പ്രാർച്ച്യാംഘ്രിശംഖോദകം
ഗാളിന്യാ ശിഖയോത്പ്രപൂയ വിവിഷീകൃത്യാമൃതീകൃത്യത-
ത്തോയം നേത്രനിരീക്ഷിതം കരയുജാ പ്രച്ഛാദ്യ വർമ്മാണുനാ.** 28

സക്ഷാദ്യേന ശിരോണുനാ ശുചിജലൈഃ ആപൂര്യ = ക്ഷ ള ഹ സ ഷ ശ വ ല ര യ മ ഭ ബ ഫ പ ന ധ ദ ഥ ത ണ ഢ ഡ ഠ ട ഞ ഝ ജ ഛ ച ങ ഘ ഗ ഖ ക അഃ അം ഔ ഓ ഐ ഏ ൡ ഌ ൠ ൠ ഊ ഉ ഈ ഇ ആ അ ഓം ശിരസേ സ്വാഹാ ഇങ്ങനെ ലിപിപ്രതിലോമവും ശിരോമന്ത്രവും ജപിച്ചു കിണ്ടിയിലെ ജപിച്ച വെള്ളംകൊണ്ടു ശംഖിനേ നിറച്ച്, ഗന്ധാർത്തവം ന്യസ്യ = സോമമണ്ഡലംകൊണ്ടു ഗന്ധപുഷ്പങ്ങളേയും ഇട്ടാൽ, അഗ്ന്യർക്കസുധാംശുബിംബമനുഭിഃ അംഘ്രിശംഖോദകം പ്രാർച്ച്യ = വഹ്നിമണ്ഡലംകൊണ്ടു കാലിനേയും, സൂര്യമണ്ഡലംകൊണ്ടു ശം

www.shripuram.org
Shripuram Publications
www.shripuram.org

ഖിനേയും, സോമമണ്ഡലംകൊണ്ടു വെള്ളത്തേയും ജലഗന്ധപുഷ്പാക്ഷ തങ്ങളേക്കൊണ്ടു അർച്ചിച്ച്, ശിഖയാ ഗാളിന്യാതത്തോയം ഉത്പ്രപൂയ = ശിഖാമന്ത്രംകൊണ്ടും ഗാളിനീമുദ്രകൊണ്ടും ആ വെള്ളത്തെ അരിച്ച്, വിവിഷീകൃത്യ = ക്ഷ്റൌം നിർവിഷീഭവ എന്നതുകൊണ്ടു ഗരുഡമുദ്ര യേ കാട്ടി, അമൃതീകൃത്യ = അമൃതിഭവ എന്ന സുരഭിമുദ്ര കാട്ടി അമൃതമയ മാക്കി, നേത്രനിരീക്ഷിതം = നേത്രമന്ത്രംകൊണ്ടു നോക്കിയിരിക്കുന്ന ശംഖജലത്തെ വർമ്മാണനാ കരയുജാ പ്രച്ഛാദ്യ = കവചമന്ത്രംകൊണ്ട് എടുത്തു കൈച്ചുവട്ടിലാക്കി രണ്ടു കൈകൊണ്ടുമടപ്പു.

ബദ്ധ്വാസ്ത്രേണ ദിശോ/ഥ തീർത്ഥമനനാ തീർത്ഥം രവേർമണ്ഡലാ-
ദാവാഹ്യാർച്ചിതപീഠകേ സ്വഹൃദയാദ്ദേവം ച മൂലാണനാ
ആവാഹ്യാംഗയുതം സമർച്ച്യ പരമീകൃത്യ പ്രജപ്യാഷ്ടശോ
വർദ്ധന്യാം പ്രതിഷിച്യ കിഞ്ചിദമുനാത്മാന്തം ത്രിരഭ്യക്ഷതു. 29

അസ്ത്രേണ ദിശഃ ബദ്ധ്വാ = അസ്ത്രായ ഫട് എന്നതുകൊണ്ട് ദിഗ്ബ ന്ധനാഗ്നിപ്രാകാരങ്ങളെ ചെയ്തു്, അഥ തീർത്ഥ മനനാ രവേഃ മണ്ഡലാൽ തീർത്ഥം ആവാഹ്യ -

ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതി
നർമ്മദേ സിന്ധു കാവേരി ജലേ/സ്മിൻ സന്നിധിം കുരു.

ഈ തീർത്ഥമന്ത്രംകൊണ്ടു സൂര്യമണ്ഡലത്തുങ്കൽനിന്നു തീർത്ഥ ചൈതന്യത്തെ ആവാഹിച്ച്, അർച്ചിതപീഠകേ സ്വഹൃദയാത് മൂലാണ നാ ദേവം ച ആവാഹ്യ = പിന്നെ പത്മമാത്രം പീഠത്തെ പൂജിച്ച് മൂർ ത്തിയെ കല്പിച്ച് പ്രണവോപചാരമൂലങ്ങളെക്കൊണ്ടു ദേവനെ ആ ശംഖ ജലത്തിലാവാഹിച്ച്, അംഗയുതം സമർച്ച്യ = ആവാഹനമുദ്രകളെ കാട്ടി വ്യാപകവും അംഗന്യാസവും ചെയ്തു മൂലംകൊണ്ട് ദേവനെ പൂജിച്ച്, അ ഷ്ടശഃ പ്രജപ്യ പരമീകൃത്യ = ശംഖിനേ കൈയിലെടുത്തു മൂലം എട്ടുരു ജ പിച്ചു മന്ത്രമയമായി കല്പിച്ചു പ്രണവംകൊണ്ടു മൂന്ന് ആപ്യായിച്ച്, കിഞ്ചി ത് വർദ്ധന്യാം പ്രതിഷിച്യ = ആ വെള്ളത്തിൽ കുറഞ്ഞൊന്നു വലത്തു കിണ്ടിയിലെ വെള്ളത്തിലാക്കി, അമുനാ ആത്മാന്തം ത്രിഃ അഭ്യക്ഷതു = ശേഷമുള്ള ശംഖജലംകൊണ്ടു പൂജാഗൃഹത്തേയും പൂജാസാധനത്തേയും ആത്മാവിനേയും മൂന്നു തളിപ്പു തളിക്കുന്നതിന്ന് പൂജാഗൃഹം പ്രോക്ഷാമി, പൂജാസാധനം പ്രോക്ഷാമി, ആത്മാനം പ്രോക്ഷാമി, ഇങ്ങനെ ചെയ്യുന്നു ചിലർ. ഇങ്ങനെ ശംഖപൂരണം.

അനന്തരം ആത്മാരാധനയെ പറയുന്നു.

Shripuram Publications
www.shripuram.org
www.shripuram.org

ന്യാസക്രമാന്നിജതനൌ പ്രയജേത പീഠം
ഹൃദ്വാരിജന്മനി സമർച്ച്യ പരം മഹസ്തത്
ത്ര്യാധാരഭാഞ്ജ്യണമഹാംസി നിരഞ്ജനാംശൈ-
രിഷ്ട്വാ നയേത് പ്രണവതഃ ക്രമവിത് തദൈക്യം. 30

ക്രമവിത് = ആത്മാരാധനക്രമത്തെ അറിഞ്ഞിരിക്കുന്ന ഗുരു, നിജതനൌ ന്യാസക്രമാത് പീഠം പ്രയജേത = തന്റെ ശരീരത്തുങ്കൽ പീഠന്യാസത്തുങ്കൽ പറഞ്ഞപോലെ പീഠമന്ത്രങ്ങളെക്കൊണ്ടു പീഠത്തെ പൂജിപ്പൂ. അവിടെ പീഠമന്ത്രം പൃഥിവ്യന്തവും പദ്മവും കൂട്ടിയാലും മതി. ധൂപദീപങ്ങൾ തന്മുദ്ര കാട്ടിയാൽ മതി. ഹൃദ്വാരിജന്മനി = ഹൃദയപദ്മത്തുങ്കൽ, പരം തന്മഹഃ സമർച്ച്യ = മൂലംകൊണ്ട് ആവാഹിച്ച മന്ത്രമയമായ ചൈതന്യത്തെ മൂലംകൊണ്ടു അർച്ചിച്ചാൽ, നിരഞ്ജനാംശൈഃ ത്ര്യാധാരഭാഞ്ജി അണമഹാംസി ഇഷ്ട്വാ = അന്നമഃ ഉന്നമഃ മന്നമഃ ഈ പ്രണവാക്ഷരങ്ങളെക്കൊണ്ട് മൂലാക്ഷരത്തുങ്കലും ഹൃദയത്തുങ്കലും ദ്വാദശാന്തപദ്മത്തുങ്കലും തത്തേജസ്സിനേ ആത്മാന്തരാത്മപരമാത്മഭാവേന പുഷ്പാരാധനകളെച്ചെയ്തു പ്രണവാക്ഷരംകൊണ്ടു തന്നെ അർച്ചിച്ച്, പ്രണവതഃ തദൈക്യം നയേത് = പ്രണവംകൊണ്ട് ത്രിസ്ഥാനസ്ഥിതതേജസ്സുകളെ ഒന്നാക്കി ഹൃദയത്തുങ്കൽ ആക്കൂ.

ആയമ്യ വായുമണുനാ സകളീക്രിയാം ച
കൃത്വാസനാദ്യുപഹൃതീഃ ക്രമശഃ സമർപ്യ
താരോപചാരനിജമൂലതദക്ഷരാദ്യൈർ-
ന്യാസക്രമാദഭിയജേജ്ജലഗന്ധപൂർവൈഃ. 31

അണുനാ വായും ആയമ്യ സകളീക്രിയാം ച കൃത്വാ = പിന്നെ മൂലംകൊണ്ടു പ്രാണായാമത്രയത്തെച്ചെയ്തു വ്യാപകാംഗങ്ങളെ ന്യസിച്ച്, ക്രമശഃ ആസനാദ്യുപഹൃതീഃ സമർപ്പ്യ = ക്രമേണ ആസനത്തേയും അർഘ്യാദികളേയും ശംഖജലംകൊണ്ടു സമർപ്പിച്ച്, ന്യാസക്രമാത് താരോപചാരനിജമൂലത = ദക്ഷരാദ്യൈഃ ജലഗന്ധപൂർവൈഃ അഭിയജേത് = ന്യസിച്ച സ്ഥാനക്രമേണ പ്രണവോപചാരമൂലാക്ഷരങ്ങളെക്കൊണ്ടു ജലഗന്ധപുഷ്പങ്ങളെക്കൊണ്ടു ഹൃദയഗതനായിരിക്കുന്ന ദേവനെ പൂജിപ്പൂ.

മൂലേന ഗന്ധരസലിപ്തതനുർമുരാരൌ
സ്വൈർമൂർത്തിപഞ്ജരപദേഷ്വണുഭിർദ്വിഷഡ്ഭിഃ
ഫാലേ ഗളേഽംസയുഗളേ ഹൃദി പഞ്ചമന്ത്രൈ-
രീശേഽഞ്ജലിമ്പതു പരേഷ്വിതി മൂലതോഽഥ. 32

Shripuram Publications
www.shripuram.org

മൂലേന ഗന്ധരസലിപ്തതനുഃ = പിന്നെ അതതു മൂലമന്ത്രംകൊണ്ടു ദേ

ഹത്തുങ്കൽ കേശാദിപാദാന്തം രണ്ടു കൈകൊണ്ടും ചന്ദനപങ്കത്തെ തേച്ചാൽ, മുരാരൌ മൂർത്തിപഞ്ജര = പദേഷു ദ്വിഷഡ്ഭിഃ അണുഭിഃ അനുലിമ്പതു = വിഷ്ണുവിങ്കൽ കേശവാദി ദ്വാദശമൂർത്തിമന്ത്രങ്ങളെ ന്യസിപ്പാൻ പറഞ്ഞ ലലാടാദിസ്ഥാനങ്ങളിൽ ദ്വാദശനാമങ്ങളെക്കൊണ്ടു ഊർദ്ധ്വപുണ്ഡ്രമായിട്ടു ചന്ദനത്തെ തേപ്പൂ. ഈശേ, ഫാലേ ഗളേ അംസയുഗളേ ഹൃദി പഞ്ചമന്ത്രൈഃ = ശിവങ്കൽ, നെറ്റിയിങ്കലും കഴുത്തിലും തോളുകൾ രണ്ടിലും ഹൃദയത്തിലും ഈശാനാദിപഞ്ചമന്ത്രങ്ങളെക്കൊണ്ടു ചന്ദനത്തേ തേയ്പൂ. പരേഷു ഇതി മൂലതഃ = ശേഷം എല്ലാം ദേവന്മാരിലും തങ്ങളുടെ മൂലമന്ത്രംകൊണ്ട് ശിവങ്കൽ പറഞ്ഞ സ്ഥാനങ്ങളിൽ ചന്ദനത്തേ തേയ്പൂ. ദുർഗയ്ക്കു വിഷ്ണുവിനേപ്പോലെയുമാം.

മൂലേന മൂർദ്ധ്നി മനുനാ നിഖിലേഷു പഞ്ച-
കൃത്വഃ കിരീടമനുനാ ച രഥാംഗപാണൌ
സ്ഥാണ്വാത്മകേന കുസുമാഞ്ജലിമീശ്വരേ ച
കൃത്വാ യജേദ് ദ്വിവിധസൂനവരൈരഥേതി. 33

നിഖിലേഷു മൂർദ്ധ്നി മൂലേന മനുനാ ച = എല്ലാ ദേവന്മാരിലും ശിരസ്സുങ്കൽ മൂലമന്ത്രംകൊണ്ടും, രഥാംഗപാണൌ കിരീടമനുനാ ച = വിഷ്ണുവിങ്കൽ കിരീടമന്ത്രംകൊണ്ടും, ഈശ്വരേസ്ഥാണ്വാത്മകേന മനുനാ ച = ശിവങ്കൽ ഉപചാരമന്ത്രംകൊണ്ടും, പഞ്ചകൃത്വഃ കുസുമാഞ്ജലിം കൃത്വാ = അഞ്ചുരു പുഷ്പാഞ്ജലിയെച്ചെയ്തിട്ടു, അഥ ദ്വിവിധസൂനവരൈഃ ഇതി യജേത് = പിന്നെ രണ്ടു കൈയിലും രണ്ടു പ്രകാരമുള്ള പുഷ്പങ്ങളെ എടുത്തു ഇപ്രകാരമാരാധിപ്പൂ.

ശ്വേതാരുണക്രമകൃതോഭയപാർശ്വയോഗാൻ
കുര്യാദ്ധരൌ ദ്വിതുളസീകണവീരപത്മാൻ
നാഭ്യാത്മചില്ല്യവധി കേ ഷഡശേഷമംഗേ
ശേഷേ ശിവേഽർക്കയുഗപൂർവ്വകമേതദിഷ്ടം. 34

ഹരൌ വിഷ്ണുവിങ്കൽ ശ്വേതാരുണക്രമകൃതോഭയപാർശ്വ യോഗാൻ = വലത്തു ഭാഗത്തു വെളുത്തും ഇടത്തു ഭാഗത്തു ചുകന്നും ഇരിക്കുന്ന പുഷ്പങ്ങളെ കല്പിച്ചു കൈയിൽ രണ്ടിലുമെടുത്തു, നാഭ്യാത്മചില്ല്യവധി ദ്വിതുളസീകണവീരപത്മാൻ = പാദാഗ്രത്തുങ്കൽ തുടങ്ങി നാഭിയിങ്കലോളം തുളസീദ്വയം കല്പയാമി എന്നും, നാഭിയിങ്കൽ തുടങ്ങി ഹൃദയത്തോളം കണവീരദ്വയം കല്പയാമി എന്നും, ഹൃദയത്തുങ്കൽ തുടങ്ങി പുരികത്തുങ്കലോളം പത്മദ്വയം കല്പയാമി എന്നും, കേഷട് = പുരികങ്ങളിൽ തുടങ്ങി ശിരസ്സിങ്കലോളം ഷട്കുസുമാനി കല്പയാമി എന്നും, ശേഷേ അംഗേ അ

Shripuram Publications
www.shripuram.org

ശേഷം = പിന്നെ പാദാഗ്രാദി ശിരസ്സങ്കലോളം അശേഷ കുസുമാനി കല്പയാമി എന്നും മന്ത്രങ്ങളോടുകൂടി പുഷ്പപൂരണത്തെ ചെയ്വൂ. ദുർഗയിങ്കലും വിഷ്ണുവിങ്കലെപ്പോലെ. ശിവേ ഏതത് അർക്കയുഗപൂർവകം ഇഷ്ടം = ശിവങ്കൽ ഈ പുഷ്പപൂരണത്തിങ്കൽ ആദിക്ക് അർക്കദ്വയം കല്പയാമി എന്ന വേണം, ശങ്കരനാരായണാദികൾക്കു ശിവങ്കലെപ്പോലെ ചെയ്വൂ.

ധൂപം ച ദീപം ച സമർപ്യ തസ്മൈ
നിവേദ്യബുദ്ധ്യാ പരചിത് സുധാർഘ്യം
ദത്ത്വാർച്ചയിത്വാ പരിതോഷ്യ ചൈനം
ലയാംഗനിഷ്ഠം ച സമാദധീത. 35

തസ്മൈ ധൂപം ച ദീപം ച സമർപ്യ = പിന്നെ ഹൃദയപത്മത്തിങ്കൽ ദേവനായിക്കൊണ്ടു മൂർത്തിപൂജാമന്ത്രംകൊണ്ടു ധൂപത്തേയും ദീപത്തേയും തന്മുദ്രകളേക്കൊണ്ടു സമർപ്പിച്ച്, നിവേദ്യബുദ്ധ്യാ പരചിത്സുധാർഘ്യം ദത്ത്വാ = കൈയിൽ വെള്ളമെടുത്തു സർവ്വരസമയമർഘ്യം സമർപ്പയാമി എന്ന മന്ത്രംകൊണ്ടു നിവേദ്യബുദ്ധ്യാ അർഘ്യത്തെക്കൊടുത്തു മാനസപൂജയും ചെയ്ത് അർച്ചയിത്വാ പരിതോഷ്യ = അർച്ചിച്ചു പ്രസന്നപൂജയും എട്ടുരു പുഷ്പാഞ്ജലിയും ചെയ്ത്, ഓം തത്സത് എന്ന ബ്രഹ്മാർപ്പണവും പ്രസന്നാർഘ്യവും അവസാനാർഘ്യവും കൊടുത്ത്, ലയാംഗനിഷ്ഠം സമാദധീത = വ്യാപകത്തേയും ലയാംഗത്തേയും ന്യസിച്ച് രക്ഷിച്ചു ശരീരത്തിങ്കൽനിന്ന് പുഷ്പങ്ങളെ എടുത്തു വടക്കു നിർമ്മാല്യധാരി മന്ത്രംകൊണ്ട് വടക്കു ഭാഗത്തു നിലത്തു ഇട്ടേപ്പൂ. ഇങ്ങനെ ആത്മാരാധനം.

കൃത്വാത്മയാഗമിതി തത്ത്വനിവേശിതാത്മാ
ശംഖാദികം ച പരിശോദ്ധ്യ ഭൃതാർഘ്യകാദ്യഃ
പീഠാർച്ചയോഃ പ്രവികിരേത് കുസുമം സ്വബീജ-
മൂലാണ്വതശ്ചരതു ചാനലസാലനിഷ്ഠം. 36

ഇതി ആത്മയാഗം കൃത്വാ = ഇപ്രകാരം ആത്മാരാധനയെച്ചെയ്തിട്ടു, തത്ത്വനിവേശിതാത്മാ = ആത്മാവിനെ ഈശ്വരസ്വരൂപമായി കല്പിച്ച്, ശംഖാദികം പരിശോദ്ധ്യ = ശംഖജലത്തേയും ഗന്ധപുഷ്പങ്ങളേയും മാറി ഉണ്ടാക്കി, ഭൃതാർഘ്യകാദ്യഃ = അർഘ്യപാദ്യാചമനാദികളേയും ധൂപദീപങ്ങളേയും സമ്പാദിച്ച്, പീഠാർച്ചയോഃ സ്വബീജമൂലാണ്വതഃ കുസുമം പ്രവികിരേത് = പീഠത്തിങ്കൽ ശക്തിബീജംകൊണ്ടും ബിംബത്തിങ്കൽ മൂലമന്ത്രംകൊണ്ടും പുഷ്പങ്ങളേ ആരാധിച്ച്, അനലസാലനിഷ്ഠം ചരതു = ബിംബപീഠങ്ങളെ താലത്രയദിഗ്ബന്ധനാഗ്നിപ്രാകാരങ്ങളെച്ചെയ്തു രക്ഷിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

ഉത്തരേ ഗുരൂനുദഗ് ദക്ഷിണതോ ഗണേശം
പ്രപൂജ്യ പീഠസ്യ യജേദധസ്താത്
ആധാരശക്തിം പ്രകൃതിം ച കൂർമ്മം
സ്വമന്ത്രതോ/നന്തവസുന്ധരേ ച. 37

ഉദക് ഗുരൂൻ ദക്ഷിണതഃ ഗണേശം പ്രപൂജ്യ = വടക്കേ ഭാഗത്തു ഗുരുക്കന്മാരെയും തെക്കേ ഗണപതിയേയും ഗും ഗുരുഭ്യോ നമഃ, ഗം ഗണപതയേ നമഃ എന്ന മന്ത്രങ്ങളെക്കൊണ്ടു പൂജിച്ച് വന്ദിച്ച്, പീഠസ്യ അധസ്താത് സ്വമന്ത്രതഃ ആധാരശക്തിം പ്രകൃതിം കൂർമ്മം അനന്തവസുന്ധരേ ച യജേത് = പീഠത്തിന്റെ ചുവട്ടിൽ ആധാരശക്ത്യൈ നമഃ, മൂലപ്രകൃത്യൈ നമഃ, ആദി കൂർമ്മായ നമഃ, അനന്തായ നമഃ, പൃഥിവ്യൈ നമഃ, ഈ അഞ്ചു മന്ത്രങ്ങളെക്കൊണ്ടു യജിപ്പൂ.

അഗ്ന്യാദിപീഠാംഘ്രിഷു ധർമ്മസംജ്ഞം
സജ്ഞാനവൈരാഗ്യകമർച്ചയേത
ഐശ്വര്യസംജ്ഞം ച ചതുഷ്കമേതത്
പ്രാഗാദിഗാത്രേഷു ച നഞ്‌വിശിഷ്ടം. 38

അഗ്ന്യാദിപീഠാംഘ്രിഷു = അഗ്നികോണു തുടങ്ങി നാലുകോണുകളിലേയും പീഠത്തിന്റെ കാലുകളിൽ, ധർമ്മസംജ്ഞം സജ്ഞാനവൈരാഗ്യകം ഐശ്വര്യ സംജ്ഞം ച - ധർമ്മായ നമഃ, ജ്ഞാനായ നമഃ, വൈരാഗ്യായ നമഃ, ഐശ്വര്യായ നമഃ. ഈ നാലിനേയും ധർമ്മായ നമഃ, വൈരാഗ്യായ നമഃ, ഐശ്വര്യായ നമഃ ഈ നാലിനേയും, പ്രാഗാദിഗാത്രേഷു ഏതത് നഞ്‌വിശിഷ്ടം ച അർച്ചയേത = പിന്നെ പീഠത്തിന്റെ ഇഴകളിൽ അധർമ്മായ നമഃ, അജ്ഞാനായ നമഃ, അവൈരാഗ്യായ നമഃ, അനൈശ്വര്യായ നമഃ ഇങ്ങനെ വിശിഷ്ടമായി നാലിനേയും അർച്ചിപ്പൂ.

സ്വാദ്യക്ഷരൈരസ്സത്ത്വരജസ്തമാംസി
സമ്പൂജ്യ സൂത്രത്രിതയേ/ഥ മായാം
വിദ്യാം ച തച്ഛാദനവസ്ത്രയുഗ്മേ
തന്മദ്ധ്യഭാഗേ പ്രയജേച്ച പത്മം. 39

അഥ സൂത്രത്രിതയേ സ്വാദ്യക്ഷരൈഃ സത്ത്വരജസ്തമാംസി = പിന്നെ സൂത്രത്രയങ്ങളിൽ സം സത്ത്വായ നമഃ, രം രജസേ നമഃ, തം തമസേ നമഃ ഈ മൂന്നിനേയും, തച്ഛാദനവസ്ത്രയുഗ്മേ മായാം വിദ്യാം ച സംപൂജ്യ = വസ്ത്രദ്വയങ്ങളിൽ മം മായായൈ നമഃ, വിം വിദ്യായൈ നമഃ

www.shripuram.org
Shripuram Publications
www.shripuram.org

ഈ രണ്ടിനേയും പൂജിച്ച്, തന്മദ്ധ്യഭാഗേ പത്മം ച പ്രയജേത = അതിന്റെ നടുവിൽ പം പത്മായ നമഃ എന്നും പൂജിപ്പൂ.

സാദ്യക്ഷരാണി ദലകേസരകർണികാസു
വിഷ്വഗ് ദിനേശശശിപാവകമണ്ഡലാനി
ആത്മാന്തരാത്മപരമാത്മന ഏവമേവ
ജ്ഞാനാത്മകം യജതു ചോപരി ശക്തിയുക്തം. 40

ദലകേസരകർണികാസു വിഷ്വക് സാദ്യക്ഷരാണിദിനേശ ശശിപാവകമണ്ഡലാനി = പത്മത്തിന്റെ ദളങ്ങളിലും കേസരങ്ങളിലും കർണ്ണികയിങ്കലും ചുറ്റുമായിട്ട പ്രണവാക്ഷരങ്ങളോടുകൂടി മണ്ഡലങ്ങളെ അം സൂര്യമണ്ഡലായ നമഃ, ഉം സോമമണ്ഡലായ നമഃ, മം വഹ്നിമണ്ഡലായ നമഃ ഈ മൂന്നിനേയും ഏവമേവ ആത്മാന്തരാത്മപരമാത്മനഃ = ഈവണ്ണം തന്നെ ദലകേസരകർണ്ണികകളിൽ അം ആത്മനേ നമഃ, ഉം അന്തരാത്മനേ നമഃ, മം പരമാത്മനേ നമഃ ഈ ആത്മത്രയത്തേയും, ഉപരി ശക്തിയുക്തം ജ്ഞാനാത്മകം ച ജയതു = മുകളിൽ ഹ്രീം ജ്ഞാനാത്മനേ നമഃ എന്നും പൂജിപ്പൂ. വിഷ്ണുവിങ്കൽ ശ്രീം ജ്ഞാനാത്മനേ നമഃ എന്നു വേണം.

പ്രാഗാദി തത്കേസരകർണികാസു
ശക്തീർന്നവാരാധ്യ നിജാഃ ക്രമേണ
സമഷ്ടിമന്ത്രേണ യജേന്നിജേന
സമീരിതാ പീഠസമർച്ചനേതി. 41

തത്കേസരകർണികാസു പ്രാഗാദി = ആ പത്മത്തിന്റെ കേസരങ്ങളിൽ കിഴക്കു തുടങ്ങി എട്ടു ദിക്കിലും നടുവിലുമായിട്ട്, നിജാഃ നവ ശക്തീഃ ക്രമാത് സമാരാധ്യ = തങ്ങളുടെ നവശക്തികളെ ക്രമേണ പൂജിച്ച്, നിജേന സമഷ്ടിമന്ത്രേണ യജേത് = തങ്ങളുടെ സമഷ്ടിമന്ത്രംകൊണ്ട് എല്ലാടവുമായിട്ടും പൂജിപ്പൂ. ഇതി പീഠസമർച്ചനാ സമീരിതാ = ഇപ്രകാരം പീഠപൂജാക്രമവും മന്ത്രവും പറയപ്പെട്ടു.

പീഠം പങ്കജപശ്ചിമം മഹിഷജിദ്വർജ്ജം സമാനക്രമം
പ്രായഃ പ്രാഗപി പങ്കജാദിദമഹീന്ദ്രാഢ്യം രമാവല്ലഭേ
ബിംബാത്മോപരിപര്യുപേതനവശക്ത്യേതത് കുമാരീഹരി-
ശ്രീശേശേഷു തതഃ പരേഷു നവശക്ത്യൂർദ്ധ്വസ്ഥബിംബാത്മകം. 42

പങ്കജപശ്ചിമം പീഠം = പത്മായ നമഃ എന്നു കഴിവോളമുള്ള പീഠമന്ത്രം, മഹിഷജിദ്വർജ്ജം പ്രായഃ സമാനക്രമം = ദുർഗയെ കൂടാതെ

Shripuram Publications
www.shripuram.org

ശേഷം എല്ലാ ദേവന്മാരിലും മിക്കവാറും തുല്യമായിരിക്കും. രമാവല്ലഭേ പങ്കജാത് പ്രാക് ഇദം അഹീന്ദ്രാഢ്യം = വിഷ്ണുവിങ്കൽ പത്മായ നമഃ എന്നതിന്റെ മുമ്പിൽ അനന്തായ നമഃ എന്നു കൂടെ കൂടിയിരിക്കും ഇത്. കുമാരീഹരിശ്രീശേശേഷു ബിംബാത്മോപരിപര്യപേതനവശക്തി ഏതത് = ദുർഗയിങ്കലും വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും മണ്ഡലത്രയവും ആത്മചതുഷ്കവും കഴിഞ്ഞു മുകളിൽ നവശക്തികളോടു കൂടെയിരിക്കും ഈ പീഠമന്ത്രം തതഃ പരേഷു നവശക്ത്യൂർദ്ധ്വസ്ഥബിംബാത്മകം = ശേഷം ശിവസ്കന്ദവിഘ്നശാസ്താക്കന്മാരിൽ നവശക്തികഴിഞ്ഞാലൊടുക്കും മണ്ഡലത്രയവും ആത്മചതുഷ്കവും വേണം. എല്ലാവർക്കും ഒടുക്കും സമഷ്ടി തന്നെ.

ദുർഗയുടെ പീഠമന്ത്രത്തെ പറയുന്നു.

മായാബ്രഹ്മയുതാവധഃ പ്രകൃതികൂർമ്മൌ പീഠകേ കേവലൈഃ
സ്വാദ്യർണ്ണൈരപി ഗാത്രഗാഃ സലവകൈസ്സൌമ്യാം ച ഭദ്രാം ജയാം
ഇഷ്ട്വാര്യാം ച പുനർബലപ്രബലകൌ ക്ലീബാർണസംഭിന്നഭം-
ബീജാഢ്യാൻ സുബലം മഹാബലമപീഹാഗ്ന്യാദിപീഠാംഘ്രിഗാൻ. 43

സത്ത്വാദീനി യഥോദിതം യജതു കന്ദം നാളപത്മേ ക്രമാദ്-
ബിന്ദ്വന്തൈഃ ക്ലനലാക്ഷരൈർവിഗതബിന്ദ്വോബീജയുക്തേ ക്രമാത്
ഭാസ്വച്ഛീതഗുമണ്ഡലേ ഹുതഭുജോ ബിംബം സരംബീജകം
ദുർഗായാമിയതീ ഭിദാഥ നവശക്ത്യാദ്യം പൃഥക് പ്രോച്യതേ. 44

ദുർഗായാം പീഠകേ അധഃ മായാബ്രഹ്മയുതൌ പ്രകൃതികൂർമ്മൗ = ദുർഗയിങ്കൽ പീഠത്തിങ്കൽ ചുവട്ടിൽ ശക്തിയോടും കം ബീജത്തോടുംകൂടി പ്രകൃതികൂർമ്മങ്ങളേയും ഹ്രീം പ്രകൃത്യൈ നമഃ, കം കൂർമ്മായ നമഃ ഈ രണ്ടിനേയും കേവലൈഃ സലവകൈഃ സ്വാദ്യർണ്ണൈഃ സൌമ്യാം ഭദ്രാം ജയാം ആര്യാം ച ഗാത്രഗാഃ = കേവലം തന്റെ ആദ്യാക്ഷരബീജങ്ങളോടുകൂടി സം സൌമ്യായൈ നമഃ, ഭം ഭദ്രായൈ നമഃ, ജം ജയായൈ നമഃ, അം ആര്യായൈ നമഃ ഈ നാലു മന്ത്രങ്ങളെ നാലു ദിക്കുകളിലേ ഏഴുകളിലും, ക്ലീബാർണസംഭിന്നഭംബീജാഢ്യാൻ ബലപ്രബലകൌ സുബലം മഹാബലം അപി അഗ്ന്യാദിപീഠാംഘ്രിഗാൻ ച ഇഷ്ട്വാ = ഋ ൠ ഌ ൡ ഈ ക്ലീബാക്ഷരങ്ങളോടുകൂടിയ ഭം ബീജയുക്തങ്ങളായിട്ടു ഭൃം ബലായ നമഃ, ഭൄം പ്രബലായ നമഃ, ഭ്ഌം സുബലായ നമഃ, ഭ്ൡം മഹാബലായ നമഃ ഈ നാലു മന്ത്രങ്ങളെ അഗ്ന്യാദി കോണുകളിലേ കാലുകളിൽ പൂജിച്ചാൽ, യഥോദിതം സത്ത്വാദീനി യജതു = പറഞ്ഞപോലെ സൂത്രവസ്തുങ്ങളിൽ സത്ത്വാദി അഞ്ചിനേയും പൂജിപ്പൂ. ബിന്ദ്വന്തൈഃ ക്ലനലാക്ഷ

www.shripuram.org
Shripuram Publications
www.shripuram.org

രൈഃ കന്ദം നാളപത്രേ ച ക്രമാൽ = ബിന്ദുയുക്തങ്ങളായ ക്ലം എന്നും നം എന്നും ലാം എന്നുകൂടി ക്ലം കന്ദായ നമഃ, നം നാളായ നമഃ, ലാം പത്രായ നമഃ ഈ മൂന്നിനേയും നടുവിൽ താഴെ തുടങ്ങി മേല്പോട്ടും പൂജിപ്പൂ. വിഗതബിന്ദ്വോബീജയുക്തേ ഭാസ്വച്ഛീതഗുമണ്ഡലേ = ബിന്ദുകൂടാതെ അ ഉ എന്ന ബീജത്തോടുകൂടി സൂര്യമണ്ഡലത്തേയും സോമമണ്ഡലത്തേയും, സരംബീജകം ഹുതഭുജഃ ബിംബം രം ബീജത്തോടുകൂടി വഹ്നിമണ്ഡലത്തേയും പൂജിപ്പൂ. അ സൂര്യമണ്ഡലായ നമഃ, ഉ സോമമണ്ഡലായ നമഃ, രം വഹ്നിമണ്ഡലായ നമഃ ഇങ്ങനെ മന്ത്രങ്ങൾ. ഇയതീഭിദാ = ഇത്രമാത്രം ഭേദം ഭവിക്കും. അഥ നവശക്ത്യാദ്യം പൃഥക് പ്രോച്യതേ = അനന്തരം നവശക്തികളേയും സമഷ്ടിയേയും വെവ്വേറെ പറയുന്നു.

വിമലോത്കർഷിണ്യൗ ച
ജ്ഞാനാഖ്യാനാ ക്രിയാ ച യോഗാ ച
പ്രഹ്വീ സത്യേശാനുഗ്രഹാശ്ച
നവ ശക്തയോ ഹരിഹരീശേ. 45

ഹരിഹരീശേ = വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും വിമലായൈ നമഃ, ഉത്കർഷിണ്യൈ നമഃ, ജ്ഞാനായൈ നമഃ, ക്രിയായൈ നമഃ, യോഗായൈ നമഃ, പ്രഹ്വ്യൈ നമഃ, സത്യായൈ നമഃ, ഈശായൈ നമഃ, അനുഗ്രഹായൈ നമഃ, നവശക്തയഃ = ഇങ്ങനെ നവശക്തിമന്ത്രങ്ങൾ.

വാമാ ജ്യേഷ്ഠാ രൗദ്രീ
കാളീ കലബലപദാദിവികലിന്യൗ
സുബലപ്രമഥിന്യൗ
സർവഭൂതദമനീ മനോന്മനീ ച ശിവേ. 46

ശിവേ = ശിവങ്കൽ, വാമായൈ നമഃ, ജ്യേഷ്ഠായൈ നമഃ, രൗദ്ര്യൈ നമഃ, കാള്യൈ നമഃ, കലവികലിന്യൈ നമഃ, ബലവികലിന്യൈ നമഃ, ബലപ്രമഥിന്യൈ നമഃ, സർവഭൂതദമന്യൈ നമഃ, മനോന്മന്യൈ നമഃ ഇങ്ങനെ നവശക്തിമന്ത്രങ്ങൾ.

പ്രഭാ മായാജയാ സൂക്ഷ്മാ വിശുദ്ധാ നന്ദിനീ പുനഃ
സുപ്രഭാ വിജയാ സർവസിദ്ധിദാ ച യഥാക്രമം. 47

ആദിത്രിദീർഘൈർബിന്ദ്വന്തൈസ്സന്ധ്യർണൈശ്ച സമന്വിതാഃ
ഏതാ ബിന്ദുവിസർഗ്ഗാഭ്യാമപി സ്യുർമഹിഷദ്വിഷി. 48

Shripuram Publications
www.shripuram.org

മഹിഷദ്വിഷി = ദുർഗയിങ്കൽ, ആദൈൗ, ബിന്ദ്വന്തൈഃ ആദിത്രിദീർ

ഷൈലഃ = ബിന്ദുവോട്ടുകൂടി ആ ഈ ഊ എന്നും, സന്ധ്യർണ്ണൈഃ ഏ ഐ ഓ ഔ എന്നും, ബിന്ദുവിസർഗ്ഗാഭ്യാം അം അഃ എന്നും, ഏതാഃ സമന്വിതാഃ = ഈ പ്രഭാമായാദികൾ കൂട്ടിക്കൊള്ളൂ. ആം പ്രഭായൈ നമഃ, ഈം മായായൈ നമഃ, ഊം ജയായൈ നമഃ, ഏം സൂക്ഷ്മായൈ നമഃ, ഐം വിശുദ്ധായൈ നമഃ, ഓം നന്ദിന്യൈ നമഃ, ഔം സുപ്രഭായൈ നമഃ, അം വിജയായൈ നമഃ, അഃ സർവസിദ്ധിദായൈ നമഃ ഇങ്ങനെ നവശക്തി മന്ത്രങ്ങൾ.

വിദ്യാശാന്തിഃ സ്മൃതിർമേധാ പ്രജ്ഞാ കാന്തിർദ്യുതിർധൃതിഃ
വ്യാപിന്യപി കുമാരേ സ്യുരാമന്തവ്യാപകാക്ഷരൈഃ. 49

കുമാരേ = സുബ്രഹ്മണ്യങ്കൽ, ആമന്തവ്യാപകാക്ഷരൈഃ = ആം എന്നുകൂട്ടിയ യരവലാദികളോട്ടുകൂടി നവശക്തികൾ, ള എന്നു വേണ്ടാതാനും. അപ്പോൾ യാം വിദ്യായൈ നമഃ, രാം ശാന്ത്യൈ നമഃ, ലാം സ്മൃത്യൈ നമഃ, വാം മേധായൈ നമഃ, ശാം പ്രജ്ഞായൈ നമഃ, ഷാം കാന്ത്യൈ നമഃ, സാം ദ്യുത്യൈ നമഃ, ഹാം ധൃത്യൈ നമഃ, ക്ഷാം വ്യാപിന്യൈ നമഃ, ഇങ്ങനെ നവശക്തി മന്ത്രങ്ങൾ.

തീവ്രാഖ്യാ ജ്വാലിനീ നന്ദാ ഭോഗദാ കാമരൂപിണീ
ഉഗ്രാ തേജോവതീ സത്യാ വിഘ്നേ/ന്ത്യാ വിഘ്നനാശിനീ. 50

വിഘ്നേ = ഗണപതിയിങ്കൽ, തീവ്രായൈ നമഃ, ജ്വാലിന്യൈ നമഃ, നന്ദായൈ നമഃ, ഭോഗദായൈ നമഃ, കാമരൂപിണ്യൈ നമഃ, ഉഗ്രായൈ നമഃ, തേജോവത്യൈ നമഃ, സത്യായൈ നമഃ, വിഘ്നനാശിന്യൈ നമഃ, ഇങ്ങനെ നവശക്തിമന്ത്രം.

ദീപ്തിസ്സത്യാ പ്രഭാ കാന്തിർവിഭൂതിർമാലിനീ തഥാ
സംസൃഷ്ടിഃ പുഷ്ടിരപ്യാര്യേ നവമീ കാമരൂപിണീ. 51

ആര്യേ = ശാസ്താവിങ്കൽ, ദീപ്ത്യൈ നമഃ, സത്യായൈ നമഃ, പ്രഭായൈ നമഃ, കാന്ത്യൈ നമഃ, വിഭൂത്യൈ നമഃ, മാലിന്യൈ നമഃ, സംസൃഷ്ട്യൈ നമഃ, പുഷ്ട്യൈ നമഃ, കാമരൂപിണ്യൈ നമഃ, ഇങ്ങനെ നവശക്തി മന്ത്രങ്ങൾ.

ഇതി സപ്തസു ദേവേഷു സമുക്താ നവ ശക്തയഃ
തത്തത്സമഷ്ടിമന്ത്രാംശ്ച തത്പൂർത്യൈ കീർത്തയാമ്യഹം. 52

സപ്തസു ദേവേഷു നവ ശക്തയഃ ഇതി സമുക്താഃ = വിഷ്ണ്വാദി ഏഴു ദേവന്മാരിലും നവശക്തികൾ ഇപ്രകാരം പറയപ്പെട്ടു. അഹം തത്പൂർ

www.shripuram.org
Shripuram Publications
www.shripuram.org

ത്വൈത്യ തത്തത്സമഷ്ടിമന്ത്രാൻ ച കീർത്തയാമി = ഞാൻ തത് പൂരണത്തിന്നായിക്കൊണ്ട് അവരവരുടെ സമഷ്ടി മന്ത്രങ്ങളേയും പറയുന്നു.

അത്രോന്നമോ ഭഗവതേ വിഷ്ണവേ വർണകാൻ ക്രമാത്
സർവഭൂതാത്മനേ വാസുദേവായേതി ച കീർത്തയേത്. 53

സർവാത്മസംയോഗയോഗപത്മപീഠാത്മനേ നമഃ
ഇത്യയം സ്യാത്സമഷ്ട്യാത്മമന്ദർഹരിഹരീശയോഃ. 54

ഹരിഹരീശയോഃ അത്ര = വിഷ്ണുവിങ്കലും ശങ്കരനാരായണങ്കലും ഇവിടെ, ഓന്നമോ ഭഗവതേ വിഷ്ണവേ എന്നും, സർവഭൂതാത്മനേ വാസുദേവായ എന്നും ചൊല്ലിയാൽ, സർവാത്മസംയോഗയോഗപത്മപീഠാത്മനേ നമഃ ഇതി അയം സമഷ്ട്യാത്മമന്ദഃ സ്യാത് = ഇപ്രകാരം പറഞ്ഞ ഈ മന്ത്രം സമഷ്ടിമന്ത്രമായി ഭവിക്കും.

പ്രണവനതിഭഗവതേയുതസകലഗുണാത്മാദിശക്തിയുക്തായ
ണേന്താനന്താദികയോഗാന്തേ പീഠാത്മനേ നമശ്ച ശിവേ. 55

ശിവേ = ശിവങ്കൽ, പ്രണവനതിഭഗവതേ യുത ഓന്നമോ ഭഗവതേ എന്നും കൂടി, സകലഗുണാത്മശക്തിയുക്തായ ണേന്താനന്താദികയോഗാന്തേ = അനന്തായ യോഗപീഠാത്മനേ നമഃ ഇങ്ങനെ സമഷ്ടിമന്ത്രം.

താരാദി വജ്രനഖദംഷ്ട്രായുധപദമായസംയുതം വദതു
സമഹാസിംഹായാർണ്ണം ഹ്ലന്നമ ഇത്യപി ച മഹിഷമർദ്ദിന്യാം. 56

മഹിഷമർദ്ദിന്യാം താരാദി വജ്രനഖദംഷ്ട്രായുധപദം ആയ സംയുതം = ഓം വജ്രനഖദംഷ്ട്രായുധായ എന്നും, സമഹാസിംഹായാർണം ഹ്ലന്നമഃ ഇതി അപി വദതു = മഹാസിംഹായ ഹ്ലാം നമഃ എന്നും ചൊല്ലു. ഇതി = ഇപ്രകാരം സമഷ്ടി മന്ത്രം.

ഓങ്കാരശക്തിഗണപതിബീജയുതം വദതു സർവശക്ത്യർണ്ണം
കമലാസനായവർണ്ണം പ്രണതിയുതം വിഘ്നരാജേ ച. 57

വിഘ്നരാജേ ച = ഗണപതിയിങ്കലും, ഓങ്കാരശക്തിഗണപതിബീജയുതം സർവ്വശക്ത്യർണ്ണം = ഓം ഹ്രീം ഗം സർവശക്തി എന്നും, കമലാസനായവർണ്ണം പ്രണതിയുതം വദതു = കമലാസനായ നമഃ എന്നു ചൊല്ലു. ഇങ്ങനെ സമഷ്ടിമന്ത്രം.

താരം പ്രഭൂതസിംഹാസനായസർവാക്ഷരാണി ശക്ത്യർണ്ണം

www.shripuram.org
Shripuram Publications
www.shripuram.org

ബ്രൂയാന്മയായ പത്മായേതി നമോന്തം പുനഃ പ്രഭാനാഥേ. 58

പുനഃ പ്രഭാനാഥേ = പിന്നെ ശാസ്താവിങ്കൽ, താരം പ്രഭൃതസിംഹാസനായ സർവാക്ഷരാണി = ഓം പ്രഭൃതസിംഹാസനായ സർവ എന്നും, ശക്ത്യർണ്ണം മയായ പത്മായ നമോന്തം ബ്രൂയാത് = ശക്തിമയായ പത്മായ നമഃ എന്നും ചൊല്ലൂ. ഇതി = ഇപ്രകാരം സമഷ്ടിമന്ത്രം.

ഓം സർവശക്തിയുക്തേത്യാദി മയൂരാക്ഷരാദികം വദതു
കമലാസനായ നമഃ ഇതി ഗുഹേ ച തേ കീർത്തിതാഃ സമഷ്ട്യണവഃ. 59

ഗുഹേ ച ഓം സർവശക്തിയുക്ത ഇത്യാദി മയൂരാക്ഷരാദികം കമലാസനായ നമഃ ഇതി വദതു = സുബ്രഹ്മണ്യങ്കലും ഓം സർവശക്തിയുക്ത എന്ന ആദിയായി മയൂരകമലാസനായ നമഃ എന്നും ചൊല്ലൂ. ഇങ്ങനെ സമഷ്ടിമന്ത്രം. തേ സമഷ്ട്യണവഃ കീർത്തിതാഃ = ഇപ്രകാരം എല്ലാ ദേവന്മാരിലും സമഷ്ടിമന്ത്രങ്ങൾ പറയപ്പെട്ടു.

തത്തത്സമുക്തവിധിനേതി സമർച്ച്യ പീഠം
തോയാദിഭിസ്തദുപധാം പ്രകൃതിം പ്രതർപ്യ
മൂർത്തിം ച തത്ര മനുബിംബമയീം പ്രകല്പ്യ
തത്രാഭിവാഹയതു മന്ത്രചിതിം ച മന്ത്രീ. 60

മന്ത്രീ = ആവാഹനമന്ത്രക്രമങ്ങളെ അറിഞ്ഞിരിക്കുന്ന ആചാര്യൻ, ഇതി തത്തത്സമുക്തവിധിനാ പീഠം തോയാദിഭിഃ സമർച്ച്യ = ഇപ്രകാരം അവരവർക്കും പറഞ്ഞിരിക്കുന്ന മന്ത്രങ്ങളെക്കൊണ്ട് ജലഗന്ധപുഷ്പധൂപദീപജലാന്തമായി പീഠത്തെ പൂജിച്ച്, തദുപധാം പ്രകൃതിം പ്രതർപ്യ = പീഠാശ്രമയമായ പ്രകൃതിയെ തത്തച്ഛക്തിബീജംകൊണ്ട് ആരാധിച്ച്, സർവരസമയാർഘ്യത്തെ കൊടുത്തു മാനസപൂജയും ചെയ്തു സന്തോഷിപ്പിച്ച്, തത്ര മനുബിംബമയീം മൂർത്തിം പ്രകല്പ്യ = ആ പീഠത്തുങ്കൽ ഓന്നമോ നാരായണായ വിഷ്ണുമൂർത്തയേ നമഃ ഓന്നമഃ ശിവായ സദാശിവമൂർത്തയേ നമഃ ഇത്യാദി അവരവരുടെ മൂർത്തിമന്ത്രംകൊണ്ട് ആരാധിച്ച മന്ത്രമയിയായിരിക്കുന്ന മൂർത്തിയെ കല്പിച്ച്, തത്ര മന്ത്രചിതിം അഭിവാഹയതു = അവിടെ മന്ത്രചൈതന്യത്തെ ആവാഹിപ്പൂ.

ആവാഹനപ്രകാരത്തെ പറയുന്നു.

താരത്രയം ചലനസംഗ്രഹണോദ്ഗമാർത്ഥ-
മുക്ത്വോപചാരനതികൃന്നിജഹൃത്സരോജാത്
ഉന്നീയ ചേതനകലാം വിരഹയ്യ ബന്ധാത്
താരേണ ചാത്മനി പരേ ധ്രുവതോ വിലാപ്യ. 61

www.shripuram.org
Shripuram Publications
www.shripuram.org

മന്ത്രാത്മനാ പരിണമയ്യ സുധീഃ സസംബു-
ദ്ധ്യാഗച്ഛയുഗമമഭിധായ തതോ/ഞ്ജലിസ്ഥേ
ആവാഹയാമി മനസാ ഭൃതപുഷ്പഗന്ധ-
തോയേ/വതാര്യ തനയാദഥ മന്ത്രമൂർത്തൗ. 62.

സുധീഃ = ബുദ്ധികൌശലത്തോടു കൂടിയിരിക്കുന്ന ആചാര്യൻ കൈയിൽ ഗന്ധപുഷ്പാക്ഷതങ്ങളെ എടുത്തു മൂലാധാരസമീപത്തു പിടിച്ച്, ചനലസംഗ്രഹണോദ്ഗമാർത്ഥം താരത്രയം ഉക്ത്വാ = മൂലാധാരചൈതന്യത്തിന്റെ ചലനത്തിനായിട്ടും മനോമയാഞ്ജലിയിങ്കൽ അതിനെ സംഗ്രഹിക്കുന്നതിനായിട്ടും അവിടെനിന്നും സുഷമ്നാനാഡിയിൽകൂടെ മേല്പോട്ടു പൊക്കുന്നതിനായിട്ടും മൂന്നു പ്രണവങ്ങളെ ജപിച്ചു കൈകൾ രണ്ടുംകൂട്ടി അഞ്ജലിമുദ്രയോടുകൂടി ഹൃദയത്തുങ്കലോളമുയർത്തിയാൽ, ഉപചാരനതികൃത് = തന്റെ തന്റെ ഉപചാരമന്ത്രംകൊണ്ടു ആ ദേവനെ സ്തുതിച്ച്, നിജഹൃത്സരോജാത് ചേതനകലാം ഉന്നീയ = തന്റെ ഹൃദയപത്മത്തുങ്കൽനിന്നു ചൈതന്യത്തിന്റെ അംശത്തെ ഉയർത്തി, താരേണ ബന്ധാത് വിരഹയ്യ = പ്രണവം ജപിച്ച് ആ ചൈതന്യത്തുങ്കൽനിന്നു വേറെയാക്കി ധ്രുവതഃ പരേ ആത്മനി വിലാപ്യ = പിന്നെയും പ്രണവത്തെ ജപിച്ച് ദ്വാദശാന്തപത്മസ്ഥിതമായിരിക്കുന്ന പരമാത്മാവിങ്കൽ യോജിപ്പിച്ച്, മന്ത്രാത്മനാ പരിണമയ്യ = മൂലം മൂന്നുരു ജപിച്ച് തത്തന്മന്ത്ര സ്വരൂപേണ ധ്യാനിച്ച്, സസംബുദ്ധ്യാ ആഗച്ഛയുഗം അഭിധായ = സംബോധനവിഭക്തിയോടുകൂടി വിഷ്ണോ സദാശിവ ഇത്യാദി ഭഗവൻ ആഗച്ഛ ആഗച്ഛ എന്നു ചൊല്ലി, തതഃ അഞ്ജലിസ്ഥേ ഭൃതപുഷ്പഗന്ധതോയേ അവതാര്യ = പ്രണവം ജപിച്ചു പരമാത്മാവിങ്കൽനിന്നു വേർപെട്ടിരിക്കുന്ന ചൈതന്യത്തെ സുഷമ്നാനാഡിയിൽകൂടെ താഴ്ത്തു പിംഗലയിലാക്കി ആവാഹയാമി എന്നു ജപിച്ചു വലത്തേ നാസാഗ്രമാകുന്ന പിംഗലാമുഖത്തിലൂടെ ശ്വാസരൂപേണ കൈയിൽ സംഗ്രഹിച്ചിരിക്കുന്ന ഗന്ധപുഷ്പാക്ഷതങ്ങളിൽ പ്രവേശിപ്പിച്ച്, മന്ത്രമൂർത്തൗതനയാത് = മൂലമന്ത്രം ജപിച്ചു ഗന്ധപുഷ്പാക്ഷതങ്ങളെ ബിംബഹൃദയത്തുങ്കൽ ആരാധിക്കുമ്പോൾ ആ ചൈതന്യം ബിംബത്തിന്റെ വാമനാസാഗ്രമാകുന്ന ഇഡാമുഖത്തിൽകൂടെ അകത്തു പ്രവേശിച്ചു സുഷുമ്നാമുഖേന ബിംബഹൃദയപത്മത്തുങ്കൽ യോജിക്കുമാറു ധ്യാനിച്ചു പിന്നെയും പുഷ്പങ്ങളെ ആരാധിച്ചു തൻമുദ്രകളേയും കാട്ടു.

ആവാഹിതോഭവമുഖൈരഭിവാഹനീ ച
സംസ്ഥാപനീ സമുപരിസ്ഥനിരോധനീ ച
കാര്യാഃ സമാദികനിധാപനികാ പ്രസാദ-

Shripuram Publications
www.shripuram.org

ന്യാഖ്യാ ച പഞ്ച മന്ത്രഭിഃ ക്രമശോ/ത്ര മുദ്രാഃ. 63

അത്ര ആവാഹിതോഭവമുഖൈഃ മന്ത്രഭിഃ = ആവാഹിതോ ഭവ, സംസ്ഥാപിതോ ഭവ, സന്നിരുദ്ധോ ഭവ, സാന്നിദ്ധ്യം കുരു കുരു, പ്രസീദ പ്രസീദ ഈ മന്ത്രങ്ങളെക്കൊണ്ട്, അഭിവാഹനീ സംസ്ഥാപനീ സമുപരിസ്ഥനിരോധനീ സമാദികനിധാപനികാ പ്രസാദന്യാഖ്യാ ച പഞ്ച മുദ്രാഃ കാര്യാഃ = ക്രമശഃ ആവാഹനിമുദ്രയും സംസ്ഥാനപനിമുദ്രയും സന്നിരോധനിമുദ്രയും സന്നിധാപനിമുദ്രയും പ്രസാദനിമുദ്രയും ഇങ്ങനെ അഞ്ചു മുദ്രകളെ കാട്ടൂ.

കേശാദിപാദചരമം മന്ത്രവര്യജാപീ
വ്യാപയ്യ ഗന്ധരസചർച്ചിതദോര്യുഗേന
വിന്യസ്യ സർവമിഹ സായുധഭൂഷണാന്തം
ദേവം വിഭാവയതു തത്തദണുപപത്ത്യാ. 64

മന്ത്രവര്യജാപീ = മൂലമന്ത്രത്തെ ജപിച്ച്, ഗന്ധരസചർച്ചിതദോര്യുഗേന കേശാദിപാദചരമം വ്യാപയ്യ = രണ്ടു കൈകളിലും ചന്ദനം തേച്ചു കൊണ്ടു ശിരസ്സിൽ തുടങ്ങി പാദാഗ്രത്തുങ്കലോളം മൂന്നു വ്യാപകങ്ങളെ ചെയ്ത്, ഇഹ സായുധഭൂഷണാന്തം സർവ്വം വിന്യസ്യ = ഷഡദ്ധ്വാക്കളെ എങ്കിലും ലിപിതത്ത്വങ്ങളെ എങ്കിലും ന്യസിച്ച്, മൂലാക്ഷരങ്ങളേയും അവരവരുടെ ആയുധഭൂഷണങ്ങളേയും ന്യസിച്ച്, തത്തദണുപപത്ത്യാ ദേവം വിഭാവയതു = അതതു മൂലമന്ത്രയോഗ്യമായിരിക്കുന്ന ധ്യാനങ്ങളെക്കൊണ്ടു ദേവനെ ധ്യാനിപ്പൂ.

അനന്തരം ധ്യാനങ്ങളെ പറയുന്നു.

ഭാസ്വദ്ഭാസ്വത്സഹസ്രപ്രഭമരിദരകൌമോദകീപങ്കജാനി
ദ്രാഘിഷ്ഠൈർബാഹുദണ്ഡൈർദധതമജിതമാപീതവാസോവസാനം
ധ്യായേത് സ്ഫായത് കിരീടോജ്ജ്വലമകുടമഹാകുണ്ഡലം വന്യമാലാ-
വത്സശ്രീകൌസ്തുഭാഢ്യം സ്മിതമധുരമുഖം ശ്രീധരാശ്ലിഷ്ടപാർശ്വം. 65

ഭാസ്വദ്ഭാസ്വത്സഹസ്രപ്രഭം = ശോഭിച്ചിരിക്കുന്ന ആയിരമാദിത്യന്റെ പ്രഭപോലെയിരിക്കുന്ന പ്രഭയോടുകൂടിയും, ദ്രാഘിഷ്ഠൈഃ ബാഹുദണ്ഡൈഃ അരിദരകൌമോദകീപങ്കജാനിദധതം = ദീർഘങ്ങളായിരിക്കുന്ന നാലു തൃക്കൈകളെക്കൊണ്ടു ചക്രത്തേയും ശംഖിനേയും കൌമോദകിയാകുന്ന ഗദയേയും താമരപ്പൂവിനേയും ധരിച്ചിരിക്കുന്ന പ്രകാരവും, ആപീതവാസോ വസാനം = മഞ്ഞനിറമായ വസ്ത്രത്തെ ഉടുത്തിരിക്കുന്ന പ്രകാരവും, സ്ഫായത് കിരീടോജ്ജ്വലമകുടമഹാകുണ്ഡലം = ശോഭയോടു കൂടിയ കിരീടത്തോടും മകുടത്തോടും മകരകുണ്ഡലങ്ങളോടും കൂടിയും, വ

www.shripuram.org
Shripuram Publications
www.shripuram.org

ന്യമാലാ വത്സശ്രീകൌസ്തുഭാഢ്യം = വനമാലയോടും ശ്രീവത്സത്തോടും കൌസ്തുഭത്തോടുംകൂടിയും, സ്മിതമധുരമുഖം = മന്ദസ്മിതംകൊണ്ടു മാധുര്യമായ മുഖത്തോടും കൂടിയും, ശ്രീധരാശ്ലിഷ്ടപാർശ്വം = ഇടത്തു ഭാഗത്തു ശ്രീഭഗവതിയോടും വലത്തുഭാഗത്തു ഭൂമിദേവിയോടുംകൂടിയും, അജിതം ധ്യായേത് = വിഷ്ണുവിനെ ധ്യാനിക്കണം. ഇങ്ങനെ ധ്യാനം പറഞ്ഞതുകൊണ്ട് ആയുധങ്ങളേയും ഭൂഷണങ്ങളേയും ന്യാസത്തുങ്കലേക്കും പൂജയിങ്കലേയ്ക്കും സൂചിപ്പിച്ച് ഇരിക്കുന്നു. അപ്പോൾ ചക്രായ നമഃ, ശംഖായ നമഃ, ഗദായൈ നമഃ, പത്മായ നമഃ, ഇങ്ങനെ നാലു ആയുധങ്ങൾ. കിരീടായ നമഃ, മകുടായ നമഃ, മകരകുണ്ഡലാഭ്യാം നമഃ, വനമാലായൈ നമഃ, ശ്രീവത്സായ നമഃ, ശ്രീകൌസ്തുഭായ നമഃ, ശ്രിയൈ നമഃ, പുഷ്ട്യൈ നമഃ, വൈനതേയായ നമഃ ഇങ്ങനെ പത്തുഭൂഷണങ്ങളേയും തത്തന്മുദ്രയാ ന്യസിക്കയും മൂർത്തിപൂജയിങ്കൽ പൂജിക്കയും വേണം.

ബിഭ്രദ്ദോർഭിഃ കുഠാരം മൃഗമഭയവരൌ സുപ്രസന്നോ മഹേശഃ
സർവാലംകാരദീപ്തഃ സരസിജനിലയോ വ്യാഘ്രചർമ്മാത്തവാസാഃ
ധ്യേയോ മുക്താപരാഗാമൃതരസകലിതാദ്രിപ്രഭഃ പഞ്ചവക്ത്ര-
സ്ത്ര്യക്ഷഃ കോടീരകോടീഘടിതതുഹിനരോചിഷ്കലാതുംഗമൌലിഃ. 66

ദോർഭിഃ കുഠാരം മൃഗം അഭയവരൌ ബിഭ്രത് = നാലു തൃക്കൈകളെക്കൊണ്ടു പരശുവിനേയും മൃഗത്തേയും അഭയത്തേയും വരദത്തേയും ധരിച്ച് ഇരിക്കുമാറും, സുപ്രസന്നഃ = ഏറ്റവും പ്രസന്നമായ മുഖത്തോടു കൂടി ഇരിക്കുമാറും, സർവാലങ്കാരദീപ്തഃ = കടകാംഗുലീയകേയൂരനൂപുരാദ്യലങ്കാരങ്ങളോടു കൂടി ശോഭിച്ച് ഇരിക്കുമാറും, സരസിജനിലയഃ = താമരപ്പൂവിൽ ഇരിക്കുമാറും, വ്യാഘ്രചർമ്മാത്തവാസാഃ = വ്യാഘ്രത്തിന്റെ തോല് ഉടുത്തിരിക്കുമാറും, മുക്താപരാഗാമൃതരസകലിതാദ്രിപ്രഭഃ = മുത്തുകളുടെ പൊടികൊണ്ടും അമൃതരസംകൊണ്ടും ഉണ്ടാക്കിയിരിക്കുന്ന പർവതം പോലെ വെളുത്ത നിറമായി ഇരിക്കുമാറും, പഞ്ചവക്ത്രഃ = അഞ്ചുമുഖങ്ങളോടുകൂടി ഇരിക്കുമാറും, ത്ര്യക്ഷഃ = മുഖങ്ങളഞ്ചിലും മുമ്മൂന്നു നേത്രങ്ങളോടുകൂടിയും കോടീരകോടീഘടിതതുഹിനരോചിഷ്കലാതുംഗമൌലിഃ = ജടാഭാരത്തിന്റെ അഗ്രത്തുങ്കൽ കോർത്തു ബന്ധിച്ചിരിക്കുന്ന ചന്ദ്രക്കലയോടുകൂടി ഉന്നതമായിരിക്കുന്ന കേശഭാരത്തോടുകൂടി ഇരിക്കുമാറും, മഹേശഃധ്യേയഃ = പരമേശ്വരൻ ധ്യാനിപ്പാൻ യോഗ്യനായി ഭവിക്കും. ഇവിടെ പരശവേ നമഃ, മൃഗായ നമഃ, അഭയായ നമഃ, വരദായ നമഃ, ഇതു നാലും ആയുധങ്ങൾ മകുടായ നമഃ, കപർദ്ദായ നമഃ, ചന്ദ്രകലായൈ നമഃ, ഗംഗായൈ നമഃ, പട്ടബന്ധായ നമഃ, കർണാവതംസാഭ്യാം നാഗാഭ്യാം നമഃ, കർണകുണ്ഡലാഭ്യാം നമഃ, ലലാടഭൂഷണായ നമഃ, ഗ

Shripuram Publications
www.shripuram.org

ഉഭ്രൂഷണായ നമഃ, ഹാരായ നമഃ, മാലായൈ നമഃ, ബ്രഹ്മസൂത്രായ നമഃ, ഉദരബന്ധായ നമഃ, കാഞ്ച്യൈ നമഃ, ചർമ്മാംബരായ നമഃ, ഹസ്താം ഗ ദാഭ്യാം നമഃ, ഹസ്തകടകാഭ്യാം നമഃ, പാദകടകാഭ്യാം നമഃ, പാദനൂപുരാ ഭ്യാം നമഃ, പത്മാസനായ നമഃ ഇങ്ങനെ ഭൂഷണങ്ങൾ.

ധ്യേയോ ജടാമകുടചന്ദ്രകലേദ്ധമൂർദ്ധാ-
ത്ര്യക്ഷസ്തരക്ഷ്വജിനപീതദുകൂലവാസാഃ
ഈശാച്യുതസ്ത്രിശിഖചക്രകപാലശംഖാൻ
ബിഭ്രത്സിതാസിതവപുർദ്വ്യുചിതാത്മഭൂഷഃ. 67

ജടാമകുടചന്ദ്രകലേദ്ധമൂർദ്ധാ = ജടകളേക്കൊണ്ടും മകുടം ഇരിക്ക മാറും, ത്ര്യക്ഷഃ = മൂന്നു തൃക്കണ്ണുകളോടുകൂടി, തരക്ഷ്വജിനപീതദുകൂലവാ സാഃ = വ്യാഘ്രചർമ്മത്തേയും പീതാംബരത്തേയുംകൂടി ഉടുത്തു ഇരിക്ക മാറും, ത്രിശിഖചക്രകപാലശംഖാൻ ബിഭ്രത് = തൃക്കൈകളെക്കൊണ്ട് ശൂലവും ചക്രവും ശംഖും കപാലവും ധരിച്ച് ഇരിക്കുമാറും സിതാസിത വപുഃ = ശരീരത്തിന്റെ വലത്തുഭാഗം വെളുത്ത നിറമായും ഇടത്തുഭാഗം കറുത്ത നിറമായും ദ്വ്യുചിതാത്മഭൂഷഃ = ശിവന്റെ ആഭരണങ്ങളോടും വി ഷ്ണുവിന്റെ ആഭരണങ്ങളോടുംകൂടി ഇരിക്കുമാറും, ഈശാച്യുതഃ ധ്യേയഃ = ശങ്കരനാരായണൻ ധ്യാനിപ്പാൻ യോഗ്യനായി ഭവിക്കും. ഇവിടെ ത്രി ശൂലായ നമഃ, ചക്രായ നമഃ, ശംഖായ നമഃ, കപാലായ നമഃ ഇതു ആ യുധങ്ങൾ. കപർദ്ദായ നമഃ, മകുടായ നമഃ, ചന്ദ്രകലായൈ നമഃ, നാഗകു ണ്ഡലായ നമഃ, മകരകുണ്ഡലായ നമഃ, പട്ടബന്ധായ നമഃ, ഹാരായ നമഃ, വനമാലായൈ നമഃ, സർവ്വഭൂഷണേഭ്യോ നമഃ ഇങ്ങനെ ഭൂഷണങ്ങൾ.

ദുർഗാം ധ്യായതു ദുർഗതിപ്രശമനീം ദൂർവാദളശ്യാമളാം
ചന്ദ്രാർദ്ധോജ്ജ്വലശേഖരാം ത്രിനയനാമാപീതവാസോവസം
ചക്രം ശംഖമിഷും ധനുശ്ച ദധതീം കോദണ്ഡബാണാംശയോർ
മുദ്രേ വാഭയകാമദേ സകടിബന്ധാഭീഷ്ടദാം വാനയോഃ. 68

ദുർഗതിപ്രശമനീം = ദാരിദ്ര്യത്തെ നശിപ്പിക്കശീലയായും, ദൂർവാ ദളശ്യാമളാം = കറുകനാമ്പുപോലെ പച്ചവർണ്ണത്തോടുകൂടിയിരിക്കുമാ റും, ചന്ദ്രാർദ്ധോജ്ജ്വലശേഖരാം = ചന്ദ്രക്കലയോടു കൂടിയ ശിരോലങ്കാര ത്തോടു കൂടിയിരിക്കുമാറും, ത്രിനയനാം = മൂന്നു തൃക്കണ്ണുകളോടുകൂടിയും, ആപീതവാസോവസം = ഏറ്റവും മഞ്ഞനിറമായ വസ്ത്രത്തോടുകൂടിയും ചക്രം ശംഖമിഷും ധനുഃ ച ദധതീം = തൃക്കൈകളെക്കൊണ്ടു ചക്രത്തേ യും ശംഖിനേയും ശരത്തേയും ധനുസ്സിനേയും ധരിച്ചു ഇരിക്കുമാറും, കോ ദണ്ഡബാണാംശയോഃ അഭയകാമദേ മുദ്രേ വാ ദധതീം = വില്ലും ശരവും

www.shripuram.org
Shripuram Publications
www.shripuram.org

കൂടാതെ താഴത്തെ കൈകളിൽ അഭയത്തേയും വരദത്തേയും ധരിച്ച് ഇരിക്കുമാറും, അനയോഃ സകടിബന്ധാഭീഷ്ടദാം വാ = ഈ താഴത്തെ കൈകൾ കടിബന്ധത്തോടും വരദത്തോടുംകൂടി ഇരിക്കുമാറും എങ്കിലും, ദുർഗാം ധ്യായതു = ദുർഗാഭഗവതിയെ ധ്യാനിപ്പൂ. ഇവിടെ ചക്രായ നമഃ, ശംഖായ നമഃ, ധനുഷേ നമഃ, ശരായ നമഃ ഇങ്ങനെയും, ചക്രായ നമഃ ശംഖായ നമഃ, അഭയായ നമഃ, വരദായ നമഃ ഇങ്ങനെയും, ചക്രായനമഃ, ശംഖായൈ നമഃ, കടിബന്ധായ നമഃ, വരദായ നമഃ, ഇങ്ങനെയും മൂന്നു പ്രകാരം ആയുധങ്ങൾ വരും. കിരീടായ നമഃ, മകുടായ നമഃ, ചന്ദ്രകലായൈ നമഃ, സർവഭൂഷണേഭ്യോ നമഃ ഇങ്ങനെ ഭൂഷണങ്ങൾ.

സ്ഫുരന്മകുടപത്രകുണ്ഡലവിഭൂഷിതം ചമ്പക
സ്രജാകലിതകന്ധരം കരയുഗേന ശക്തിം പവിം
ദധാനമഥവാ കടീകലിതവാമഹസ്തേഷ്ടദം
ഗുഹം ഘുസൃണഭാസുരം സ്മരതു പീതവാസോവസം. 69

സ്ഫുരന്മകുടപത്രകുണ്ഡലവിഭൂഷിതം = ശോഭിച്ചിരിക്കുന്ന മകുടത്തോടും പത്രമയങ്ങളായിരിക്കുന്ന കുണ്ഡലങ്ങളോടുംകൂടി ഇരിക്കുമാറും ചമ്പകസ്രജാകലിതകന്ധരം, ചമ്പകപ്പൂമാലകൊണ്ടു അലങ്കരിച്ചിരിക്കുന്ന കണ്ഠത്തോടുംകൂടി, കരയുഗേന ശക്തിം പവിം ദധാനം = രണ്ടു തൃക്കൈകളെക്കൊണ്ടു വജ്രത്തേയും വേലിനേയും ധരിച്ച് ഇരിക്കുമാറും, അഥവാ കടീകലിതവാമഹസ്തേഷ്ടദം = എന്നിയേ ഇടത്തുകൈ കടിബന്ധമായും വലത്തുകൈ വരദമായും ഇരിക്കുമാറും, ഘുസൃണഭാസുരം = കുങ്കുമംകൊണ്ടു ശോഭിച്ച് ഇരിക്കുമാറും, ഗുഹം സ്മരതു സുബ്രഹ്മണ്യനെ ധ്യാനിപ്പൂ, ഇവിടെ വജ്രായനമഃ, ശക്ത്യൈ നമഃ, ഇങ്ങനെയും കടിബന്ധായ നമഃ, വരദായ നമഃ ഇങ്ങനെയും രണ്ടു പ്രകാരം ആയുധങ്ങൾ വരും മകുടായ നമഃ, പത്രകുണ്ഡലായ നമഃ, ചമ്പകമാലായൈ നമഃ, സർവ്വഭൂഷണേഭ്യോ നമഃ, ഇങ്ങനെ ഭൂഷണങ്ങൾ.

വിഘ്നേശരം സപരശ്വധാക്ഷപടികാദന്തോല്ലസല്ലഡ്ഡുകൈർ-
ദോർഭിഃ പാശസൃണിസ്വദന്തവരദാഢ്യൈർവാ ചതുർഭിര്യുതം
ശുണ്ഡാഗ്രാഹിതബീജപൂരമുരുകുക്ഷിം ത്രീക്ഷണം സംസ്മരേത്
സിന്ദൂരാഭമിഭാസ്യമിന്ദുശകലാദ്യാകല്പമബ്ജാസനം. 70

ചതുർഭിഃ ദോർഭിഃ സപരശ്വധാക്ഷപടികാദന്തോല്ലസല്ലഡ്ഡുകൈഃ യുതം = നാലു തൃക്കൈകളെക്കൊണ്ടു പരശ്വധത്തേയും അക്ഷമാലയേയും സ്വദന്തത്തേയും ശോഭിച്ചിരിക്കുന്ന ലഡ്ഡുകമണി എള്ളുണ്ടയേയും ധരിച്ച് ഇരിക്കുമാറും, പാശസൃണിസ്വദന്തവരദാഢ്യൈഃ വാ = എന്നിയേ

Shripuram Publications
www.shripuram.org

പാശാങ്കശങ്ങളോടും സ്വദന്തവരദങ്ങളോടുംകൂടി ഇരിക്കുമാറും, ശുണ്ഡാഗ്രാഹിതബീജപൂരം = തുമ്പിക്കൈകൊണ്ട് എടുത്തിരിക്കുന്ന മാതളനാരങ്ങയോടും കൂടി, ഉരുകുക്ഷിം = വലുതായിരിക്കുന്ന ഉദരത്തോടുകൂടി ഇരിക്കുമാറും, ത്രീക്ഷണം = മൂന്നു കണ്ണുകളോടും കൂടിയും, സിന്ദൂരാഭം = രക്തവർണ്ണമായും, ഇഭാസ്യം = ഗജത്തിന്റെ മുഖമായും, ഇന്ദുശകലാദ്യാകല്പം = ചന്ദ്രക്കലയോടു കൂടിയും അലങ്കാരങ്ങളോടു കൂടിയും ഇരിക്കുമാറും, അബ്ജാസനം = പത്മാസനത്തുങ്കൽ ഇരിക്കുമാറും വിഘ്നേശം സംസ്മരേത് = ഗണപതിയെ ധ്യാനിപ്പൂ. ഇവിടെ പരശ്വധായ നമഃ, അക്ഷമാലായൈ നമഃ, സ്വദന്തായ നമഃ, ലഡ്ഡുകായ നമഃ, ഇങ്ങനെ നാലു ആയുധങ്ങൾ. പാശായ നമഃ, അങ്കുശായ നമഃ, സ്വദന്തായ നമഃ, വരദായ നമഃ, ഇങ്ങനെ നാല് ആയുധങ്ങൾ വരും. മകുടായ നമഃ, ചന്ദ്രകലായൈ നമഃ, പട്ടബന്ധായ നമഃ, ബീജപൂരായ നമഃ, സർവ്വഭൂഷണേഭ്യോ നമഃ, പത്മാസനായ നമഃ ഇങ്ങനെ ഭൂഷണങ്ങൾ.

സ്നിഗ്ദ്ധാരാളവിസാരികുന്തളഭരം സിംഹാസനാദ്ധ്യാസിനം
സ്ഫൂർജത്പത്രസുക്ലൃപ്തകുണ്ഡലമഥേഷ്വിഷ്വാസഭൃദ്ദോർദ്വയം
നീലക്ഷൗമവസം നവീനജലദശ്യാമം പ്രഭാസത്യക-
സ്ഥായത്പാർശ്വയുഗം സുരക്തസകലാകല്പം സ്മരേദാര്യകം. 71

സ്നിഗ്ദ്ധാരാളവിസാരികുന്തളഭരം = മനോഹരമായിരിക്കുന്ന കുറുനിരകളെക്കൊണ്ടു ചുറ്റും ശോഭിച്ചിരിക്കുന്ന കേശഭാരത്തോടും കൂടി, സിംഹാസനാദ്ധ്യാസിനം = സിംഹാസനത്തുങ്കൽ ഇരിക്കുമാറും, സ്ഫൂർജത്പത്രസുക്ലൃപ്തകുണ്ഡലം = ശോഭിച്ചിരിക്കുന്ന പത്രങ്ങളേക്കൊണ്ട് ഉണ്ടാക്കപ്പെട്ടിരിക്കുന്ന കുണ്ഡലങ്ങളോടുംകൂടി ഇഷ്വിഷ്വാസഭൃദ്ദോർദ്വയം = വില്ലും ശരവും ധരിച്ച് ഇരിക്കുന്ന രണ്ടു തൃക്കൈകളോടുംകൂടി ഇരിക്കുമാറും, നവീനജലദശ്യാമം = നൂതനമായ മേഘത്തെപ്പോലെ ശ്യാമവർണ്ണമായും, പ്രഭാസത്യകസ്ഥായത്പാർശ്വയുഗം = പ്രഭയാകുന്ന ഭാര്യയെക്കൊണ്ടും സത്യകനാകുന്ന പുത്രനെക്കൊണ്ടും ശോഭിച്ച് ഇരിക്കുന്ന രണ്ടു പാർശ്വത്തോടുംകൂടി ഇരിക്കുമാറും, സുരക്തസകലാകല്പം = ഏറ്റവും ചുകന്ന് ഇരിക്കുന്ന അലങ്കാരത്തോടുകൂടി ഇരിക്കുമാറും, ആര്യകം സ്മരേത് = ശാസ്താവിനെ ധ്യാനിപ്പൂ. ഇവിടെ ശരായ നമഃ, ധനുഷേ നമഃ ഇങ്ങനെ ആയുധങ്ങൾ. അരാളായ നമഃ നീലകുന്തളായ നമഃ, മകുടായ നമഃ, പത്രകുണ്ഡലായ നമഃ, നീലവസനായ നമഃ, സിംഹാസനായ നമഃ, പ്രഭായൈ നമഃ, സത്യകായ നമഃ, അശ്വായ നമഃ ഇങ്ങനെ ഭൂഷണങ്ങൾ.

ഇവിടെ പറഞ്ഞ ഭൂഷണങ്ങൾ ശിവനും വിഷ്ണുവിനും ഇതിലധികമായിട്ടു വിവരണത്തിൽ കാണ്മാനുണ്ട്. ശേഷം ഊഹിപ്പാനും പറകകൊ

www.shripuram.org
Shripuram Publications
www.shripuram.org

ണ്ട് ഇങ്ങനെ എഴുതി.

ഇത്യാദിതത്തത് സമഭീഷ്ടമന്ത്ര-
കല്പപ്രക്ലൃപ്തക്രമതോ/ത്ര ദേവം
നിധ്യായ ബുദ്ധ്യാ നിശിതാഗ്രയാംഗ-
പ്രത്യംഗഭംഗ്യാ പ്രകരോതു സാക്ഷാത്. 72

ഇത്യാദിതത്തത്സമഭീഷ്ടമന്ത്രകല്പപ്രക്ലൃപ്തക്രമതഃ = ഇപ്രകാരം തുടങ്ങിയുള്ള അതതു അഭീഷ്ടദേവന്മാരുടെ മൂലമന്ത്രങ്ങൾക്ക് ആഗമങ്ങളിൽ പറഞ്ഞിരിക്കുന്ന ക്രമത്തോടുകൂടി, അത്ര നിശിതാഗ്രയാ ബുദ്ധ്യാ ദേവം നിധ്യായ = ശിതാഗ്രബുദ്ധികൊണ്ട് ഈശ്വരനെ ധ്യാനിച്ച്, അംഗപ്രത്യംഗഭംഗ്യാ സാക്ഷാത് പ്രകരോതു = മുഖാദികളായ അംഗങ്ങളുടേയും ചക്ഷുരാദികളായ ഉപാംഗങ്ങളുടേയും ഭംഗിയോടുകൂടി പ്രത്യക്ഷമാക്കി ച്ചെയ്‌വൂ.

തസ്മൈ നിജേഷ്ടമനുരൂപതയാ സ്വഭക്ത്യാ
പ്രാദുസ്സതേ ദിശതു വിഷ്ടരമിഷ്ടപീഠം
ആരാദ്ധ്യ മൂലമനുനാംഘ്രിയുഗേ പ്രസൂനൈ-
സ്തം സ്വാഗതം പ്രവദതൂപഹൃതീശ്ച ദദ്യാത്. 73

സ്വഭക്ത്യാ നിജേഷ്ടമനുരൂപതയാ പ്രാദുസ്സതേ തസ്മൈ = സ്വഭക്തിനിമിത്തം തനിക്ക് ഇഷ്ടമായിരിക്കുന്ന മന്ത്രസ്വരൂപത്വേന പ്രത്യക്ഷീഭവിച്ച് ഇരിക്കുന്ന ആ ദേവനായിക്കൊണ്ട് ഇഷ്ടപീഠം വിഷ്ടരം ദിശതു = പൂജിച്ചിരിക്കുന്ന പീഠത്തോടുമൂലമന്ത്രത്തുങ്കൽ ആസനമിദം എന്നുചൊല്ലി വിഷ്ടരത്തെ കൊടുപ്പൂ മൂലമനുനാ അംഘ്രിയുഗേ പ്രസൂനൈഃ ആരാദ്ധ്യ = പിന്നെ മൂലമന്ത്രംകൊണ്ടു പാദത്തുങ്കൽ പുഷ്പങ്ങളെ ആരാധിച്ചു, തം സ്വാഗതം പ്രവദതു = തൊഴുതു സ്വാഗതമസ്തു എന്നും ചൊല്ലൂ. ഉപഹൃതീഃ ച ദദ്യാത് = പിന്നെ ഉപഹാരങ്ങളേയും കൊടുപ്പൂ.

പാദ്യാർഘ്യാചാമാദിക്ലൃപ്ത്യോപഹാരാ-
നീശാർദ്ധേശശ്രീശവിഘ്നേശ്വരേഷു
ദേവേഷ്വന്യേഷ്വർഘ്യപാദ്യാദിക്ലൃപ്ത്യാ
ദദ്യാന്മന്ത്രീ ഷോഡശ പ്രായശോ/ത്ര. 74

ഈശാർദ്ധേശശ്രീശവിഘ്നേശ്വരേഷു = ശിവങ്കലും ശങ്കരനാരായണങ്കലും ഗണപതിയിങ്കലും, പാദ്യാർഘ്യാചാമാദിക്ലൃപ്ത്യാ = പാദ്യമിദം, അർഘ്യമിദം, ആചമനീയമിദം ഇങ്ങനെ തുടങ്ങീട്ടും, അന്യേഷു അർഘ്യപാദ്യാദിക്ലൃപ്ത്യാ = വിഷ്ണുദുർഗാഗുഹശാസ്താക്കന്മാരിൽ, അർഘ്യമിദം,

www.shripuram.org
Shripuram Publications
www.shripuram.org

പാദ്യമിദം, ആചമനീയമിദം ഇത്യാദി ആയിട്ടും, മന്ത്രീ അത്ര ഷോഡശ ഉപഹാരാൻ പ്രായശഃ ദദ്യാത് = ആചാര്യനിവിടെ മിക്കവാറും പതിനാറ് ഉപഹാരങ്ങളെ കൊടുപ്പൂ.

ഷോഡശോപഹാരങ്ങളെ പ്രപഞ്ചസാരത്തിൽ പറഞ്ഞിരിക്കുന്നതിനേയും കാട്ടുന്നു.

ആസനസ്വാഗതേ സാർഘ്യപാദ്യേ സാചമനീയകേ
മധുപർക്കാചമസ്നാനവസനാഭരണാനി ച
സഗന്ധസുമനോധൂപദീപനൈവേദ്യവന്ദനാഃ
പ്രയോജയേദർച്ചനായാമുപചാരാംസ്തു ഷോഡശ.

ഇങ്ങനെ ഷോഡശോപചാരമന്ത്രങ്ങൾ. മന്ത്രി എന്നു പറഞ്ഞതുകൊണ്ടു അർഘ്യമിദം സമർപ്പയാമി, പാദ്യമിദം സമർപ്പയാമി ഇത്യാദി സ്വസ്വമൂലാന്തത്തുങ്കൽ ചൊല്ലി അർഘ്യാദികളെ കൊടുക്കണമെന്നു താല്പര്യം.

അർഘ്യം സമർപ്പയതു ദക്ഷിണദോഷ്ണി ദോർഭ്യാം
മൂർദ്ധ്നേ്യവ വാ ദരഭൃതം പദയോശ്ച പാദ്യം
ആചാമകം ച മധുപർക്കമപി പ്രദദ്യാത്
പാണൌ പുരേവ പുനാരചമനീയകം ച. 75

ദരഭൃതം അർഘ്യം ദോർഭ്യാം ദക്ഷിണദോഷ്ണി വാ മൂർദ്ധ്നി വാ സമർപ്പയതു = അർഘ്യാദിദ്രവ്യങ്ങളോടുകൂടി മുമ്പേ ഉണ്ടാക്കിയിരിക്കുന്ന ജലത്തേ ശംഖിൽ എടുത്തു രണ്ടുകൈകളേക്കൊണ്ടും പിടിച്ച്, ദേവന്റെ വലത്തുകൈയിൽതാൻ ശിരസ്സിൽതാൻ സമർപ്പിപ്പൂ. പദയോഃ പാദ്യം = പാദാഗ്രങ്ങളിലിപ്രകാരം പാദ്യജലത്തേക്കൊടുപ്പൂ. പാണൌ ആചാമകം മധുപർക്കം പുരാ ഇവ പുനരാചമനീയകം ച = മുമ്പിലേപ്പോലെ വലത്തുകൈയിലാചമനീയത്തേയും മധുപർക്കത്തേയും പുനരാചമനീയത്തേയും കൊടുപ്പൂ. ഇവിടെ അർഘ്യാദിദ്രവ്യങ്ങൾ കലശത്തുങ്കൽ പറയുന്നത്. മധുപർക്കം = തൈരും തേനും നെയ്യും കൂടിതാകുന്നു.

സംസ്നാപ്യ രാതു വസനദ്വിതയോപവീത-
സംഭൂഷണാന്യഥ യജേജ്ജലഗന്ധപൂർവൈഃ
പ്രാക് സ്നാനതഃ പരിഷദോ/ത്ര വിഹൃത്യ വിഷ്വക്
താഭ്യഃ പൃഥക് പ്രദിശതുപഹൃതീര്യഥാർഹം. 76

സംസ്നാപ്യ = പിന്നെ അഭിഷേകത്തേച്ചെയ്തു, വസനദ്വിതയോപവീതസംഭൂഷണാനി രാതു = സ്നാനത്തേ കൊടുത്താൽ 'ആപോഹിഷ്ഠാ

www.shripuram.org
Shripuram Publications
www.shripuram.org

ദി' മൂന്നുകൊണ്ടു തളിച്ച പുനഃസ്നാനത്തേ കൊടുക്കണമെന്നും പക്ഷമുണ്ടാകയാൽ ആയതിനേയുംകൊടുത്തു വസ്ത്രത്തേയും അംഗവസ്ത്രത്തേയും ഉപവീതത്തേയും അർഘ്യാദി ത്രയത്തേയും കൊടുപ്പൂ. ഇവിടെ ഓരോരോ ഉപഹാരങ്ങളേ കൊടുത്താൽ ശംഖു കഴുകി മറ്റേതിനേ എടുത്തു കൊടുപ്പൂ. അഥ ജലഗന്ധപൂർവൈഃ യജേത് = പിന്നെ ജലഗന്ധപുഷ്പധൂപദീപങ്ങളേക്കൊണ്ടു പൂജിപ്പൂ. അത്ര സ്നാനതഃ പ്രാക് പരിഷദഃ വിഹൃത്യ = ഇവിടെ സ്നാനത്തിനു മുമ്പിൽ പരിവാരങ്ങളേ ദേവങ്കൽനിന്നു വേറെയാക്കി, താഭ്യഃ പൃഥക് ഉപഹൃതീഃ ദിശതു = ആ പരിവാരങ്ങൾക്കായിക്കൊണ്ടും അർഘ്യാദി ത്രയത്തേ കൊടുക്കണം.

ആരാധ്യ തത്ര കുസുമം പ്രണവേന ഭാവ്യം
ദേവാത്തഥാ പ്രസരണം പരിഷദ്ഗണസ്യ
സിന്ധോരുര്യഥോർമ്മിപടലസ്യ യഥാ ച വഹ്നേ-
രിദ്ധാത് സ്ഫുലിംഗനികരസ്യ ഭിദാഭിദാവത്. 77

തത്ര പ്രണവേന കുസുമം ആരാധ്യ ദേവാത് പരിഷദ് ഗണസ്യ പ്രസരണം തഥാ ഭാവ്യം = അവിടെ പ്രണവംകൊണ്ടു പ്രസരണമുദ്രയാ പുഷ്പങ്ങളേ ആരാധിച്ച്, ദേവങ്കൽനിന്ന് മൂർത്ത്യംഗാദിപരിവാരങ്ങൾ വേറേ ആയിരിക്കുന്ന പ്രകാരം അപ്രകാരം ഭാവിക്കണം. സിന്ധോഃ ഊർമ്മിപടലസ്യ = സമുദ്രത്തിന്റെ തിരമാലകൾക്കും, ഇദ്ധാദ് വഹ്നേഃ സ്ഫുലിംഗനികരസ്യ = കത്തുന്ന തീയുടെ പൊരികൾക്കും, ഭിദാഭിദാവദ് യഥാ = ഭേദാഭേദത്വം യാതൊരു പ്രകാരം അപ്രകാരം എന്നു താൽപര്യം.

ഈശേ ഷഡാവൃതിരിയം പരിവാരക്ലൃപ്തിഃ
പഞ്ചാവൃതിഃ പയസിജാക്ഷനിസുംഭഹന്ത്ര്യോഃ
പ്രോക്താ പരേഷു ചതുരാവൃതിരംഗപൂർവാ
സർവേഷു ശർവഗുഹയോരപി മൂർത്തിപൂർവാ. 78

ഈശേ ഇയം പരിവാരക്ലൃപ്തിഃ ഷഡാവൃതിഃ = ശിവങ്കൽ ഈ പരിവാരങ്ങളുടെ കല്പന ആറു ആവരണമായിട്ടും പയസിജാക്ഷനിസുംഭഹന്ത്ര്യോഃ = വിഷ്ണുവിങ്കലും ദുർഗ്ഗയിങ്കലും, പഞ്ചാവൃതിഃ = അഞ്ചു ആവരണമായിട്ടും, പരേഷു ചതുരാവൃതിഃ = ശേഷം ഹരിഹരാദി നാലിടത്തും നാല് ആവരണമായിട്ടും, പ്രോക്താ = പറയപ്പെട്ടു. സർവേഷു അംഗപൂർവാ = എല്ലാ ദേവന്മാരിലും അംഗാവരണം മുമ്പായിട്ടു ഭവിക്കും. ശർവഗുഹയോഃ അപി മൂർത്തിപൂർവാ = ശിവങ്കലും സുബ്രഹ്മണ്യങ്കലും മൂർത്ത്യാവരണം മുമ്പായി രണ്ടാമത് അംഗാവരണം തുടങ്ങീട്ടും ഭവിക്കും.

Shripuram Publications
www.shripuram.org

അംഗാന്യഷ്ട ഹരൌ യജേച്ഛതമഖാദ്യാശാസു വർമ്മാന്തിമാം
ദിക്ഷ്വസ്ത്രം വിദിശീതി പഞ്ച ച കുമാര്യാം തത്തഥാ/ഗ്രേ/ക്ഷി ച
അഗ്നീശാശരവായുദിക്ഷു പുരതോ/ക്ഷ്യന്തം ദിശാസ്വസ്ത്രകം
ഷട് ശേഷേഷ്വിതി ഷൺമുഖേ/സ്ത്രയജനാന്തേ നേത്രമഗ്രേ/ന്തിമം. 79

ഹരൌ ശതമഖാദ്യാശാസു അഷ്ട അംഗാനി = വിഷ്ണുവിങ്കൽ കിഴക്കു തുടങ്ങി പ്രദക്ഷിണമായി എട്ടു ദിക്കുകളിൽ അഷ്ടാംഗങ്ങളേയും, ദിക്ഷു വർമ്മാന്തിമം വിദിശി അസ്ത്രം ഇതി പഞ്ച അംഗാനി = കിഴക്കു തുടങ്ങി ദിക്കുകളിൽ ഹൃദയാദി കവചാന്തം നാലിനേയും അഗ്ന്യാദി കോണുകൾ നാലിലും അസ്ത്രത്തേ നാലു പ്രാവശ്യവും ഇങ്ങനെ പഞ്ചാംഗങ്ങളേയും പൂജിപ്പൂ. കുമാര്യാം തത് തഥാ അഗ്രേ അക്ഷി ച = ദുർഗയിങ്കൽ അത് അപ്രകാരം ഹൃദയാദി കവചാന്തം ദിക്കുകളിലും അസ്ത്രം നാലു കോണിലും മുമ്പിൽ നേത്രത്തേയും പൂജിപ്പൂ. ശേഷേഷു = ശിവാദി അഞ്ചു ദേവന്മാരിലും, അഗ്നീശാശരവായുദിക്ഷു പുരതഃ ച അക്ഷ്യന്തം = അഗ്നികോണിൽ ഹൃദയത്തേയും ഈശകോണിൽ ശിരോമന്ത്രത്തേയും നിരൃതികോണിൽ ശിഖാമന്ത്രത്തേയും വായുകോണിൽ കവചത്തേയും മുമ്പിൽ നേത്രമന്ത്രത്തേയും, ദിശാസു അസ്ത്രകം ഇതി ഷട് = പ്രാഗാദി നാലു ദിക്കിലും അസ്ത്രത്തേ നാലു പ്രാവശ്യവും, ഇങ്ങനെ ഷഡംഗങ്ങളേ പൂജിപ്പൂ. ഷൺമുഖേ അസ്ത്രയജനാന്തേ അഗ്രേ അന്തിമം നേത്രം = സുബ്രഹ്മണ്യങ്കൽ കോണുകളിലും ദിക്കുകളിലും അസ്ത്രാന്തം കഴിഞ്ഞാൽ മുന്നിൽ നേത്രത്തേ ഒടുക്കം പൂജിപ്പൂ.

അനന്തരം പരിവാരങ്ങളെ വെവ്വേറെ പറയുന്നു.

ഹരൌ പ്രചേതസ്യപി വൈനതേയം
സുദർശനം പ്രേതപതൌ സുധാംശൌ
കൌമോദകീമാവരണദ്വയാന്തേ
കോണേഷു ചാഗ്ന്യാദിഷു പാഞ്ചജന്യം. 80

ശോഷാസ്പദേ ശാർങ്ഗമഥേഷുധീ ദ്വൌ
സുഗ്രീവകേ ഭൃംഗപദേ ച ഖഡ്ഗം
മുഖ്യേ ച ഖേടം വിതഥേ ശ്രിയം ച
പുഷ്ടിം ദിതാവര്യമണി സ്വമാലാം. 81

ശ്രീവത്സചിഹ്നം ച ഭൃശേ ജയന്തേ
ശ്രീകൌസ്തുഭം ച ന്യസതു ത്രിധാമ്നി
ഏവം സമുക്താ//വൃതിദിഗ്വ്യവസ്ഥാ

www.shripuram.org
Shripuram Publications
www.shripuram.org

വ്യത്യസ്യതേ കൈശ്ചിദിയം ക്വചിച്ച. 82

ത്രിധാമ്നി ആവരണദ്വയാന്തേ = വിഷ്ണുവിങ്കൽ അംഗങ്ങളുടെ ആവരണം രണ്ടും കഴിഞ്ഞാൽ അതിന്റെ പുറമേ, ഹരൌ പ്രചേതസി അപി വൈനതേയം = കിഴക്കും പടിഞ്ഞാറും ആയി വൈനതേയായ നമഃ എന്ന രണ്ടു പ്രാവശ്യവും, പ്രേതപതൌ സുദർശനം സുധാംശൌ കൌമോദകീം = തെക്ക സുദർശനായ നമഃ എന്നും വടക്ക് കൌമോദകൈ്യ നമഃ എന്നും, അഗ്ന്യാദിഷു കോണേഷു പാഞ്ചജന്യം = അഗ്ന്യാദി കോണനാലിലും ആയി പാഞ്ചജന്യായ നമഃ എന്ന നാലു പ്രാവശ്യവും, ശോഷാസ്പദേ ശാർങ്ഗം = വരുണന്റേയും വായുവിന്റേയും നടുവിൽ ശോഷപദത്തുങ്കൽ ശാർങ്ഗായ നമഃ എന്നും, സുഗ്രീവകേ ഇഷുധീ ദ്വൌ = വരുണനിരൃതിമദ്ധ്യത്തുങ്കൽ സുഗ്രീവപദത്തുങ്കൽ ഇഷുധിഭ്യാം നമഃ എന്നും, ഭൃംഗപദേ ഖഡ്ഗം = യമനിരൃതിമദ്ധ്യത്തുങ്കൽ ഖഡ്ഗായ നമഃ എന്നും, മുഖ്യേ ഖേടം = സോമവായുമദ്ധ്യത്തുങ്കൽ ഖേടായ നമഃ എന്നും, വിതഥേ ശ്രിയം = യമന്റേയും അഗ്നിയുടേയും ഇടയിൽ ശ്രീയൈ നമഃ എന്നും, ദിതൌ പുഷ്ടിം = സോമേശാനമദ്ധ്യത്തുങ്കൽ പുഷ്ട്യൈ നമഃ എന്നും, അര്യമണി സ്വമാലാം ച = കിഴക്ക വനമാലായൈ നമഃ എന്നും, ഭൃശേ ശ്രീവത്സചിഹ്നം = ഇന്ദ്രന്റേയും അഗ്നിയുടേയുമിടയിൽ ശ്രീവത്സായ നമഃ എന്നും, ജയന്തേ ശ്രീകൌസ്തുഭം ച = ഇന്ദ്രേശാനമദ്ധ്യത്തുങ്കൽ ശ്രീകൌസ്തുഭായ നമഃ എന്നും, ന്യസതു = ഇങ്ങനെ കല്പിച്ചു പൂജിപ്പൂ. ഏവം സമുക്താ ആവൃതിദിഗ്വ്യവസ്ഥാ = ഇങ്ങനെ പറഞ്ഞിരിക്കുന്ന ആവരണങ്ങളുടെ സ്ഥാനക്രമം, കൈശ്ചിത ക്വചിത വ്യത്യസ്യതേ = ചില ആചാര്യന്മാർ പശ്ചിമദ്വാരത്തുങ്കൽ ചിലതു മാറി കല്പിക്കുന്നു.

ഗൌരീപതൌ പുംബഹുരൂപസദ്യ-
വാമേശമൂർത്തീഃ പരിതഃ ക്രമേണ
ഇന്ദ്രാർക്കിവാരീഡ്വസുപാജദിക്സ്ഥാ-
മൂർത്തീരഥാംഗാവരണം പ്രകല്പ്യ. 83

അനന്തസൂക്ഷ്മൌ ച ശിവോത്തമൈക-
നേത്രൈകരുദ്രാംശ്ച പുനസ്ത്രിമൂർത്തിം
ശ്രീകണ്ഠസംജ്ഞം ച ശിഖണ്ഡിനം ച
വൃഷേശപൂർവാസു ച ദിഗ്വിദിക്ഷു. 84

ഉമാം ച ചണ്ഡേശ്വരനന്ദിനൌ ച
തഥാ മഹാകാളഗണേശ്വരൌ ച

www.shripuram.org
Shripuram Publications
www.shripuram.org

വൃഷം ന്യസേദ് ഭൃംഗിരിടിം ക്രമേണ
സ്കന്ദം ച സോമാദ്യനിലാന്തദിക്ഷു. 85

ഗൌരീപതൌ = ശിവങ്കൽ, ഇന്ദ്രാർക്കിവാരീഡ്വസുപാജദിക് സ്ഥാഃ പുംബഹ്വഘ്രുപസദ്യവാമേശമൂർത്തീഃ പരിതഃ പ്രകല്പ്യ = കിഴക്ക് മം തൽപുരുഷായ നമഃ എന്നും, തെക്ക് ശിം അഘോരായ നമഃ എന്നും, പടിഞ്ഞാറ് യം സദ്യോജാതായ നമഃ എന്നും, വടക്ക് വാം വാമദേവായ നമഃ എന്നും, ഈശകോണിൽ നാം ഈശാനായ നമഃ എന്നും ഇങ്ങനെ ചുറ്റും മൂർത്ത്യാവരണത്തേ കല്പിച്ചാൽ, അഥ അംഗാവരണം ച പ്രകല്പ്യ – പിന്നെ അതിന്ന പുറത്ത് അംഗാവരണത്തെ എട്ടുദിക്കിലും കല്പിപ്പൂ. വൃഷേശപൂർവാസു ദിഗ്വിദിക്ഷു = കിഴക്കു തുടങ്ങി നാലു ദിക്കുകളിലും ഈശകോണിൽ തുടങ്ങി നാലു കോണുകളിലായിട്ടും, അനന്തസൂക്ഷ്മൗ = അനന്തായ നമഃ സൂക്ഷ്മായ നമഃ, ശിവോത്തമൈ കനേത്രൈ കരുദ്രാൻ = ശിവോത്തമായ നമഃ ഏകനേത്രായ നമഃ ഏകരുദ്രായ നമഃ, ത്രിമൂർത്തിം ശ്രീകണ്ഠസംജ്ഞം ശിഖണ്ഡിനം ച = ത്രിമൂർത്തയേ നമഃ, ശ്രീകണ്ഠായ നമഃ ശിഖണ്ഡിനേ നമഃ ഈ എട്ടിനേയും കല്പിപ്പൂ. സോമാദ്യനിലാന്തദിക്ഷു = പിന്നെ വടക്കു തുടങ്ങി വായുകോണിൽ അവസാനമായി പ്രദക്ഷിണക്രമേണ, ഉമാം ചണ്ഡേശ്വരനന്ദിനൗ = ഉമായൈ നമഃ ചണ്ഡേശ്വരായ നമഃ നന്ദിനേ നമഃ, മഹാകാളഗണേശ്വരൌ = മഹാകാളായ നമഃ, ഗണേശ്വരായ നമഃ, വൃഷം ഭൃംഗിരിടിം സ്കന്ദം ച ക്രമേണ ന്യസേത് = വൃഷായ നമഃ ഭൃംഗിരിടയേ നമഃ സ്കന്ദായ നമഃ ഈ പതിനാറിനേയും രണ്ടു ആവരണമായി കല്പിപ്പൂ.

സ്കന്ദേ ന്യസേദ്ദിക്ഷു സനൽകുമാരം
സ്കന്ദം ച ബാണം ച സഹേമചൂഡം
ഭദ്രാദിസേനം ഭവപുത്രദേവ-
സേനേ ശിവാദ്യശ്രിഷു ദേവയാനീം. 86

സ്കന്ദേ = സുബ്രഹ്മണ്യങ്കൽ, ദിക്ഷു സനൽകുമാരം സ്കന്ദം ബാണം സഹേമചൂഡം = ദിക്കുകളിൽ സനൽകുമാരായ നമഃ, സ്കന്ദായ നമഃ, ബാണായ നമഃ, ഹേമചൂഡായ നമഃ, ഈ നാലും, ശിവാദ്യശ്രിഷു = ഈശകോണിൽ തുടങ്ങി നാലു കോണുകളിലും, ഭദ്രാദിസേനം ഭവപുത്രദേവസേനേ ദേവയാനീം ച ന്യസേത് = ഭദ്രസേനായ നമഃ, ഭവപുത്രായ നമഃ, ദേവസേനായൈ നമഃ, ദേവയാന്യൈ നമഃ, ഈ നാലും പൂജിച്ചു അംഗാവരണം ഇന്ദ്രാദി വജ്രാദി നിർമ്മാല്യധാരീ ഇങ്ങനെ ക്രമം.

അംഗാന്തേ പുരുഷാദിസദ്യചരമാഃ സ്വാശാസു ശൈവീഃ ക്രമാ-

www.shripuram.org
Shripuram Publications
www.shripuram.org

ദന്യാശ്ചാശ്രിഷു പാവകാദിഷു ചതസ്രോ വാസുദേവാദികാഃ
മൂർത്തീഃ കല്പയതു ത്രിലോചനഹരൌ പ്രാക് ചണ്ഡസേനാദിഹ
സ്വം വാഹം വൃഷസംജ്ഞകം ച ഗരുഡാത്മാനം സുധീരഗ്രതഃ. 87

ത്രിലോചനഹരൌ അംഗാന്തേ = ശങ്കരനാരായണങ്കൽ അംഗാവരണം കഴിഞ്ഞാൽ, സ്വാശാസു പുരുഷാദിസദ്യചരമാഃ ശൈവീഃ മൂർത്തീഃ = ശിവങ്കൽ പറഞ്ഞപോലെ ദിക്കുകളിൽ മം തത്പുരുഷായ നമഃ, ശിം അഘോരായ നമഃ, യം സദ്യോജാതായ നമഃ, വാം വാമദേവായ നമഃ, ഈ ശിവന്റെ മൂർത്ത്യാവരണത്തേയും, പാവകാദിഷു അന്യാഃ വാസുദേവാദികാഃ ചതസ്രഃ = അഗ്ന്യാദി നാലു കോണുകളിൽ വിഷ്ണുവിങ്കലേപ്പോലെ വാസുദേവായ നമഃ, സങ്കർഷണായ നമഃ, പ്രദ്യുമ്നായ നമഃ, അനിരുദ്ധായ നമഃ ഈ നാലിനേയും, മൂർത്തീഃ കല്പയതു = മൂർത്തിമന്ത്രങ്ങളെ പൂജിപ്പൂ. ഇഹ ചണ്ഡസേനാത് പ്രാഗ് വൃഷസംജ്ഞകം ഗരുഡാത്മാനം സ്വം വാഹം ച അഗ്രതഃ സുധീഃ കല്പയതു = ഇവിടെ നിർമ്മാല്യധാരിയുടെ മുമ്പിൽ വൃഷായ ഗരുഡാത്മനേ നമഃ എന്നു തന്റെ വാഹനത്തേയും അഗ്രഭാഗത്തുങ്കൽ പൂജിപ്പൂ.

ന്യസ്യ ജയാം വിജയാമപി കീർത്തിം പ്രീതിം പ്രഭാം തഥാ ശ്രദ്ധാം
മേധാം ശ്രുതിം ദ്വിതീയാവരണേ പ്രാഗാദിദിക്ക്രമാത്തദനു. 88

ചക്രം ശംഖം സഗദം ഖഡ്ഗം പാശാങ്കുശൌ ശരം ച ധനുഃ
സ്ഥാപയതു സുംഭഹന്ത്ര്യാം ഷോഡശകേ/ത്രാദിമാക്ഷരം ബീജം. 89

കീർത്തിപ്രീത്യോർമേധായാശ്ചാദ്യസ്വരയുതം വിരേഫം ച
ചക്രേ രമേവ സംബുദ്ധ്യന്തമിഹാസ്ത്രാഷ്ടകം ഫഡന്തം ച. 90

സുംഭഹന്ത്ര്യാം ദ്വിതീയാവരണേ പ്രാഗാദിദിക്ക്രമാത് ജയാം വിജയാം കീർത്തിം പ്രീതിം പ്രഭാം ശ്രദ്ധാം മേധാം ശ്രുതിം ച ന്യസ്യതദനു ചക്രം ശംഖം സഗദം ഖഡ്ഗം പാശാങ്കുശൌ ശരം ധനുഃ ച സ്ഥാപയതു. അത്ര ഷോഡശകേ ആദിമാക്ഷരം ബീജം = ഈ പതിനാറിനു ആദിയിലത്തേ അക്ഷരം ബീജമായിട്ടു ഭവിക്കും. കീർത്തിപ്രീത്യോഃ മേധായാഃ ച = കീർത്തിപ്രീതി രണ്ടിനും മേധയ്ക്കും ആദിയിലത്തേ അച്ചു കൂട്ടിയും രേഫം കൂടാതെയും ബീജം ഭവിക്കും. ചക്രേ രം ഏവ = ചക്രത്തിനു രം എന്ന ബീജം. ഇഹ അസ്ത്രാഷ്ടകം സംബുദ്ധ്യന്തം ഫഡന്തം = ഇവിടെ ഒടുക്കത്തെ വിഭക്തികൾ എട്ടും സംബോധനവിഭക്തിയോടുകൂടി ഫട് എന്നു അവസാനമായിട്ടും ഭവിക്കും. ദുർഗ്ഗയിങ്കൽ അംഗാവരണം കഴിഞ്ഞാൽ രണ്ടാമത്തെ ആവരണത്തുങ്കൽ ജം ജയായൈ നമഃ, വിം വിജാ

www.shripuram.org
Shripuram Publications
www.shripuram.org

യയൈ നമഃ, കം കീർത്യൈ നമഃ, പം പ്രീത്യൈ നമഃ, പ്രം പ്രഭായൈ നമഃ, ശ്രം ശ്രദ്ധായൈ നമഃ, മം മേധായൈ നമഃ, ശ്രും ശ്രുത്യൈ നമഃ, ഈ എട്ടും കിഴക്കു തുടങ്ങി പ്രദക്ഷിണമായിട്ടും പിന്നെയും ഇങ്ങനെ കിഴക്കു തുടങ്ങി രം ചക്രഫട് നമഃ, ശം ശങ്ഖ ഫട് നമഃ, ഗം ഗദേ ഫട് നമഃ, ഖം ഖഡ്ഗ ഫട് നമഃ, പം പാശ ഫട് നമഃ, അം അംകുശ ഫട് നമഃ, ശം ശര ഫട് നമഃ, ധം ധനുഃ ഫട് നമഃ, ഇങ്ങനെ തൃതീയാവരണേ. പിന്നെ ഇന്ദ്രാദി വജ്രാദി നിർമ്മാല്യധാര്യന്തം.

ദിക്ഷു ക്ഷുരികാം ഖഡ്ഗം ധനുഃ ശരം ഹ്രുംഫഡാദികം ന്യസ്യ
ശാർവേ മധുകരമഗ്നൌ ശംബരമപ്യാര്യകേ/ംഗവൃത്യന്തേ. 91

ആര്യകേ അംഗവൃത്യന്തേ = ശാസ്താവിങ്കൽ അംഗാവരണം കഴിഞ്ഞാൽ, ദിക്ഷു ഹ്രുംഫഡാദികം ക്ഷുരികാം ഖഡ്ഗം ധനുഃ ശരം = ദിക്കുകളിൽ ഹ്രും ഫട് ക്ഷുരികായൈ നമഃ, ഹ്രും ഫട് ഖഡ്ഗായ നമഃ, ഹ്രും ഫഡ് ധനുഷേ നമഃ, ഹ്രും ഫട് ശരായ നമഃ ഇതു നാലും, ശാർവേ മധുകരം അഗ്നൌ ശംബരം അപി = ഈശകോണിൽ മധുകരായ നമഃ എന്നും, അഗ്നികോണിൽ ശംബരായ നമഃ എന്നും ന്യസ്യ = പൂജിപ്പൂ. പിന്നെ ഇന്ദ്രാദികൾ.

ന്യസ്യ ഗണഞ്ജയവിഘ്നൈകദംഷ്ട്രവീരഗജവക്ത്രാൻ
ലംബോദരവരദാഭിധഭക്തപ്രിയമഷ്ടദിക്ക്രമതഃ. 92

ഓജസ്വരബീജയുതാൻ വിഘ്നേശേ ചാവൃതൌ ദ്വിതീയായാം
ഗദിതമസാധാരണമിത്യാവരണം കീർത്തയേ/ഥ സാമാന്യം. 93

വിഘ്നേശേ ദ്വിതീയായാം ആവൃതൌ = ഗണപതിയിങ്കൽ രണ്ടാമത്തേ ആവരണത്തിങ്കൽ, ഓജസ്വരബീജയുതാൻ = ഒറ്റ അച്ചുകളോടു കൂടിയ ബീജങ്ങളോടു കൂടി, ഗണഞ്ജയവിഘ്നൈകദംഷ്ട്രവീരഗജവക്ത്രാൻ ലംബോദരവരദാഭിധഭക്തപ്രിയം അഷ്ടദിക്ക്രമതഃ ന്യസ്യ = ഗം ഗണഞ്ജയായ നമഃ, ഗിം വിഘ്നേശായ നമഃ, ഗും ഏകദംഷ്ട്രായ നമഃ, ഗൃം ഏകവീരായ നമഃ, ഗ്ഌം ഗജവക്ത്രായ നമഃ, ഗേം ലംബോദരായ നമഃ, ഗോം വരദായ നമഃ, ഗം ഭക്തപ്രിയായ നമഃ ഈ എട്ടിനേയും കിഴക്കു തുടങ്ങി എട്ടുദിക്കിലും ക്രമേണ ഇരുത്തി പൂജിപ്പൂ. ഇതി അസാധാരണം ആവരണം ഗദിതം = ഇപ്രകാരം സമമല്ലാതെ ഇരിക്കുന്ന ആവരണം പറയപ്പെട്ടു. അഥ സാമാന്യം കീർത്തയേ = ഇനി എല്ലാവർക്കും തുല്യമായ ആവരണം രണ്ടിനേയും പറയുന്നു.

പ്രാഗാദ്യാശാസ്വിന്ദ്രാഗ്നിയമനിരൃതിവരുണവായുസോമേശാനാൻ

www.shripuram.org
Shripuram Publications
www.shripuram.org

നിരൃതാവനന്തമീശേ ബ്രഹ്മാണം മന്ത്രവിത് ക്രമേണ യജേത്. 94

മന്ത്രവിത് പ്രാഗാദ്യാശാസു ഇന്ദ്രാഗ്നിയമനിരൃതിവരുണ വായുസോമേശാനാൻ നിരൃതൌ അനന്തം ഈശേ ബ്രഹ്മാണം ച ക്രമേണ യജേത് = മന്ത്രങ്ങളേ അറിഞ്ഞിരിക്കുന്ന ആചാര്യൻ കിഴക്കു തുടങ്ങി ക്രമേണ എട്ടു ദിക്കുകളിലും ഇന്ദ്രായ സുരാധിപതയേ വിഷ്ണുപാർഷദേ നമഃ, അഗ്നയേ തേജോധിപതയേ വിഷ്ണുപാർഷദേ നമഃ, യമായ പ്രേതാധിപതയേ വിഷ്ണുപാർഷദേ നമഃ, നിരൃതയേ രക്ഷോധിപതയേ വിഷ്ണുപാർഷദേ നമഃ, വരുണായ ജലാധിപതയേ വിഷ്ണുപാർഷദേ നമഃ, വായവേ പ്രാണാധിപതയേ വിഷ്ണു പാർഷദേ നമഃ, സോമായ നക്ഷത്രാധിപതയേ വിഷ്ണുപാർഷദേ നമഃ, ഈശാനായ വിദ്യാധിപതയേ വിഷ്ണുപാർഷദേ നമഃ, പിന്നെ നിരൃതികോണിൽ അനന്തായ നാഗാധിപതയേ വിഷ്ണുപാർഷദേ നമഃ ഈശകോണിൽ ബ്രഹ്മണേ ലോകാധിപതയേ വിഷ്ണുപാർഷദേ നമഃ, ഇങ്ങനെ ദിക്പാലന്മാരേ പൂജിപ്പൂ. ശിവാദികൾക്ക് രുദ്രപാർഷദേ നമഃ ഇത്യാദി അവരവരുടെ പാർഷത്തുകളായ് വേണം.

വജ്രം ശക്തിം ദണ്ഡം ഖഡ്ഗം പാശാങ്കശൌ ഗദാം ശൂലം
ചക്രം പദ്മം ച തഥാ ന്യസ്യേദിന്ദ്രാദിബാഹ്യതഃ ക്രമതഃ. 95

ഇന്ദ്രാദിബാഹ്യതഃ തഥാ ക്രമതഃ വജ്രം ശക്തിം ദണ്ഡം ഖഡ്ഗം പാശാങ്കശൌ ഗദാം ശൂലം ചക്രം പദ്മം ച ന്യസ്യേത = ഇന്ദ്രാദികളുടെ പുറത്ത് കിഴക്കു തുടങ്ങി വജ്രായ നമഃ, ശക്ത്യൈ നമഃ, ദണ്ഡായ നമഃ, ഖഡ്ഗായ നമഃ, പാശായ നമഃ, അങ്കുശായ നമഃ, ഗദായൈ നമഃ, ത്രിശൂലായ നമഃ, നിരൃതിയിങ്കൽ ചക്രായ നമഃ, ഈശകോണിൽ പദ്മായ നമഃ, ഇങ്ങനെ ദിക്പാലായുധങ്ങളേയും ന്യസിപ്പൂ = എന്നാൽ പൂജിപ്പൂ എന്നു താല്പര്യം.

വിഷ്വക്സേനപ്രമുഖം നിർമ്മാല്യഭുജം നിജം നിജം യജതു
ദിക്പാലാസ്ത്രാവസിതൌ ദിക്പാവൃത്യന്തരേ ച ദിതിഭാഗേ. 96

ദിക്പാലാസ്ത്രാവസിതൌ = ദിക്പാലന്മാരുടേയും തദസ്ത്രങ്ങളുടേയും ഒടുക്കം, ദിക്പാവൃത്യന്തരേ ച ദിതിഭാഗേ = ദിക്പാലാവരണത്തിന്റെ അകത്ത് സോമന്റേയും ഈശാനന്റേയും നടുവിൽ ദിതിപദത്തുങ്കൽ, വിഷ്വക്സേനപ്രമുഖം നിജം നിജം നിർമ്മാല്യഭുജം യജതു = വിഷ്വക്സേനൻ തുടങ്ങിയുള്ള തന്റെ തന്റെ നിർമ്മാല്യധാരിയേ പൂജിപ്പൂ.

സ്വാഭീഷ്ടമന്ത്രപരിവാരഗണാൻ സ്വപദ്മേ-
ഷ്വേവം നിവേശ്യ ദിശളുപഹൃതീശ്ച തേഷു

Shripuram Publications
www.shripuram.org

മൂർത്ത്യംഗപശ്ചിമമിഹ സ്നപനാദിഭൂഷാ-
നിഷ്ഠാ ജലാദിഭിരഥ പ്രയജേദശേഷാൻ. 97

സ്വപദ്മേഷു സ്വാഭീഷ്ടമന്ത്രപരിവാരഗണാൻ ഏവം നിവേശ്യ = തത്തച്ഛക്തിബീജംകൊണ്ടു പ്രസരണമുദ്രയാ പുഷ്പങ്ങളേ ആരാധിച്ച് പരിവാരങ്ങൾക്ക പത്മപീഠത്തേ കല്പിച്ച് പ്രണവംകൊണ്ട് മുമ്പിൽ പറഞ്ഞപോലെ പരിവാരങ്ങളേ വേറെയാക്കി പീഠങ്ങളിലിരുത്തി, തേഷു മൂർത്ത്യംഗപശ്ചിമം സ്നപനാദി ഭൂഷാനിഷ്ഠാഃ ഉപഹൃതീഃ ദിശതു = ആ പരിവാരങ്ങളിൽ അംഗാവരണവും മൂർത്ത്യാവരണവും കഴിവോളമുള്ള പരിവാരങ്ങൾക്കായിക്കൊണ്ട് സ്നാനത്തേയും വസ്ത്രഭൂഷണങ്ങളേയും ശംഖജലംകൊണ്ടു കൊടുപ്പൂ. അവിടെ വിഷ്ണുവിങ്കൽ ഹൃദയദേവതായൈ സ്നാനമിദം ഇത്യാദി ശ്രീകൌസ്തുഭായ സ്നാനമിദം എന്ന കഴിവോളവും, ശിവങ്കൽ തത്പുരുഷാദി സ്കന്ദാന്തവും, ശങ്കരനാരായണങ്കൽ ഹൃദയാദി അനിരുദ്ധാന്തവും, സുബ്രഹ്മണ്യങ്കൽ സനൽകുമാരാദി അസ്ത്രാന്തവും, ശാസ്താവിങ്കൽ ഹൃദയാദി അസ്ത്രാന്തവും, ഗണപതിയിങ്കൽ ഹൃദയാദി ഭക്തപ്രിയാന്തവും, ദുർഗ്ഗയിങ്കൽ ഹൃദയാദിശ്രുത്യന്തവും ഉപഹാരങ്ങളേ കൊടുപ്പൂ. അഥ ജലാദിഭിഃ അശേഷാൻ പ്രയജേത് = പിന്നെ ജലഗന്ധപുഷ്പങ്ങളെക്കൊണ്ട് ദേവനേയും പരിവാരങ്ങളേയും കൂടെ പൂജിപ്പൂ.

തത്രോങ്കാരനിജോപചാരമനുവർണാംഗായുധാദ്യൈഃ സുധീ-
ർദേവം വിന്യസനക്രമേണ ജലഗന്ധാഭ്യാം പ്രസൂനേന ച
യാജം യാജമഥൈതദീയപരിവാരാംശ്ചാന്തരംഗക്രമാ-
ന്നിർമ്മാല്യാശ്യവസാനികാന്നിജനിജസ്ഥാനേഷു സംപൂജയേത്. 98

തത്ര സുധീഃ ഓങ്കാരനിജോപചാരമനുവർണാംഗായുധാദ്യൈഃ = ആ മൂർത്തിപൂജയിങ്കൽ ആചാര്യൻ പ്രണവം മൂന്നും ഉപചാരം ഒരിക്കലും മൂലം മൂന്നും മൂലാക്ഷരങ്ങളും അംഗങ്ങളും ആയുധങ്ങളും ഭൂഷണങ്ങളും ഒരിക്കലും വിന്യസനക്രമേണ = ദേവന്യാസക്രമത്തേ അനുസരിച്ച ദേവനേയും ജലഗന്ധാഭ്യാം പ്രസൂനേന ച യാജം യാജം = വെള്ളംകൊണ്ടും ഗന്ധജലംകൊണ്ടും പുഷ്പംകൊണ്ടും പൂജിച്ച്, അന്തരംഗക്രമാദ് ഏതദീയപരിവാരാൻ നിർമ്മാല്യാശ്യവസാനികാൻ = ഈ ദേവന്റെ അടുത്ത് ഇരിക്കുന്ന അംഗാവരണം മൂർത്ത്യാവരണം ഇന്ദ്രാദികൾ വജ്രാദികൾ ഇങ്ങനെ പുറത്തു പുറത്തായി പറഞ്ഞ പരിവാരങ്ങളേയും നിർമ്മാല്യധാരി ഒടുക്കം വരുമാറ്, നിജനിജസ്ഥാനേഷു സംപൂജയേത് = തന്റെ തന്റെ സ്ഥാനങ്ങളിൽ പൂജിപ്പൂ.

സൂനാവസാനൈരിതി സാവൃതിം തം

www.shripuram.org
Shripuram Publications
www.shripuram.org

സമ്പൂജ്യ പുഷ്പാവൃതിമാതനോതു
പൂർത്തിം ച പുഷ്പൈസ്തുളസീദ്വയാദ്യൈ-
ർഗ്ഗന്ധാംബുസിക്തൈർഗദിതക്രമേണ. 99

ഇതി സൂനാവസാനൈഃ സാവൃതിം തം സമ്പൂജ്യ = ഈ പറഞ്ഞ ക്രമേണ ജലഗന്ധപുഷ്പങ്ങളേക്കൊണ്ട് ആവരണങ്ങളോടുകൂടിയിരിക്കുന്ന ദേവനെ പൂജിച്ചാൽ, പുഷ്പാവൃതിം ആതനോതു = പുഷ്പാവരണം ആരാധിച്ചാൽ മുമ്പ് ആത്മാരാധനയിങ്കൽ പറഞ്ഞ ക്രമംപോലെ "തുളസീദ്വയം കല്പയാമി' ഇത്യാദി അഞ്ചു മന്ത്രങ്ങളേക്കൊണ്ടും ഗന്ധജലത്തിൽ മുക്കിയ പുഷ്പങ്ങളേക്കൊണ്ട് പുഷ്പപൂരണത്തേയും ചെയ്വൂ.

പുഷ്പാവരണത്തേപ്പറയുന്നു.

ആദ്യാ കാര്യാ പ്രസൂനാവൃതിരിഹ യജതാ സ്വോപചാരേണ പുഷ്പൈ
ർമൂലേനാപി ത്രിവാരം ഹരിമഖിലപരീവാരകാനേകശശ്ച
മൂലാർണ്ണൈസ്തം ദ്വിതീയം ദിഗധിപരഹിതാവൃത്യുപേതം തൃതീയാ
മൂലേനാംഗാവൃതം കേവലമഥ പരതത്ത്വേന തുര്യാ ത്രിരേനം. 100

ഇഹ യജതാ = ഇവിടെ പൂജിക്കുന്ന ആചാര്യനാൽ, സ്വോപചാരേണ മൂലേന അപി ഹരിം ത്രിവാരം = തന്റെ ഉപചാരംകൊണ്ടും മൂലംകൊണ്ടും മൂന്നു പ്രാവശ്യം വിഷ്ണുവിനേയും, അഖില പരീവാരകാൻ ഏകശഃ ച = അംഗാവരണം തുടങ്ങി നിർമ്മാല്യധാരി കഴിവോളമുള്ള പരിവാരങ്ങളേ ഒരിക്കലും പുഷ്പങ്ങളേ ആരാധിപ്പൂ. ആദ്യാ പ്രസൂനാവൃതിഃ = ഇത് ആദ്യയായിരിക്കുന്ന പുഷ്പാവൃതി. മൂലാർണ്ണൈഃ തം ദിഗധിപരഹിതാവൃത്യുപേതം ദ്വിതീയാ = പിന്നെ മൂലാക്ഷരംകൊണ്ട് വിഷ്ണുവിനേയും അംഗാവരണാദി കൌസ്തുഭാന്തമുള്ള പരിവാരങ്ങളേയും ഒരിക്കൽ പുഷ്പങ്ങളേ ആരാധിപ്പൂ. ഇതു രണ്ടാമത്തേ പുഷ്പാവരണം. മൂലേന അംഗാവൃതം തൃതീയാ = പിന്നെ മൂലംകൊണ്ട് മൂന്ന് ഉരുവും അംഗാവരണങ്ങളേക്കൊണ്ടുമാരാധിപ്പൂ. ഇതു തൃതീയാവൃതി. കേവലം പരതത്ത്വേന ഏനം തുര്യാ = ഒടുക്കം വിഷ്ണുവിനേത്തന്നെ പഞ്ചതത്ത്വംകൊണ്ട് ആരാധിപ്പൂ. ഇതു ചതുർത്ഥാവരണം. ഒടുക്കം പ്രണവംകൊണ്ടും ദേവനേ മൂന്ന് ആരാധിപ്പൂ. ഇങ്ങനെ പുഷ്പങ്ങളേ ആരാധിക്കും പുഷ്പാവരണമായത്.

ദുർഗ്ഗാം പ്രാഗുപചാരതോ/ഖിലപരീവാരൈരമാ മൂലതോ
ദ്വേധാ/ഥാംഗപുരസ്സരാവരണയുക്ത്യാ/ന്തേ സ്വയം വിദ്യയാ
പുഷ്പൈശ്ശാംഭവപക്ഷതോ/ഖിലപരീവാരൈശ്ച മൂർത്ത്യംഗകൈഃ
സാർദ്ധം കേവലമപ്യുപാർഹതു ശിവേ ത്രേധാ തഥാ വാ/ഖിലേ. 101

Shripuram Publications
www.shripuram.org

പ്രാഗ് ഉപചാരതഃ ദുർഗ്ഗാം അഖിലപരിവാരൈഃ അമാ = മുമ്പിൽ ഉപചാരംകൊണ്ടു ദുർഗ്ഗയേ അംഗാദി നിർമ്മാല്യധാര്യന്തമുള്ള പരിവാരങ്ങളോടുകൂടെ ആരാധിപ്പൂ. മൂലതഃ അംഗപുരസ്സരാവരണയുക്ത്യാ ദ്വേധാ = പിന്നെ മൂലാക്ഷരംകൊണ്ടും അംഗാദി ധനുഃ ഫട് എന്ന കഴിവോളവും പിന്നെ മൂലംകൊണ്ടും അംഗാവരണംകൊണ്ടും ഇങ്ങനെ രണ്ട് ആവരണമായി പുഷ്പങ്ങളേ ആരാധിപ്പൂ. അന്തേ വിദ്യയാ സ്വയം = ഒടുക്കം പന്ത്രണ്ടാമത്തേ പടലത്തിൽ പറയുന്ന വിദ്യാമന്ത്രംകൊണ്ട് ഭഗവതിയേത്തന്നെയും; ഇങ്ങനെ മൂന്ന് ആവരണമായിട്ട് ദുർഗ്ഗയിങ്കലേ പുഷ്പാവരണം. ശിവേ ശാംഭവപക്ഷതഃ = ശിവങ്കൽ ശംഭുപക്ഷമായ പ്രണവോപചാരമൂലങ്ങളും സൂത്രവക്ത്രാംഗായുധഭൂഷണങ്ങളുംകൊണ്ടു ദേവനേ ആരാധിച്ച്, അഖിലപരിവാരൈഃ ച = തത്പുരുഷാദി നിർമ്മാല്യധാര്യന്തവും ആരാധിപ്പൂ. ഇത് പ്രഥമാവരണം. ശാംഭവപക്ഷതഃ മൂർത്ത്യംഗകൈഃ സാർദ്ധം = പിന്നെ പ്രണവോപചാരമൂലാദി ഭൂഷണാന്തംകൊണ്ടു ശിവനേയും മൂർത്ത്യാവരണവും അംഗാവരണവുംകൊണ്ടും പരിവാരങ്ങളേയും. ഇതു രണ്ടാമത്തേ ആവൃതി. ശാംഭവപക്ഷതഃ കേവലം അപി ഉപാർഹതു = പിന്നെയും പ്രണവോപചാരമൂലാദിഭൂഷണാന്തംകൊണ്ടും പഞ്ചബ്രഹ്മവ്യോമവ്യാപിദശാക്ഷരംകൊണ്ടും ദേവനേ ആരാധിപ്പൂ. ഇങ്ങനെ മൂന്നാമത്തേ പുഷ്പാവരണം. അഖിലേ തഥാ ത്രേധാ വാ = ശങ്കരനാരായണാദികളിൽ ശിവങ്കലേപ്പോലെ പ്രണവോപചാരമൂലമൂലാക്ഷരാംഗായുധഭൂഷണാന്തംകൊണ്ട് സകല പരിവാര മന്ത്രംകൊണ്ടും പ്രഥമാവരണം. പ്രണവോപചാരാദി ഭൂഷണാന്തവും മൂർത്ത്യാവരണാംഗാവരണങ്ങളും കൂടി രണ്ടാമത്തേ; പ്രണവോപചാരമൂലാദി ഭൂഷണാന്തവും ഒടുക്കം മൂലം മൂന്നുരുവുംകൂടി ആരാധിക്കുന്നത് മൂന്നാമത്തെ ആവരണം. ഇങ്ങനെ എല്ലാ ദേവന്മാരിലും പുഷ്പാവരണത്തേച്ചെയ്ത് അതതു ദേവന്മാർക്ക് ആഗമങ്ങളിൽ പറഞ്ഞിരിക്കുന്ന പുഷ്പങ്ങളേക്കൊണ്ട് പുഷ്പപൂരണത്തേയും ചെയ്വൂ.

സസാന്ദ്രഘണ്ടാനിനദേന നീചൈ-
ർധൂപേന ദീപേന സമർച്ച്യ ചോച്ചൈഃ
ദേവം സസർവാവരണം, പ്രദദ്യാത്
സകൃത്സകൃദ്വാരി തദാവൃതിഭ്യഃ 102

സസാന്ദ്രഘണ്ടാനിനദേന ധൂപേന നീചൈഃ = നിബിഡമായ മണിയുടെ നാദത്തോടുകൂടി ധൂപംകൊണ്ടു നാഭിമൂലത്തിലും, ദീപേന ഉച്ചൈഃ = അപ്രകാരം ചക്ഷുസ്സിങ്കൽ ഉയർത്തി ദീപംകൊണ്ടും, സസർവാവരണം ദേവം സമർച്ച്യ = സകലപരിവാരങ്ങളോടുകൂടിയിരിക്കുന്ന ദേവനേ

www.shripuram.org
Shripuram Publications
www.shripuram.org

പൂജിച്ച്, തദാവൃതിഭ്യഃ സകൃത് സകൃത് വാരി ദദ്യാത് = ആ ദേവനായിക്കൊണ്ടും പരിവാരങ്ങൾക്കായിക്കൊണ്ടും ഒരിക്കൽ വെള്ളത്തേയുമർച്ചിപ്പൂ.

താരേണ ദേവേ/നുഗതം വിഭൂതി-
ജാതം പ്രസൂനാർപ്പണതോ വിഭാവ്യ
കിഞ്ചിത് സമഭ്യർച്ച്യ ദദാതു തസ്മൈ
തഥാ/ർഘ്യപാദ്യാചമനീയകാനി. 103

താരേണ പ്രസൂനാർപ്പണതഃ വിഭൂതിജാതം ദേവേ അനുഗതം വിഭാവ്യ = പ്രണവംകൊണ്ട് സംയോജനരൂപമായി പുഷ്പങ്ങളേ ആരാധിച്ച് പരിവാരങ്ങളേ ഒക്കെ ദേവനോടു യോജിക്കുമാറും കല്പിച്ച്, കിഞ്ചിത് സമഭ്യർച്ച്യ = മൂലംകൊണ്ട് മൂന്നുരു ജലഗന്ധപുഷ്പങ്ങളേ അർച്ചിച്ച്, തഥാ അർഘ്യപാദ്യാചമനീയകാനി ദദാതു = മുമ്പിൽ പറഞ്ഞ ക്രമേണ അർഘ്യപാദ്യാചമനീയങ്ങളേ കൊടുപ്പൂ.

അനന്തരം നിവേദ്യത്തേ പറയുന്നു.

ഭൂമിം വിശോധ്യ വിനിധായ ഹിരണ്മയാദ്യം
പാത്രം പവിത്രമഭിഘാര്യ വിഭോഃ പുരസ്താത്
സമ്പാദയേദ്രുചിരമത്ര നിവേദ്യജാതം
പ്രാജ്യാജ്യകാദളഗുളാദിപരിഷ്കൃതം ച. 104

അഥ വിഭോഃ പുരസ്താത് ഭൂമിം വിശോധ്യ = അനന്തരം ദേവന്റെ മുമ്പിൽ ഭൂമിയേ തളിച്ചു ശുദ്ധമാക്കി പുഷ്പങ്ങളേ ഇട്ട്, ഹിരണ്മയാദ്യം പവിത്രം പാത്രം വിനിധായ, പൊന്ന്, വെള്ളി, ഓട് ഇത്യാദി ശുദ്ധമായി ഇരിക്കുന്ന പാത്രത്തേ വച്ച്, അഭിഘാര്യ = ആ പാത്രത്തിൽ ഉപസ്തരിച്ച്, അത്ര പ്രാജ്യാജ്യകാദളഗുളാദി പരിഷ്കൃതം രുചിരം നിവേദ്യജാതം സമ്പാദയേത് = നല്ല നെയ്യോടും കദളിപ്പഴത്തോടും ശർക്കരയോടും ആദിശബ്ദംകൊണ്ടു കൂട്ടുവാൻ വച്ചുണ്ടാക്കി. സാധനങ്ങളോടും ചുറ്റും വച്ചിരിക്കുമാറ് ഏറ്റവും വെളുത്ത് ഇരിക്കുന്ന ഹവിസ്സിനേയും പായസത്തേയും കൂടി നിവേദിപ്പാനുള്ളതിനേ ആ പാത്രത്തിൽ സമ്പാദിപ്പൂ.

പ്രോക്ഷ്യാസ്ത്രേണ സുരക്ഷ്യ വായുസലിലൈഃ സംശോഷ്യദഗ്ദ്ധ്വാഗ്നിമ-
ദ്ദോഷ്ണാ വാമകരാമൃതാപ്ലുതമിദം മന്ത്രാമൃതീഭാവിതം
ജപ്ത്വാ മൂലമഥാഷ്ടശഃ സുരഭിമുദ്രാതഃ സുധാപൂരിതം
പ്രാർച്ച്യൈതദ്ഗ്രഹണസ്പൃഹാം കുസുമസംരാദ്ധ്യാ വിഭോർഭാവയേത്. 105

Shripuram Publications
www.shripuram.org

പ്രോക്ഷ്യ അസ്ത്രേണ സുരക്ഷ്യ = പിന്നെ ഈ നിവേദ്യത്തേ പ്രണ

വം എട്ടുരു ജപിച്ച് ഫഡന്തപ്രണവംകൊണ്ടു തളിച്ച് സ്വസ്വാസ്ത്രമന്ത്രം കൊണ്ട് താലത്രയാദി രക്ഷിച്ച്, വായുസലിലൈഃ സംശോഷ്യ = കൈയിൽ വെള്ളമെടുത്ത് യം എന്ന വായുബീജത്തേ ജപിച്ചുതളിച്ച് ശോഷണത്തേക്കല്പിച്ച്, അഗ്നിമദ്ദോഷ്ണാ ദഗദ്ധ്വാ = വലത്തേ കൈയിൽ രം എന്ന് എഴുതി കാട്ടി തൊട്ടുജപിച്ചു ദഹനത്തേയും കല്പിച്ച്, വാമകരാമൃതാപ്ലുതം മന്ത്രാമൃതീഭാവിതം = ഇടത്തുകൈയിൽ വം എന്ന അമൃതബീജത്തേ എഴുതികാട്ടി തൊട്ടുജപിച്ച് അമൃതാപ്ലാവനത്തേയും ധ്യാനിച്ച് മന്ത്രമയമായ അമൃതായി കല്പിച്ചിരിക്കുന്ന, ഇദം അഷ്ടശഃ മൂലം ജപ്ത്വാ = ഈ നിവേദ്യത്തേ തൊട്ടു തന്റെ മൂലത്തേ എട്ടുരു ജപിച്ച്, സുരഭിമുദ്രാതഃ സുധാപൂരിതം = സുരഭിമുദ്രയേക്കാട്ടി 'അമൃതേ അമൃതോത്ഭവേ അമൃതവർഷിണി അമൃതം സ്രാവയ സ്രാവയ സ്വാഹാ' ഈ മന്ത്രത്തെ ജപിച്ച് അമൃതുകൊണ്ടു നിറച്ചിരിക്കുമാറു കല്പിച്ച്, പ്രാർച്ച്യ = പിന്നെ മൂലംകൊണ്ടു നിവേദ്യത്തെ ജലഗന്ധപുഷ്പംകൊണ്ടു പൂജിച്ച്, കുസുമസംരാദ്ധ്യാ വിഭോഃ ഏതദ്ഗ്രഹണസ്പൃഹാം ഭാവയേത് = നേത്രമന്ത്രംകൊണ്ട് ദേവന്റെ ദർശനത്തേ കല്പിച്ചു നിവേദ്യത്തിൽ ആരാധിച്ച് മൂലംകൊണ്ട് ദേവങ്കലും ആരാധിച്ച് നിവേദ്യസ്വീകാരത്തേയും ഭാവിപ്പൂ.

കൃത്വാ യഥോക്തം പരിഷേചനാദികം
ദോർഭ്യാം സപുഷ്പം രസനാരുചീരിഹ
വിസാര്യ മന്ത്രീ വിനിവേദ്യ ദോര്യുജാ
തതോ/മൃതം തദ്വദനേ സമർപ്പയേത്. 106

മന്ത്രീ യഥോക്തം പരിഷേചനാദികം കൃത്വാ = മന്ത്രജ്ഞനായിരിക്കുന്ന ആചാര്യൻ തന്റെ ഗൃഹ്യസൂത്രങ്ങൾ പറഞ്ഞിരിക്കുന്നപോലെ പരിഷേചനവും ദലസ്പർശനവും ജലപാനത്തേയും തത്തന്മന്ത്രങ്ങളേക്കൊണ്ടു ചെയ്ത്, സപുഷ്പം ദോർഭ്യാം രസനാരുചീഃ ഇഹ വിസാര്യ = രണ്ടു കൈകളെക്കൊണ്ടും പുഷ്പങ്ങളേ എടുത്ത് രസനായൈ നമഃ എന്ന മന്ത്രംകൊണ്ടു ദേവന്റെ ജിഹ്വാചൈതന്യത്തെ ഈ നിവേദ്യത്തിൽ ആവാഹിച്ച്, വിനിവേദ്യ = നിവേദയാമി ഇത്യാദിമന്ത്രംകൊണ്ടു പുഷ്പങ്ങളെ ആരാധിച്ച് പ്രാർത്ഥിച്ച്, തതഃ തദ്വദനേ ദോർയുജാ അമൃതം സമർപ്പയേത് = പിന്നെ രണ്ടു കൈകൊണ്ടും ദേവന്റെ ആസ്യസൂത്രങ്ങൾ അമൃതമായിരിക്കുന്ന നിവേദ്യത്തെ സമർപ്പിപ്പൂ.

നിവേദയാമി ഭവതേ ജുഷാണേദം ഹവിർഹരേ!
ഹരൌ മന്ത്രോ/യമന്യേഷു ഹരിസ്ഥാനേ സ്വനാമവാൻ. 107

ഹരൌ = വിഷ്ണുവിങ്കൽ, നിവേദയാമി ഭവതേ ജുഷാണേദം ഹവിർ

www.shripuram.org
Shripuram Publications
www.shripuram.org

ഹരേ അയം മന്ത്രഃ, ഇത് നിവേദനമന്ത്രം. അന്യേഷു ഹരിസ്ഥാനേ സ്വ നാമവാൻ = ശിവാദികൾക്ക് ഹരി എന്നുള്ള പദത്തുങ്കൽ ഹര ഇത്യാദി അവരവരുടെ നാമത്തേ സംബോധനയാക്കിച്ചൊല്ല.

പ്രാണാദിമുദ്രോജ്ജ്വലദക്ഷദോഷ്ണാ
സഗ്രാസമുദ്രാന്യകരഃ സ്വമന്ത്രൈഃ
അന്നാദ്രസാംശം മലധാതുവർജ്ജ-
മായോജയേത്തദ്വദനാർച്ചിഷീഹ. 108

പ്രാണാദിമുദ്രോജ്ജ്വലദക്ഷദോഷ്ണാ = പ്രാണാദികളായ അഞ്ചു മുദ്രകളേക്കൊണ്ടു ശോഭിച്ചിരിക്കുന്ന വലത്തേ കൈകൊണ്ട്, സഗ്രാസമുദ്രാന്യകരഃ = ഗ്രാസമുദ്രയോടുകൂടിയ ഇടത്തേ കൈയോടുകൂടി, സ്വമന്ത്രൈഃ = പ്രാണാഹുതിമന്ത്രങ്ങൾ അഞ്ചുകൊണ്ടും, അന്നാത് മലധാതുവർജം രസാംശം തദ്വദനാർച്ചിഷി ആയോജയേത് = നിവേദ്യസാധനങ്ങളിൽ നിന്നു മലാംശത്തേയും ധാത്വംശത്തേയും വേറേ നീക്കി കല്പിച്ച് രസാംശത്തേ ദേവന്റെ ജിഹ്വാർച്ചിസ്സിങ്കൽ യോജിപ്പിപ്പൂ.

ഇവിടെ അന്നസമർപ്പണപ്രസംഗാത് മാനസപൂജയിങ്കൽ ആറു സമർപ്പണത്തുങ്കലേയും പ്രകാരത്തെ പറയുന്നു.

ദേവേ യുനക്തു സകളേ ജലഗന്ധപുഷ്പ-
ധൂപപ്രദീപകനിവേദ്യ ഗതാൻ രസാംശാൻ
തോയോർവ്യനന്തപവനാനലവാരിസാരാൻ
ജിഹ്വാനസോഃ ശ്രവണനാഭിദൃഗാനനേഷു. 109

സകളേ ദേവേ = സകലാവയവയുക്തനായിരിക്കുന്ന ദേവങ്കൽ, ജിഹ്വാനസോഃ ശ്രവണനാഭിദൃഗാനനേഷു = ജിഹ്വയിങ്കലും നാസികയിങ്കലും ശ്രവണങ്ങളിലും നാഭിയിങ്കലും നേത്രങ്ങളിലും വദനത്തുങ്കലും ഈ ആറു സ്ഥാനങ്ങളിൽ, തോയോർവ്യനന്ത പവനാനലവാരിസാരാൻ = അപ്പിന്റേയും ഭൂമിയുടേയും ആകാശത്തിന്റേയും വായുവിന്റേയും അഗ്നിയുടേയും ജലത്തിന്റേയും ഈ ആറു വസ്തുക്കളുടെ സൂക്ഷ്മഭൂതങ്ങളായിരിക്കുന്ന, ജലഗന്ധപുഷ്പധൂപപ്രദീപകനിവേദ്യഗതാൻ രസാംശാൻ ക്രമേണ യുനക്തു = ജലഗന്ധപുഷ്പധൂപദീപനിവേദ്യങ്ങളിൽ ഗതങ്ങളായിരിക്കുന്ന രസാംശങ്ങളേ ക്രമേണ യോജിപ്പിപ്പൂ.

തത്തത്സമർപ്പണവിധൌ നിജഭൂതശക്തിഃ
സ്വാക്ഷാദുദേത്യ വിമലാഞ്ജലിഗം സ്വസാരം
ദേവൈതദക്ഷഭവശക്തികരേ സമർപ്പ്യ

www.shripuram.org
Shripuram Publications
www.shripuram.org

താദാത്മ്യമേതി തരസേത്യനുസന്ദധീത. 110

തത്തത്സമർപ്പണവിധൌ = അതതു ജലാദിദ്രവ്യങ്ങളുടെ സമർപ്പണസമയത്തുങ്കൽ, നിജഭൂതശക്തിഃ = സാധകനായിരിക്കുന്ന തന്റെ പഞ്ചഭൂതശക്തികളിൽവച്ചു ജലാദിസമർപ്പണദ്രവ്യങ്ങളുടെ ശക്തി സ്ത്രീരൂപേണ, സ്വാക്ഷാദ് ഉദേത്യ = തന്റെ ജിഹ്വേന്ദ്രിയാദികളിൽനിന്നു പുറത്തു ഗമിച്ചിട്ട്, വിമലാഞ്ജലിഗം സ്വസാരം = മലാംശത്തോടും ധാത്വംശത്തോടും കൂടാതേയുള്ള രസാംശത്തേ കൈയിലെടുത്തുംകൊണ്ട് അതിനേ, ദേവൈതദക്ഷഭവശക്തികരേ സമർപ്പ്യ = അപ്പോൾ ദേവന്റേയും ആ ജിഹ്വേന്ദ്രിയാദികളിൽനിന്നു പുറത്തു ഗമിച്ചിരിക്കുന്ന ശക്തിയുടെ കൈയിൽ സമർപ്പിച്ച്, തരസാ താദാത്മ്യം ഏതി = വേഗേന ദേവശക്തിയോട് സ്വശക്തിയും ഒന്നായി ചേർന്നിരിക്കുന്നു. ഇതി അനുസന്ദധീത = ഇപ്രകാരം ധ്യാനിപ്പൂ.

പ്രത്യേത്യശക്തിരപി സാ നിജാഞ്ജലിഗതം രസം
സമർപ്യ സകളേ തസ്മിൻ വിലീനേതി ച ഭാവയേത്. 111

സാ ശക്തിഃ പ്രത്യേത്യ = ആ ദേവന്റെ ശക്തി തിരിച്ചു ദേവങ്കൽ ഗമിച്ച്, നിജാഞ്ജലിഗതം രസം സകളേ ദേവേ സമർപ്പ്യ = തന്റെ അഞ്ജലിഗതമായിരിക്കുന്ന രസത്തേ സകളനായിരിക്കുന്ന ദേവങ്കൽ സമർപ്പിച്ച്, തസ്മിൻ വിലീനാ ച ഇതി ഭാവയേത് = ആ ദേവങ്കൽ യോജിക്കുമാറും സ്വബുദ്ധ്യാ ധ്യാനിപ്പൂ.

ഭൂയോ നൈവേദ്യസാരാമൃതമയരസയോഗേന ഹൃന്മൂർത്ത്യഭിഖ്യം
ദേവം ജാജ്വല്യമാനജ്വലനരുചിമനുധ്യായ താം ധേനുമുദ്രാം
ബദ്ധ്വാ നദ്ധാഞ്ജലിഃ സന്മനുവരമഭിജപ്യാഷ്ടശോ/സ്ത്രേണ രക്ഷാം
കൃത്വാ ബദ്ധ്വാ കവാടം ബഹിരഥ ഹവിഷാ തന്മയേ/ഗ്നൌ ജുഹോതു. 112

ഭൂയഃ = ഇങ്ങനെ സങ്കല്പിച്ചു മാനസപൂജയേ ചെയ്താൽ, നൈവേദ്യസാരാമൃതമയരസയോഗേന = നിവേദ്യവസ്തുക്കളുടെ സാരഭൂതമായിരിക്കുന്ന അമൃതമയരസത്തിന്റെ യോഗംകൊണ്ടും, ഹൃന്മൂർത്ത്യഭിഖ്യം ദേവം ജാജ്വല്യമാനജ്വലനരുചിം അനുധ്യായ = സൂക്ഷ്മരൂപേണയും സ്ഥൂലരൂപേണയും രണ്ടു പ്രകാരമുള്ള സ്വരൂപത്തേ ഏറ്റവും ജ്വലിച്ചിരിക്കുന്ന അഗ്നിപോലെ ധ്യാനിച്ച്, താം ധേനുമുദ്രാം ബദ്ധ്വാ = അമൃതവർഷത്തേ ഉണ്ടാക്കുന്ന സുരഭിമുദ്രയേ ബന്ധിച്ച്, നദ്ധാഞ്ജലിഃ സൻ മനുവരം അഷ്ടശഃ അഭിജപ്യ = അഞ്ജലിമുദ്രകൊണ്ടു ദേവനെ വന്ദിച്ച് മൂലത്തേ എട്ടുരു ജപിച്ച്, അസ്ത്രേണ രക്ഷാം കൃത്വാ = അസ്ത്രംകൊണ്ടു ദേവനേ രക്ഷിച്ച്, കവാടം ബദ്ധ്വാ = ഗർഭഗൃഹത്തിന്റെ വാതിലിനേ അടച്ച്, ബഹിഃ

www.shripuram.org
Shripuram Publications
www.shripuram.org

തന്മയേ അഗ്നൌ ഹവിഷാ ജുഹോതു = പുറത്തുവന്ന ദേവനേ പൂജിച്ചിരിക്കുന്ന അഗ്നിയിൽ ഹവിസ്സുകൊണ്ട് ഹോമിപ്പൂ.

പരിസമൂഹനപൂർവവിധാവധൌ
പരിസമർച്ചിതപീഠനിവേശിതം
യജതു ദേവമമും സകളീകൃതം
സപരിവാരമഥോ ജുഹുയാദിതി. 113

പരിസമൂഹനപൂർവവിധാവധൌ = തീയിനേ ഇട്ടു തലോടി വ്ളാകി പരിസ്തരിച്ച് വ്ളാകി ഹവിസ്സിനേ പര്യഗ്നിയേച്ചെയ്ത് വ്ളാകി ആരാധിച്ചാൽ, പരിസമർച്ചിതപീഠനിവേശിതം സകളീകൃതം അമും ദേവം സപരിവാരം യജതു = പിന്നെ പീഠത്തേ പൂജിച്ച് ആ ദേവനേ ആവാഹിച്ചു ലിപിന്യാസാദിയേച്ചെയ്തു സകളീകരിച്ചു പരിവാരങ്ങളോടുകൂടി പൂജിപ്പൂ. അഥോ ഇതി ജുഹുയാത് = പിന്നെ ഇപ്രകാരം ഹോമിപ്പൂ.

സതാരഭ്രരാദികപീഠികാണുഭിഃ
സകൃത്സകൃത്സാഷ്ടശതം സ്വമൂലതഃ
ദശാംശമംഗാണുഭിരേകശഃ പരൈ-
ർനിജാവൃതിവ്യാഹൃതിതാരകൈഃ ക്രമാത്. 114

സതാരഭ്രരാദികപീഠികാണുഭിഃ = പ്രണവാദിയായി വ്യാഹൃതി നാലുകൊണ്ടും പീഠപൂജാമന്ത്രങ്ങളേക്കൊണ്ടും, സകൃത്സകൃത് = ഓരോ ഉരുവും, സ്വമൂലതഃ സാഷ്ടശതം = സ്വമൂലംകൊണ്ടും നൂറ്റിയെട്ട് ഉരുവും, അംഗാണുഭിഃ ദശാംശം = മൂലത്തിന്റെ പത്തിലൊന്നായിട്ടും, പരൈഃ നിജാവൃതിവ്യാഹൃതിതാരകൈഃ ഏകശഃ ച = ശേഷം അംഗാവരണാദിനിർമ്മാല്യധാര്യന്തംകൊണ്ടും വ്യാഹൃതി പ്രണവങ്ങളേക്കൊണ്ടും ഓരോ ഉരുവും ക്രമേണ ഹവിസ്സിനെ ഹോമിപ്പൂ.

പ്രസന്നയജ്വാ പരിഷദ് ബലിം ച
മന്ത്രീ ഹുതാശേഽഥ സമീരണേ വാ
ദ്വാരോപസന്നേ പ്രവിധായ ചാചാ-
ന്തോഽന്തർവിശേദ് ദ്വാഃസ്ഥകൃതാഭ്യനുജ്ഞഃ. 115

പ്രസന്നയജ്വാ = ഹോമത്തുങ്കൽ പ്രസന്നപൂജയേച്ചെയ്തു വ്ളാകി ആരാധിച്ച് ഉദ്വസിച്ചാൽ, മന്ത്രീ ഹുതാശേ വാ സമീരണേ വാ ദ്വാരോപസന്നേ പരിഷദ് ബലിം വിധായ = ഗുരു അഗ്നികോണിലെങ്കിലും വായുകോണിലെങ്കിലും പ്രാസാദദ്വാരത്തിന്റെ അടുത്തിരിക്കുന്ന ബലിക്കല്ലിന്മേൽ ദിക്പാലമന്ത്രംകൊണ്ടും 'രുദ്രപാർഷദേഭ്യസ്സർവേഭ്യ' ഇത്യാദി

Shripuram Publications
www.shripuram.org

ജലാപ്ലുതബലിമന്ത്രംകൊണ്ടും ഹോമശിഷ്ടഹവിസ്സുകൊണ്ടു ബലിയേ ളുകി, മണ്ഡപത്തിൽ ദേവനേ നമസ്കരിച്ച്, ആചാന്തഃ = കാലുംകഴുകി ആചമിച്ച്, ദ്വാഃസ്ഥകൃതാഭ്യനുജ്ഞഃ = ദ്വാസ്ഥന്മാർക്ക് അർഘ്യം വീഴ്ത്തി അനുജ്ഞയോടും കൂടി, അന്തഃ വിശേത് = ഗർഭഗൃഹത്തുങ്കൽ പോവൂ.

സംവന്ദ്യ പാനീയസമർപ്പണം ച കൃത്വാ സമുദ്വാസ്യ മുഖാർ ച്ചിരാസ്യേ
ദത്ത്വാഽപിധാനീയജലം തദന്നം നിർമ്മാല്യഭുക്സാത പ്രക രോതു മന്ത്രീ. 116

മന്ത്രീ സംവന്ദ്യ = മന്ത്രജ്ഞനായ ആചാര്യൻ ദേവനേ വന്ദിച്ച് പു ഷ്പങ്ങളേ എടുത്തു മൂലംകൊണ്ട് നിവേദ്യരസത്തേ ദേവങ്കൽ സമർപ്പി ച്ച്, പാനീയസമർപ്പണം കൃത്വാ = അമൃതാപാനീയമിദം എന്നു ചൊല്ലി ശംഖജലത്തേക്കൊണ്ടു പാനീയത്തേ സമർപ്പിച്ച്, മുഖാർച്ചിഃ ആസ്യേ സമുദ്വാസ്യ = മുമ്പ് ആവാഹിച്ച ജിഹ്വാർച്ചിസ്സിനേ ദേവങ്കൽ യോജി പ്പിച്ച്, അപിധാനീയജലം ദത്ത്വാ = അപിധാനീയജലത്തേക്കൊടുത്ത്, തദന്നം നിർമ്മാല്യഭുക് സാത്പ്രകരോതു = ആ നിവേദ്യത്തേ നിർമ്മാ ല്യധാരിക്ക് ദിതിപദത്തുങ്കൽ നിർമ്മാല്യപുഷ്പമിട്ടു വെള്ളം കൊടുത്ത് നിവേദിച്ച വെള്ളവും കൊടുത്തു തദധീനമാക്കിക്കല്പിച്ച നിവേദിച്ച തീ എടുത്തു തളിപ്പൂ.

ഗണ്ഡൂഷദന്തപവനാദിയുതം പ്രദായ ഹസ്താസ്യമാർഷ്ടിമുഖവാ സമുഖോപഹാരാൻ
ദേവം സമർച്ച്യ വിനിവേദ്യ ച ലഡ്ഡുകാദ്യം വാദ്യാദിഭിഃ പ്ര ധിനുയാച്ച നൃപോപചാരൈഃ. 117

ഗണ്ഡൂഷദന്തപവനാദിയുതം ഹസ്താസ്യമാർഷ്ടിമുഖവാസമുഖോപ ഹാരാൻ പ്രദായ = പിന്നെ ഗണ്ഡൂഷമിദം ദന്തശോധനമിദം ജിഹ്വാ ശോധനമിദം ഹസ്തശോധനമിദം ആസ്യശോധനമിദം മുഖവാസമിദം കരവാസമിദം അർഘ്യമിദം പാദ്യമിദം ആചമനീയമിദം ഈ ഉപഹാര ങ്ങളേ കൊടുത്ത്, ദേവം സമർച്ച്യ ലഡ്ഡുകാദ്യം വിനിവേദ്യ = പിന്നെ ദേ വനേ ജലഗന്ധാദികളേക്കൊണ്ടു പൂജിച്ച് എള്ളുണ്ട അപ്പം അവല് മലര് വെറ്റില അടയ്ക്കാ പാല് ഇവ യഥാലാഭം നിവേദിച്ച്, വാദ്യാദിഭിഃ നൃപോ പചാരൈഃ പ്രധിനുയാത് = ലഡ്ഡുകമിദം, അപൂപമിദം, താംബൂലമിദം, ക്രമുകമിദം, നൃത്തമിദം, വാദ്യമിദം, രാജോപഹാരമിദം, അർഘ്യമിദം, പാദ്യമിദം, ആചമനീയമിദം, ഇവറ്റേ സമർപ്പിച്ച സംഗീതവാദ്യനൃത്ത ങ്ങളേക്കൊണ്ടു സന്തോഷിപ്പിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

**ഭൂയഃ സമർച്ച്യ കുസുമാഞ്ജലിമിഷ്ടമന്ത്രൈഃ
കൃത്വാ വിധായ മനുവര്യസഹസ്രജാപം
ഗുഹ്യാതിഗുഹ്യമനുനാ പ്രസമർപ്യ ഭക്ത്യാ
സ്തുത്വാ പ്രദക്ഷിണവിധിം പ്രണതിം ച കുര്യാത്.** 118

ഭൂയഃ സമർച്ച്യ = പിന്നെയും ജലഗന്ധാദികളെക്കൊണ്ടു പൂജിച്ച്, ഇഷ്ടമന്ത്രൈഃ കുസുമാഞ്ജലിം കൃത്വാ = ഇഷ്ടങ്ങളായിരിക്കുന്ന മന്ത്രങ്ങളേക്കൊണ്ടും പീഠപൂജാമന്ത്രങ്ങളേക്കൊണ്ടും മൂർത്തിപൂജാദി പരിവാരമന്ത്രങ്ങളേക്കൊണ്ടും പുഷ്പാഞ്ജലിയേച്ചെയ്ത്, മനുവര്യസഹസ്രജാപം വിധായ = ശ്രീപാദപത്മത്തേതൊട്ടു മൂലമന്ത്രത്തേ ആയിരം ഉരു ജപത്തേ ചെയ്ത്, ഗുഹ്യാതി ഗുഹ്യമനുനാ പ്രസമർപ്യ = പന്ത്രണ്ടാമത്തേ പടലത്തിൽ പറയുന്ന ഗുഹ്യാതിഗുഹ്യമന്ത്രംകൊണ്ടു ജപത്തേ സമർപ്പിച്ച് പുഷ്പാരാധനത്തേച്ചെയ്ത്, ഭക്ത്യാ സ്തുത്വാ പ്രദക്ഷിണവിധിം പ്രണതിം ച കുര്യാത്.

**'പ്രസീദ ഭഗവൻ മഹ്യമജ്ഞാനാത് കുണ്ഠിതാത്മനേ
നമോ വിരിഞ്ചവിഷ്ണ്വീശാഭേദിനേ പരമാത്മനേ.'**

ഇത്യാദി ആഗമമന്ത്രംകൊണ്ടും 'അതോ ദേവാദി' തന്റെ സൂക്തങ്ങളേക്കൊണ്ടും ഭക്തിയോടുകൂടി ദേവനേ സ്തുതിച്ച് പ്രദക്ഷിണത്തേയും നമസ്കാരത്തേയും മാനസികമായിട്ടു ചെയ്വൂ.

**അഥാരാദ്ധ്യ തത്പാദമൂലേ സമസ്തം സുധീരർപ്പയേത്സോദകം ദക്ഷദോഷ്ണാ
ഇതഃ പൂർവമിത്യാദിനാ മാം മദീയം ച പൂർവാണനോംതത്സദിത്യാത്മനാ ച.** 119

അഥ സുധീഃ തത്പാദമൂലേ സമസ്തം ആരാദ്ധ്യ = പിന്നെ 'പ്രീണാതു ഭഗവാൻ വിഷ്ണുഃ' ഇത്യാദികൊണ്ട് പാദമൂലത്തുങ്കൽ സമസ്തമായ കർമ്മത്തേയും സമർപ്പിച്ച്, ദക്ഷദോഷ്ണാ ഇതഃ പൂർവമിത്യാദിനാ മാം മദീയം ച പൂർവാണനാ ഓന്തത്സത് ഇത്യാത്മനാ ച സോദകം അർപ്പയേത് = പിന്നെ വലത്തെ കൈകൊണ്ട് ഇതഃ പൂർവം എന്നുള്ള മന്ത്രംകൊണ്ടും, മാം മദീയം ച എന്ന മന്ത്രംകൊണ്ടും, ഓം തത്സത് എന്നതുകൊണ്ടും, വെള്ളത്തോടുകൂടി ജലഗന്ധപുഷ്പങ്ങളെ എടുത്ത് ബ്രഹ്മാർപ്പണത്തേച്ചെയ്വൂ.

'മാം മദീയം ച സകലമസ്മത്സ്വാമിനേ നാരായണായ സർവം സമർപ്പയാമി' ഇതു നടുവിലേ മന്ത്രം. ആദ്യമന്ത്രം പന്ത്രണ്ടാം പടലത്തിൽ പറയും.

Shripuram Publications
www.shripuram.org

താരസാവിത്രികാമ്നായാദ്യൈണഭിഃ പരിതോഷ്യ തം

പ്രസന്നായ പ്രസന്നാർഘ്യം പ്രദദ്യാത് പ്രശ്രയാന്വിതഃ. 120

താരസാവിത്രികാമ്നായാദ്യണഭിഃ തം പരിതോഷ്യ = പിന്നെ നിത്യസ്വാദ്ധ്യായംപോലെ കൈയിൽ വെള്ളമെടുത്ത് പ്രണവം ദശപ്രണവം ഗായത്രി വേദാദിമന്ത്രങ്ങൾ സ്വസൂക്തം അന്ത്യസൂക്തം ഇവ ജപിച്ച ദേവനേ സന്തോഷിപ്പിച്ച്, പ്രശ്രയാന്വിതഃ പ്രസന്നായ പ്രസന്നാർഘ്യം പ്രദദ്യാത് = ഏറ്റവും ഭക്തിശ്രദ്ധാ ബഹുമാനാദി വണക്കത്തോടുകൂടി ആചാര്യൻ ശംഖജലംകൊണ്ട് പ്രസന്നനായിരിക്കുന്ന ദേവനായിക്കൊണ്ട് പ്രസന്നാർഘ്യത്തേ കൊടുപ്പൂ. പിന്നെ തീർത്ഥത്തേ ഉണ്ടാക്കൂ.

ദേവപാദസവിധാഹിതശംഖപ്രോംഖദാഹരതു വാരി വരീയഃ
തത്കരാത്തകലശാമൃതരൂപം സ്വീയപുണ്യഫലമിത്യവഗച്ഛൻ. 121

ദേവപാദസവിധാഹിതശംഖപ്രോംഖത് വരീയഃ വാരി ആഹരതു = ശംഖു മെഴക്കി വെള്ളമെടുത്ത് പുഷ്പാക്ഷതത്തേ ഇട്ട് ആ ശംഖിനേ കയ്യിലെടുത്ത് ദേവന്റെ പാദസമീപത്തിൽ പിടിച്ച ആ ശംഖജലത്തിൽ ശോഭിച്ചിരിക്കുന്ന മുഖ്യജലത്തേ സമ്പാദിപ്പൂ. തത്കരാത്തകലശാമൃതരൂപം സ്വീയപുണ്യഫലം ഇതി അവഗച്ഛൻ = ദേവന്റെ വലത്തു കൈയിലിരിക്കുന്ന അമൃതകലശസ്വരൂപം എന്നും താൻ ചെയ്തിരിക്കുന്ന പൂജയുടെ ഫലരൂപമെന്നും ഇപ്രകാരമറിഞ്ഞു തീർത്ഥത്തേ ഉണ്ടാക്കൂ.

അഗ്രേ ഗുരൂൻ ഹരനിശാചരദിക്പ്രപന്നാൻ
ദേവാസുരാൻ ഭുവി പിതൄംശ്ച പുരോ വിഭാവ്യ
ഉക്ഷേത് സ്വദക്ഷിണശയാർപ്പിതതീർത്ഥതോയൈഃ
സ്വം ച സ്വസാദ്ധ്യമപരാനപി ഭക്തിനമ്രാൻ. 122

സ്വദക്ഷിണശയാർപ്പിതതീർത്ഥതോയൈഃ = തന്റെ വലത്തേ കൈയിലിരിക്കുന്ന തീർത്ഥജലങ്ങളേക്കൊണ്ട്, അഗ്രേ ഭുവി ഗുരൂൻ = എടുത്തു കൈയിൽ ശംഖിനേ പിടിച്ച മുമ്പിൽ നിലത്തു ഗുരുഭ്യോ നമഃ എന്നും ഹരനിശാചരദിക്പ്രപന്നാൻ ദേവാസുരാൻ വിഭാവ്യ = ഈശകോണിൽ ദേവേഭ്യോ നമഃ, നിരൃതികോണിൽ അസുരേഭ്യോ നമഃ എന്നും, പുരഃ പിതൄൻ ച മുമ്പിൽ പിതൃഭ്യോ നമഃ എന്നും, വിഭാവ്യ ഉക്ഷേത് = ഇങ്ങനെ ഭാവനയേച്ചെയ്തു തളിപ്പൂ. സ്വം ച സ്വസാദ്ധ്യം അപരാൻ ഭക്തിനമ്രാൻ അപി = പിന്നെ തനിക്കും സാദ്ധ്യന്മാർക്കും വേറെ ഭക്തിയോടു കൂടി തൊഴുതു നിൽക്കുന്നവർക്കും തച്ഛേഷജലംകൊണ്ടു തളിച്ച് ശംഖു കഴുകി വേറേ വെള്ളത്തേയുമെടുപ്പൂ.

ഭൂയോ നത്വാ മാന ഇത്യാദിനൈന-

www.shripuram.org
Shripuram Publications
www.shripuram.org

മേനോ ജ്ഞാതാജ്ഞാതജാതം വിശോധ്യ
താരേണാരാധ്യാവസാനീയമർഘ്യം
ദത്ത്വാ ദേവം നിഷ്കളീകൃത്യ രക്ഷേത്. 123

ഭൂയഃ മാന ഇത്യാദിനാ നത്വാ = പിന്നെ 'മാന ഏകസ്മിൻ' ഇത്യാദി കൊണ്ടും മന്ത്രഹീനം ഇത്യാദികൊണ്ടും ദേവനേ നമസ്കരിച്ച പുഷ്പങ്ങളെ ആരാധിച്ച്, ജ്ഞാതാജ്ഞാതജാതം ഏനഃ വിശോധ്യ = അറിഞ്ഞുമറി യാതെയുമുണ്ടായിരിക്കുന്ന പാപസമൂഹത്തേക്കളഞ്ഞ്, താരേണ ആരാ ദ്ധ്യ അവസാനീയം അർഘ്യം ദത്ത്വാ = പ്രണവംകൊണ്ടു ആരാധിച്ച് അവസാനീയാർഘ്യമിദം എന്ന് അർഘ്യത്തേകൊടുത്തു, ദേവം നിഷ്കളീ കൃത്യ രക്ഷേത് = ദേവനെ വ്യാപകാംഗത്തേ ചെയ്തു നിഷ്കളമാക്കി കല്പി ച്ച താലത്രയാദി ചെയ്തു രക്ഷിപ്പൂ.

അഥ തത്പ്രസാദകുസുമം ശിരസി
പ്രണിധായ ക്ലൃപ്തപവനായമനഃ
പരിപൂജ്യതം ഹൃദി കൃതാംഗവിധിഃ
പരിരക്ഷ്യ തത്കൃതമനാ വിഹരേത്. 124

അഥ തത്പ്രസാദകുസുമം ശിരസി പ്രണിധായ = പിന്നെ പാദമൂല ത്തുങ്കൽ അഭിവാദ്യത്തേച്ചെയ്ത് പ്രസാദപുഷ്പങ്ങളേ എടുത്തു സാദ്ധ്യനം കൊടുത്തു താനും ശിരസ്സിങ്കൽ വയ്പൂ. ക്ലൃപ്ത പവനായമനഃ = പിന്നെ മൂലം കൊണ്ടു പ്രാണായാമത്തേച്ചെയ്ത്, തം ഹൃദി പരിപൂജ്യ = ആ ദേവനെ ഹൃദത്തുങ്കൽ കല്പിച്ച മാനസപൂജയും ചെയ്തു, കൃതമനാഃ വിഹരേത് = താ ലത്രയാദി രക്ഷിച്ച ദേവങ്കൽ മനോവിശ്വാസത്തോടുകൂടി ആത്മാവിനേ വേറേ കല്പിപ്പൂ.

ഇങ്ങനെ ഏഴ് ഈശ്വരന്മാരുടേയും പൂജാവിധിയേ പറഞ്ഞതിന്റെ താൽപര്യാർത്ഥങ്ങൾ ഒക്കെയും 'വിവരണ'ത്തിൽ നോക്കി അറിഞ്ഞു കൊള്ളൂ.

അനന്തരം ഉത്സവത്തുങ്കൽ സവനപൂജയ്ക്കുള്ള ദ്വാദശാക്ഷരാദിമന്ത്ര ങ്ങളുടെ പൂജാപ്രകാരത്തേ പറയുന്നു.

അഥ ദ്വാദശവർണാദിമന്ത്രാന്തരസമർച്ചനേ
ന്യാസാവരണക്ലൃപ്ത്യാദൌ ഭിദാമാത്രം പ്രദർശ്യതേ. 125

അഥ ദ്വാദശവർണാദിമന്ത്രാന്തരസമർച്ചനേ = അനന്തരം ദ്വാദശാ ക്ഷരം ഷഡക്ഷരം പ്രാസാദമന്ത്രം പഞ്ചബ്രഹ്മം ഈ മന്ത്രങ്ങളുടെ പൂജ യിങ്കൽ, ന്യാസാവരണക്ലൃപ്ത്യാദൌ ഭിദാമാത്രം പ്രദർശ്യതേ = അക്ഷര ന്യാസത്തുങ്കലേയും പരിവാരങ്ങളുടേയും ധ്യാനത്തുങ്കലും ഭേദമുള്ളതിനേ

Shripuram Publications
www.shripuram.org

മാത്രം പറയപ്പെടുന്നു.(?)

അംഗുഷ്ഠാദിതലാന്തമർക്കലിപിവർണ്ണാൻ ഷട് കരേ ദക്ഷിണേ
ഷഡ്വാമേഽപി കനിഷ്ഠികാദിതലനിഷ്ഠം സർഗക്ലൃപ്ത്യാ തതഃ
വിന്യസ്യേദ്ദ്വിഷഡംഗകാന്യപിതഥാ പഞ്ചാംഗകാനിദ്വയോ-
രംഗുഷ്ഠാദികമംഗുലീഷു യുഗപത് പ്രോക്തേതി ദോർഭാവനാ. 126

അർക്കലിപിവർണാൻ = പ്രണവപുടിതമായി നമോന്തമായിരിക്കുന്ന ദ്വദശാക്ഷരമന്ത്രത്തിന്റെ അക്ഷരങ്ങളേ, ദക്ഷിണേകരേ അംഗുഷ്ഠാദി തലാന്തം ഷട് വാമേ കനിഷ്ഠികാദിതലനിഷ്ഠം ഷട് = വലത്തേ കൈയിന്മേൽ വലിയ വിരലു തുടങ്ങി വിരലുകൾ അഞ്ചിലും അകത്തുമായി ആറ് അക്ഷരങ്ങളേയും, ഇടത്തു കൈയിന്മേൽ ചെറിയ വിരലു തുടങ്ങി വിരലുകൾ അഞ്ചിലും അകത്തുമായി ആറു അക്ഷരങ്ങളേയും, സർഗക്ലൃപ്ത്യാ തതഃ ച = സൃഷ്ടിക്രമം ഇങ്ങനെ പന്ത്രണ്ടും ന്യസിച്ചാൽ അതുങ്കൽനിന്ന് സ്ഥിതിസംഹാരാദികളേ ഊഹിച്ചു ന്യസിപ്പൂ. തഥാ ദ്വിഷഡംഗകാനി = അപ്രകാരം സൃഷ്ടിപോലെ ദ്വാദശാംഗങ്ങളേയും, ദ്വയോഃ അംഗുഷ്ഠാദികം അംഗുലീഷു യുഗപത് പഞ്ചാംഗകാനി അപി വിന്യസേത് = രണ്ടു കൈയിലും അംഗുഷ്ഠാദിവിരലഞ്ചിലും ഒരുമിച്ചു പഞ്ചാംഗങ്ങളേയും ന്യസിപ്പൂ. ഇതി ദോർഭാവനാ പ്രോക്താ = ഇങ്ങനെ കരന്യാസം പറയപ്പെട്ടു.

ഹരിലിപിമനുജാക്ഷരാണി മൌലൌ
ഹരിമുഖദിക്ഷു വിലോചനദ്വയേ ച
വദനഹൃദയനാഭിഗുഹ്യജാന്വ-
ങ്ഘ്രിയുജി ച വിന്യസദുദയക്രമേണ. 127

ഹരിലിപിമനുജാക്ഷരാണി = ഹരി എന്ന് ആദിത്യൻ, ലിപി അക്ഷരം, ദ്വാദശാക്ഷരമന്ത്രത്തിന്റെ അക്ഷരങ്ങൾ, മൌലൌ = ശിരസ്സിലും, ഹരിമുഖദിക്ഷു = ഹരി ഇന്ദ്രൻ, ഇന്ദ്രാദിയായ ശിരസ്സിന്റെ നാലുദിക്കുകളിലും, വിലോചനദ്വയേ = കണ്ണുകളിലും, വദനഹൃദയനാഭി ഗുഹ്യജാന്വങ്ഘ്രിയുജി = മുഖത്തുങ്കലും ഹൃദയത്തുങ്കലും നാഭിയിങ്കലും ഗുഹ്യപ്രദേശത്തും മുട്ടുകളിലും പാദാഗ്രങ്ങളിലും, ഇതി ഉദയക്രമേണ വിന്യസതു = ഇങ്ങനെ സൃഷ്ടിക്രമേണ ന്യസിപ്പൂ. സ്ഥിതിസംഹാരാദികളെ അഷ്ടാക്ഷരത്തുങ്കൽനിന്ന് ഊഹിച്ചു ന്യസിച്ചുകൊള്ളൂ.

ധ്യാനത്തേ പറയുന്നു.

ചക്രം ച ശംഖം ച ഗദാം ച പദ്മം
ചാബിഭ്രതം ശുഭ്രതരാവഭാസം

www.shripuram.org
Shripuram Publications
www.shripuram.org

സ്഼ുരത്കിരീടാദിയഥാർഹഭൂഷം
ധ്യായേദ്ധരിം ദ്വാദശവർണരൂപം. 128

ചക്രം ച ശംഖം ച ഗദാം ച പദ്മം ച ആബിഭ്രതം = ചക്രത്തേയും ശംഖിനേയും ഗദയയേയും പത്മത്തേയും നാലു കൈകളേക്കൊണ്ടു ധരിച്ച് ഇരിക്കുമാറും, ശുഭ്രതരാവഭാസം = ഏറ്റവും വെളുത്ത നിറമായി വെളുത്ത താമരപ്പൂവിൽ ഇരിക്കുമാറും, സ്഼ുരത്കിരീടാദിയഥാർഹഭൂഷം = ശോഭിച്ചിരിക്കുന്ന കിരീടമകുടകുണ്ഡലാദിഭൂഷണങ്ങളോട്ടുകൂടി ഇരിക്കുമാറും, ദ്വാദശവർണ്ണരൂപം ഹരിം ധ്യായേത് = ദ്വാദശാക്ഷരമന്ത്രസ്വരൂപമായിരിക്കുന്ന വിഷ്ണുവിനേ ധ്യാനിപ്പൂ. ഇവിടെ ആയുധഭൂഷണങ്ങൾ അഷ്ടാക്ഷരമന്ത്രത്തിങ്കൽ പറഞ്ഞപോലെ.

ജിതാദിനാ പ്രോക്തവദർഘ്യകാദ്യം
ദത്ത്വാഽർച്ചയിത്വാ പരിവാരയാഗേ
പൂർവാദിതോംഽഗാനി ദലേഷു ശേഷം
ഗരുത്മദാദ്യം പ്രയജേദ്യഥോക്തം. 129

ജിതാദിനാ പ്രോക്തവദ് അർഘ്യകാദ്യം ദത്ത്വാ = ജിതന്തേ ഇത്യാദി ഉപചാരമന്ത്രം ജപിച്ച് പറഞ്ഞ ക്രമേണ അർഘ്യാദികളായ ഉപഹാരങ്ങളെ കൊടുത്താൽ, പരിവാരയാഗേ പൂർവാദിതഃ ദലേഷു അംഗാനി = പരിവാരപൂജയിങ്കൽ പ്രണവോപചാരമൂലമൂലാക്ഷരാംഗായുധഭൂഷണാന്തത്തിങ്കൽ കിഴക്കു തുടങ്ങി പന്ത്രണ്ടു ദിക്കുകളിൽ ദ്വാദശാംഗങ്ങളേ പൂജിച്ചു, ശേഷം ഗരുത്മദാദ്യം യഥോക്തം പ്രയജേത് = പിന്നെ വൈനതേയായ നമഃ ഇത്യാദി നിർമ്മാല്യധാര്യന്തം പറഞ്ഞപോലെ പൂജിപ്പൂ. ഇവിടെയും ദ്വാദശാംഗം കഴിഞ്ഞാൽ പഞ്ചാംഗങ്ങൾ കൂടി വേണം. ഇങ്ങനെ ദ്വാദശാക്ഷരമന്ത്രത്തിങ്കലേ പൂജാഭേദങ്ങൾ.

ഇനി ഷഡക്ഷരത്തിങ്കലേ പൂജയേ പറയുന്നു.

അംഗുഷ്ഠാദിതലാന്തിമം ന്യസതു ഷഡ്വർണാൻ കരേ ദക്ഷിണേ
വാമേ ചാപി തഥാംഗകാന്യപി മനൗ ഷഡ്വർണകേ ശാർങ്ഗിണി
ഷഡ്വർണാന്യഥ മൗലിഫാലഹൃദയേ നാഭ്യൂരുപാദദ്വയേ
സൃഷ്ട്യൗ സ്യാദിതരദ്വയേ തദ്ബുപപത്ത്യാംഗാന്യപി സ്വാസ്പദേ. 130

ശാർങ്ഗിണി ഷഡ്വർണകേ മനൗ = വിഷ്ണുവിങ്കൽ ഷഡക്ഷരവിധാനമായ പൂജയിങ്കൽ, ദക്ഷിണേവാമേ ച കരേ അംഗുഷ്ഠാദിതലാന്തിമം ഷഡ്വർണാൻ = വലത്തു കൈയിന്മേലും ഇടത്തു കൈയിന്മേലും ഒരുമിച്ച് പെരുവിരൽ തുടങ്ങി അഞ്ചിലും അകത്തും ആയിട്ട് അക്ഷരങ്ങളെ

Shripuram Publications
www.shripuram.org

ആറിനേയും, തഥാ അംഗകാനി അപി = അപ്രകാരം അംഗങ്ങളേയും ന്യസിപ്പൂ. അഥ ഷഡ്വർണ്ണാനി സൃഷ്ട്യൌ = പിന്നെ ഷഡക്ഷരങ്ങളെ ദേഹത്തുങ്കൽ ന്യസിക്കുമ്പോൾ സൃഷ്ടിയിങ്കൽ, മൌലിഫാലഹൃദയേ നാഭ്യൂരുപാദദ്വയേ സ്യാത് = ശിരസ്സിങ്കലും നെറ്റിയിങ്കലും ഹൃദയത്തുങ്കലും നാഭിയിങ്കലും തുടകളിലും പാദാഗ്രങ്ങളിലും ഭവിക്കും. ഇതര ദ്വയേതദ്വപത്ത്യാ സ്വാസ്പദേ അംഗാനി അപി = സ്ഥിതിസംഹാരങ്ങളേ അതിന്റെ യുക്തിപോലെയും അംഗുഷ്ഠാദിതലാന്തം സ്വസ്ഥാനങ്ങളിൽ അംഗങ്ങളേയും, ന്യസതു = ന്യസിപ്പൂ.

ശംഖം സചക്രം സഗദം സപദ്മം
ശാർങ്ഗം സഖഡ്ഗം സശരം സഖേടം
ശ്യാമഃ ഷഡാത്മാ/ഷ്ടഭുജൈർദധാനോ
ജിനാർണതോ/ർഘ്യാദ്യുപഹൃത്യ പൂജ്യഃ. 131

ഷഡാത്മം = ഷഡക്ഷരസ്വരൂപനായിരിക്കുന്ന വിഷ്ണു, ശ്യാമഃ = പച്ചനിറമായും, ശംഖം സചക്രം സഗദം സപദ്മം ശാർങ്ഗം സഖഡ്ഗം സശരം സഖേടം അഷ്ടഭുജൈഃ ദധാനഃ = ശംഖിനേയും ചക്രത്തേയും ഗദയേയും പത്മത്തേയും വില്ലിനേയും വാളിനേയും ശരത്തേയും പരിശയേയും ഇങ്ങനെ എട്ടു കൈകളേക്കൊണ്ടു ധരിച്ച് ഇരിക്കുമാറും, കിരീടാദി ആഭരണങ്ങളോടും കൂടി ന്യസിപ്പൂ. ജിനാർണതഃ അർഘ്യാദി ഉപഹൃത്യ പൂജ്യഃ = ഗായത്രികൊണ്ടു അർഘ്യാദി ഉപഹാരങ്ങളേക്കൊടുത്തു പൂജിപ്പൂ.

വർമ്മാന്താനി വൃഷാദിദിക്ഷു വിദിശാസ്വഗ്ന്യാദിതോ/സ്ത്രം പുരോ-
/ക്ഷ്യന്തം ദിക്ഷു വിദിക്ഷു ച ക്രമവശാന്മൂർത്തീശ്ച ശക്തീരപി
ശംഖാദീനി ദിശാസു കാർമ്മുകമുഖാന്യസ്ത്രാണി കോണേഷു ത-
സ്യാഗ്രേ താർക്ഷ്യമഥോ യഥാവിധി യജേദിന്ദ്രാദിവജ്രാദികം. 132

മൂർത്തിപൂജയിങ്കൽ പ്രണവോപചാരമൂലമൂലാക്ഷരാംഗായുധഭൂഷണാന്തം പൂജിച്ചാൽ, വൃഷാദിദിക്ഷു വർമ്മാന്താനി = ഇന്ദ്രാദി നാലുദിക്കുകളിൽ ഹൃദയാദികവചാന്തങ്ങളേയും, അഗ്ന്യാദിതഃ വിദിശാസു അസ്ത്രം = അഗ്ന്യാദികോണു നാലിലും തദസ്ത്രത്തേയും, പുരഃ അക്ഷ്യന്തം, മുമ്പിൽ ഒടുക്കം നേത്രത്തേയും ഇങ്ങനെ അംഗാവരണം പൂജിച്ച്, ദിക്ഷു മൂർത്തീഃ വിദിക്ഷു ശക്തീഃ അപി = പിന്നെ ദിക്കു നാലിൽ വാസുദേവാദി മൂർത്തികളേയും കോണുകളിൽ ശാന്ത്യാദി നാലു ശക്തികളേയും പൂജിച്ച്, ദിശാസു ശംഖാദീനി കോണേഷു കാർമ്മുകമുഖാനി അസ്ത്രാണി = പിന്നെയും ദിക്കുകളിൽ ശംഖാദി നാലു ആയുധങ്ങളേയും കോണുകളിൽ ചാപാദി

www.shripuram.org
Shripuram Publications
www.shripuram.org

നാല് ആയുധങ്ങളേയും, തസ്യ അഗ്രേ താർക്ഷ്യം = ദേവന്റെ മുമ്പിൽ വൈനതേയായ നമഃ എന്ന ഗരുഡനേയും പൂജിച്ച്, അഥോ ഇന്ദ്രാദിവ ജ്രാദികം യഥാവിധി യജേത് = പിന്നെ ഇന്ദ്രാദി പത്തിനേയും വജ്രാദി പത്തിനേയും യഥോക്തപ്രകാരം പൂജിച്ച് നിർമ്മാല്യധാരിയേയും പൂജി പ്പൂ.

വിലോമാഷ്ടമവർഗാർണൈർവാസുദേവോ വിബിന്ദുഭിഃ
സങ്കർഷണശ്ച പ്രദ്യുമ്നശ്ചാനിരുദ്ധശ്ച മൂർത്തയഃ. 133

ദ്രാഘിതൈർഹാദിശാന്താർണൈശ്ശാന്തിഃ ശ്രീശ്ച സരസ്വതീ
രതിശ്ച സലവൈർയുക്താശ്ചതസ്രോ മൂർത്തിശക്തയഃ. 134

വിലോമാഷ്ടമവർഗാർണൈഃ = പ്രതിലോമമായിരിക്കുന്ന എട്ടാമ ത്തേ വർഗ്ഗമാകുന്ന സ്വരങ്ങളിലേ അ ആ അം അഃ ഈ നാല് അക്ഷര ങ്ങൾ, വിബിന്ദുഭിഃ = അനുസ്വാരം കൂടാതെ ബീജങ്ങളോടു കൂടി, വാസു ദേവഃ സങ്കർഷണഃ പ്രദ്യുമ്നഃ അനിരുദ്ധഃ ച മൂർത്തയഃ = അ വാസുദേവായ നമഃ, ആ സങ്കർഷണായ നമഃ, അം പ്രദ്യുമ്നായ നമഃ, അഃ അനിരുദ്ധായ നമഃ, ഇങ്ങനെ ദിക്കുകളിലേ മൂർത്തിമന്ത്രങ്ങൾ, ദ്രാഘിതൈഃ ഹാദിശാ ന്താർണ്ണൈഃ = ദീർഘയുക്തങ്ങളായ ഹസഷശ ഈ അക്ഷരങ്ങളോട്, സലവൈഃ യുക്താഃ = അനുസ്വാരയുക്തങ്ങളായിട്ട്, ശാന്തിഃ ശ്രീഃ സരസ്വ തീ രതിഃ ച ചതസ്രഃ മൂർത്തിശക്തയഃ = ഹാം ശാന്ത്യൈ നമഃ, സാം ശ്രിയൈ നമഃ, ഷാം സരസ്വത്യൈ നമഃ, ശാം രത്യൈ നമഃ, ഇങ്ങനെ കോണുകളിലേ മൂർത്തികളുടെ ശക്തിമന്ത്രങ്ങൾ.

സ്വാദ്യർണബീജൈഃ സഹ *ശംഖചക്ര-
പദ്മം ഗദാശാർങ്ഗസഖേടഖഡ്ഗാഃ
ശരോ രലാഭ്യാമരിപദ്മമിന്ദ്ര-
വജ്രാദികം വർഗമുഖദ്വിതീയൈഃ. 135

സ്വാദ്യർണബീജൈഃ സഹ = തന്റെ ആദ്യക്ഷരമായ ബീജങ്ങളോ ടുകൂടി, ശംഖചക്രപദ്മം ഗദാശാർങ്ഗസഖേടഖഡ്ഗാഃ ശരഃ ച = ശം ശംഖായ നമഃ, രലാഭ്യാം അരി പദ്മം = രം ബീജയുക്തമായിട്ടു ചക്രവും ലം ബീജയുക്തമായി പത്മവും, രം ചക്രായ നമഃ, ലം പദ്മായ നമഃ, ഗം ഗദായൈ നമഃ, ശം ശാർങ്ഗായ നമഃ, ഖം ഖേടായ നമഃ, ഖം ഖഡ്ഗായ നമഃ, ശം ശരായ നമഃ, വർഗമുഖദ്വിതീയൈഃ ഇന്ദ്രവജ്രാദികം അം കം ചം ടം തം പം യം ശം ഈ വർഗങ്ങളിലെ ആദ്യക്ഷരം ബീജമായി ഇ ന്ദ്രാദി എട്ടിനേയും, ആം ഖം ഛം ഠം ഥം ഫം രം ഷം ഈ വർഗ്ഗങ്ങളിലേ

www.shripuram.org
Shripuram Publications
www.shripuram.org

രണ്ടാമത്തേ അക്ഷരങ്ങൾ ബീജങ്ങളായി വജ്രാദി എട്ടിനേയും പൂജിപ്പൂ. ഇങ്ങനെ ഷഡക്ഷരപൂജയിങ്കലേ വിധിയേപ്പറയുന്നു.

ഇനി പ്രാസാദമന്ത്രത്തിന്റെ പൂജയെപ്പറയുന്നു.

പ്രാസാദമന്ത്രേ *കരയോഃ പ്രധാന-
തരജാദിക്ലൃപ്ത്യാ ന്യസനം കരോതു
ഈശാനമൂർദ്ധപ്രമുഖക്രമേണ
തത്സൂത്രവക്ത്രന്യസനം തനൌ ച. 136

പ്രാസാദമന്ത്രേ = ശിവങ്കൽ പ്രാസാദമന്ത്രത്തിന്റെ പൂജയിങ്കൽ, കരയോഃ പ്രധാനതർജ്ജാദി ക്ലൃപത്യാന്യസനം = കരങ്ങളിൽ നം ഈശാനാംഗുഷ്ഠാഭ്യാം നമഃ, മം തത്പുരുഷതർജനിഭ്യാം നമഃ, ഇങ്ങനെ ക്രമമായിട്ടും ന്യസിക്കുകയും, തനൌ ഈശാനമൂർദ്ധപ്രമുഖക്രമേണ തത്സൂത്രവക്ത്രന്യസനം ച കരോതു = ശരീരത്തുങ്കൽ നം ഈശാനമൂർദ്ധ്നേ നമഃ, മം തത്പുരുഷവക്ത്രായ നമഃ, ഇത്യാദി സൂത്രന്യാസത്തേയും നം ഈശാനായോർദ്ധ്വവക്ത്രായ നമഃ, ഇത്യാദി വക്ത്രന്യാസത്തേയും ചെയ്വൂ.

ധ്യാനത്തേ പറയുന്നു.

ശൂലാഹി ടങ്കഘണ്ടാസിസൃണികുലിശപാശാഗ്ന്യഭീതീശ്ച ദോർഭി-
ർബിഭ്രാണം ദേവദേവം ദശഭിരഥ ചതുർഭിസ്തു വാ ദക്ഷിണാദ്യൈഃ
രുദ്രാക്ഷസ്രക്കപാലേ ത്രിശിഖമപി സഖട്വാംഗകം ചാധ ഊർദ്ധ്വം
ധ്യായേത് പ്രാസാദരൂപം സ്ഫടികമണിനിഭം പദ്മസംസ്ഥം പ്രസന്നം.
137

ദശഭിഃ ദോർഭിഃ = പത്തു കൈകളേക്കൊണ്ട്, ശൂലാഹീടങ്കഘണ്ടാസിസൃണികുലിശപാശാഗ്ന്യഭീതീഃ ച ബിഭ്രാണം = ശൂലത്തേയും സർപ്പത്തേയും പരശുവിനേയും മണിയേയും ഖഡ്ഗത്തേയും തോട്ടിയേയും വജ്രത്തേയും പാശത്തേയും അഗ്നിയേയും അഭയത്തേയും ഇങ്ങനെ പത്തു ആയുധങ്ങളേ ധരിച്ച് ഇരിക്കുമാറും, അഥവാ ദക്ഷിണാദ്യൈഃ ചതുർഭിഃ ദോഭിഃ രുദ്രാക്ഷസ്രക്കപാലേ അധഃ ത്രിശിഖം സഖട്വാംഗകം ച ഊർദ്ധ്വം ബിഭ്രാണം = എന്നിയേ വലത്തു ഭാഗത്തു മുമ്പായി നാലു കൈകളേക്കൊണ്ട് രുദ്രാക്ഷമാലയേയും കപാലത്തേയും ചുവട്ടിൽ രണ്ടിലും ശൂലത്തേയും കട്ടുത്തുടിയേയും മുകളിൽ രണ്ടിലും ധരിച്ചിരിക്കുമാറും, സ്ഫടികമണിനിഭം പദ്മസംസ്ഥം പ്രസന്നം = സ്ഫടികരത്നംപോലെ വെളുത്ത നിറമായും താമരപ്പൂവിൽ സുസ്ഥിതനായും പ്രസന്നമുഖനായും, പ്രാസാദ

* 'ശങ്ഖചക്രപദ്മംഗദാ ശാർങ്ഗസഖേടഖഡ്ഗൌ' എന്നു മുദ്രിത തന്ത്രസമുച്ചയപാഠം.

www.shripuram.org
Shripuram Publications
www.shripuram.org

രൂപം ദേവദേവം ധ്യായേത് = പ്രസാദമൂർത്തിയാകുന്ന പരമേശ്വരനേ ധ്യാനിപ്പൂ. ത്രിശൂലായ നമഃ, സർപ്പായ നമഃ, പരശവേ നമഃ, ഘണ്ടായൈ നമഃ, ഖഡ്ഗായ നമഃ, അങ്കുശായ നമഃ, വജ്രായ നമഃ, പാശായ നമഃ, അഗ്നയേ നമഃ, അഭയായ നമഃ, ഇങ്ങനെ പത്തു കൈയാകുമ്പഴത്തേ ആയുധങ്ങൾ. അക്ഷമാലായൈ നമഃ, കപാലായ നമഃ, ത്രിശൂലായ നമഃ, ഖട്വാംഗായ നമഃ ഇതു നാലു കൈയാകുമ്പളത്തേ ആയുധങ്ങൾ ഭൂഷണം മുമ്പിലേപ്പോലെ.

ഈശാദിസൂത്രവദനാദികവിഗ്രഹേജ്യാം
കൃത്വാ//പ്യസൌമ്യയമവാസവധാതൃദിക്സ്ഥൈഃ

സദ്യാദിഭിഃ പ്രഭിദുരാം പരിവാരപൂജാം
പഞ്ചാക്ഷരോക്തവിധിനാ/ത്ര ച സന്തനോതു. 138

ഈശാദിസൂത്രവദനാദികവിഗ്രഹേജ്യാം കൃത്വാ = മൂർത്തി പൂജയിങ്കൽ പ്രണവോപചാരമൂലാന്തത്തുങ്കൽ ഈശാനാദിയായിരിക്കുന്ന സൂത്രവക്ത്രന്യാസങ്ങളേക്കൊണ്ടും അംഗായുധഭൂഷണങ്ങളേക്കൊണ്ടും വിഗ്രഹപൂജയേ ചെയ്താൽ പരിവാരപൂജയിങ്കൽ മൂർത്ത്യാവരണത്തുങ്കൽ, ആപ്യസൌമ്യയമവാസവധാതൃദിക്സ്ഥൈഃ സദ്യാദിഭിഃ പ്രഭിദുരാം പരിവാരപൂജാം പഞ്ചാക്ഷരോക്തവിധിനാ ച അത്ര സന്തനോതു = പടിഞ്ഞാറു സദ്യോജാതനേയും, വടക്കു വാമദേവനേയും, തെക്ക് അഘോരനേയും, കിഴക്കു തത്പുരുഷനേയും, ഈശകോണിൽ ഈശാനനേയും, ഇങ്ങനെ ഭേദമായ മൂർത്യാവരണത്തോടും അംഗാവരണാദിനിർമ്മാല്യധാര്യന്തം പഞ്ചാക്ഷരപൂജയിങ്കൽ പറഞ്ഞക്രമം പോലെയും പരിവാരങ്ങളോടുകൂടി പൂജിപ്പൂ.

പഞ്ചബ്രഹ്മത്തിന്റെ പൂജയേ പറയുന്നു.

പഞ്ചബ്രഹ്മവിധൌ സുധീഃ കരയുജീശാനാദിസൂക്താണകാ-
നംഗുഷ്ഠാദികനിഷ്ഠികാവധി തലാന്തം ഷട് തദംഗാന്യപി
ന്യസ്യേത്സൂക്തമന്ത്രൻ സസൂത്രമുഖക്ലപ്ത്യാ വിഗ്രഹേ തദ്ഭവാ-
സ്ത്രിംശത്സംഖ്യകലാസ്തഥാ/ഷ്ടസഹിതാ മന്ത്രീ തദംഗാന്യപി. 139

പഞ്ചബ്രഹ്മവിധൌ സുധീഃ = പഞ്ചബ്രഹ്മപൂജയിങ്കൽ നല്ല ബുദ്ധി കൗശലത്തോടു കൂടിയിരിക്കുന്ന ആചാര്യൻ, കരയുജിഅംഗുഷ്ഠാദികനിഷ്ഠികാവധി ഈശാദിസൂക്താണകാൻ = രണ്ടു കൈകളിലും ഒരുമിച്ച

Shripuram Publications

* 'കരയോരഥേശാംഗുഷ്ഠാദിക്ലപ്ത്യാ' എന്നു മുദ്രിതപാഠം.

www.shripuram.org

അംഗുഷ്ഠം തുടങ്ങി കനിഷ്ഠികാവസാനമായിരിക്കുന്ന വിരലുകൾ അഞ്ചിലും ഈശാനാദിയായിരിക്കുന്ന പഞ്ചബ്രഹ്മസൂക്തത്തിന്റെ അഞ്ചു മന്ത്രങ്ങളേ ന്യസിച്ച്, തലാന്തം തദംഗാനി ഷട് അപി = അംഗുഷ്ഠാദി തലാന്തമായി പഞ്ചബ്രഹ്മത്തിന്റെ അംഗങ്ങളെ ആറിനേയും ന്യസിപ്പൂ. വിഗ്രഹേ സസൂത്രമുഖക്ലൃപ്ത്യാ സൂകതമന്തൻ = ശരീരത്തുങ്കൽ ശിരോവദനഹൃദയഗുഹ്യപാദങ്ങളിൽ സൂത്രന്യാസത്തേയും ഊർദ്ധ്വപ്രാഗ്വാമ്യോത്തരപശ്ചിമസ്ഥലങ്ങളായ മുഖങ്ങളിൽ വക്ത്രന്യാസത്തേയും പഞ്ചബ്രഹ്മസൂക്തങ്ങളേയും ക്രമേണ ന്യസിച്ച്, മന്ത്രീ അഷ്ടസഹിതാഃ ത്രിംശത് സംഖ്യകലാഃ = അഷ്ടത്രിംശത്കലകളേയും തന്ന്യാസപ്രകാരത്തേയും അറിഞ്ഞിരിക്കുന്ന ഗുരു സൂത്രവക്ത്രന്യാസാനന്തരം ശശിന്യാദികളായ അഷ്ടത്രിംശത് കലകളേയും അതതു സ്ഥാനങ്ങളിൽ ന്യസിച്ച്, തദംഗാനി അപി ന്യസ്യേത് = പഞ്ചബ്രഹ്മത്തിന്റെ സർവജ്ഞായേത്യാദി അംഗങ്ങളേയും ന്യസിപ്പൂ.

പ്രാഗ്വത് പ്രാർച്ചിതപീഠകേ സമഭിവാഹ്യേശാദിസൂക്താണ്ഭിഃ
സദ്യാദ്യൈരഭിവാഹനാപ്രഭൃതിതന്മുദ്രാശ്ച കൃത്വാ ക്രമാത്
ദേവംഗേനം ഭാവയതു പ്രക്ളൃപ്തതദണ്ണന്യാസേന സാംഗീകൃതം
സാക്ഷസ്രുക്സകപാലശൂലവിലസത്ഖട്വാംഗരാജദ്ഭുജം. 140

പ്രാഗ്വത് പ്രാർച്ചിതപീഠകേ ഈശാദിസൂക്താണ്ഭിഃ സമഭിവാഹ്യ = മുമ്പിൽ പഞ്ചാക്ഷരത്തുങ്കൽ പറഞ്ഞിരിക്കുന്നപോലെ പീഠപൂജയേ ചെയ്തു പ്രണവോപചാരവും ഈശാനാദി പഞ്ചബ്രഹ്മവുംകൂടി ആവാഹിച്ച്, സദ്യാദ്യൈഃ അഭിവാഹനാ പ്രഭൃതിതന്മുദ്രാം ച ക്രമാത് കൃത്വാ = സദ്യോജാതാദി അഞ്ചും കൂട്ടീട്ട് ആവാഹിതോ ഭവ ഇത്യാദി മുദ്രകളേ അഞ്ചിനേയും കാട്ടിയാൽ പ്രാക്ക്ളൃപ്തതദണ്ണന്യാസേന സാംഗീകൃതം തം ദേവം = ലിപിയും തത്ത്വവും ഈശാനാദി അഞ്ചുകൊണ്ടും സൂത്രവക്ത്രന്യാസവും അംഗന്യാസവും അഷ്ടത്രിംശത് കലാന്യാസവും ചെയ്ത് സകളീകരിച്ച് ഇരിക്കുന്ന ആ ദേവനേ, സാക്ഷസ്രുക്സകപാലശൂലവിലസത്ഖട്വാംഗരാജദ്ഭുജം ഭാവയതു = രുദ്രാക്ഷമാലയും കപാലവും ശൂലവും കട്ടുത്തടിയും ഈ നാല് ആയുധങ്ങളേക്കൊണ്ടു ശോഭിച്ചിരിക്കുന്ന നാലു തൃക്കൈകളോടുംകൂടി ഇരിക്കുമാറും ധ്യാനിപ്പൂ. അക്ഷമാലായൈ നമഃ, കപാലായ നമഃ, ത്രിശൂലായ നമഃ, ഖട്വാംഗായ നമഃ, ഇതു നാലും ആയുധമന്ത്രങ്ങൾ.

ഈശാനോപഹൃതീഃ പ്രദായ മപരേണ സ്ഥാണസംജ്ഞാണനാ-
/ഥേശാനാദികപഞ്ചസൂക്തമനഭിസ്തത്സൂത്രവക്ത്രാദിഭിഃ
കൃത്വാ വിഗ്രഹപൂജനം പരിവൃതാവീശാദിസൂക്തൈര്യജേത്

www.shripuram.org
Shripuram Publications
www.shripuram.org

സ്വസ്വാശാധിഗതൈസ്തദംഗമനുഭിർവിദ്യേശ്വരാദ്യൈരപി. 151

ഈശേന ഉപഹൃതീഃ പ്രദായ = ഈശാനനേക്കൊണ്ടു പാദ്യാദികളായ ഉപഹാരങ്ങളേക്കൊടുത്ത്, മപരേണ സ്ഥാണുസംജ്ഞാണുനാ ഈശാനാദികപഞ്ചസൂക്തമനുഭിഃ തൽസൂത്രവക്ത്രാദിഭിഃ വിഗ്രഹപൂജനം കൃത്വാ = പ്രണവംകൊണ്ടും ഉപചാരംകൊണ്ടും ഈശാനാദി അഞ്ചു മൂലമന്ത്രംകൊണ്ടും ആ പഞ്ചബ്രഹ്മത്തേ സൂത്രവക്ത്രന്യാസപ്രകാരേണയും അംഗായുധങ്ങളേക്കൊണ്ടും വിഗ്രഹപൂജയേച്ചെയ്ത്, പരിവൃതൌ സ്വസ്വാശാധിഗതൈഃ ഈശാദിസൂക്താണുഭിഃ തദംഗമനുഭിഃ വിദ്യേശ്വരാദ്യൈഃ അപി യജേത് = പരിവാരപൂജയിങ്കൽ തന്റെ തന്റെ ദിക്കുകളിൽ ഈശാനാദിസൂക്തങ്ങളേക്കൊണ്ടു മൂർത്ത്യാവരണത്തേയും തദംഗാവരണത്തേയും അനന്താദിവിദ്യേശ്വരമന്ത്രംകൊണ്ടും ഉമായൈ നമഃ ഇത്യാദി എട്ടുകൊണ്ടും ഇന്ദ്രാദിവജ്രാദിനിർമ്മാല്യധാര്യന്തം മുമ്പിലത്തേപ്പോലെയും പരിവാരങ്ങളോടുകൂടി പൂജിപ്പൂ.

ഇതി തന്ത്രസമുച്ചയേ ശ്രുതാർച്ചാ-
ക്രമസിദ്ധ്യൈ രവിജന്മസമ്പ്രണീതേ
പടലഃ പ്രതിപാദിതാത്മദേവാ-
ർച്ചനകർമ്മാപി ച സപ്തമഃ സമാപ്തഃ 152

ഇതി രവിജന്മസംപ്രണീതേ തന്ത്രസമുച്ചയേ = ഇപ്രകാരം രവി എന്ന പേരോടുകൂടിയ പിതാവിന്റെ പുത്രനായ നാരായണനാൽ നിർമ്മിതമായിരിക്കുന്ന തന്ത്രസമുച്ചയത്തുങ്കൽ, ശ്രുതാർച്ചാക്രമസിദ്ധ്യൈ = അറിഞ്ഞിരിക്കുന്ന ഏഴു ദേവന്മാരുടേയും പൂജാക്രമത്തേ അറിവിനായിക്കൊണ്ട്, പ്രതിപാദിതാത്മദേവാർച്ചനകർമ്മാ = ഉക്തമായിരിക്കുന്ന ആത്മാരാധനയോടും ദേവാരാധനയോടുംകൂടി സപ്തമഃ പടലഃ സമാപ്തഃ = ഏഴാമത്തെ പടലം സമാപ്തമായി.

സപ്തമഃ പടലഃ സമാപ്തഃ

www.shripuram.org

Shripuram Publications
www.shripuram.org